# ഗിരിനാദം

തിരുവല്ല അതിഭദ്രാസന ബുള്ളറ്റിൽ


വാല്യം 23 | ലക്കം 1

2020 ജൂലൈ - സെപ്റ്റംബർ




## പരിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ



## ആഗസ്റ്റ് 15

**മെത്രാഭിഷേക വാർഷികം**
**ആഘോഷിക്കുന്ന**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ**
**ക്ലീമീസ് കാതോലിക്കാ ബാവാ തിരുമേനിക്ക്**
**അതിഭദ്രാസന കുടുംബത്തിന്റെ**
**പ്രാർത്ഥനാശംസകൾ**



## ജൂലൈ 17

**മെത്രാഭിഷേക വാർഷികം**
**ആഘോഷിക്കുന്ന**
**അതിഭദ്രാസനാദ്ധ്യക്ഷൻ**
**അഭിവന്ദ്യ ഡോ. തോമസ്**
**മാർ കൂറിലോസ് പിതാവിന്**
**അതിഭദ്രാസന കുടുംബത്തിന്റെ**
**പ്രാർത്ഥനാശംസകൾ**

# ഗിരിനാദം

## തിരുവല്ല അതിഭദ്രാസനം

സ്ഥാപിതം : ജൂൺ 11 1932

വാല്യം 23 | ലക്കം 1 | മാസം 2020 ജൂലൈ – സെപ്റ്റംബർ

## താളുകളിൽ...

പേജ്


- ഇടയ ലേഖനം & സർക്കുലർ ........ 3-50
- ഭാരത - കേരള സഭ വാർത്തകൾ ........ 51-56
- മലങ്കര കത്തോലിക്കാ സഭ വാർത്തകൾ ........ 57-58
- അതിഭദ്രാസന വാർത്തകൾ ........ 58-63
- മൈനർ സെമിനാരി ........ 63-64
- മതബോധന കാര്യാലയം ........ 64-66
- ഫാമിലി അപ്പസ്തോലേറ്റ് ........ 66-67
- ബൈബിൾ അപ്പസ്തോലേറ്റ് ........ 67
- എം.സി.വൈ.എം. ........ 68-70
- എം.സി.എ. ........ 70
- സുവിശേഷസംഘം ........ 70-71
- സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി ........ 71-72
- സാമൂഹ്യക്ഷേമ പ്രവർത്തനം ........ 72-75
- ആതുര ശുശ്രൂഷ രംഗം ........ 75-77
- വിദ്യാലയ പ്രേഷിത വേദി ........ 77-81
- അറിയിപ്പുകൾ ........ 82-84



**PATRON**
**Most Rev. Dr. Thomas Mar Koorilos**

**CHIEF EDITOR**
**Rev. Dr. Cherian Kottayil**
Chancellor
Mob. 9605536290

**Editor**
**Fr. Stanly Thenguvelil**
Mob: 9744210075

**Published by**
The Chancellor,
Catholic Archbishop's House,
Tiruvalla.

**Printed at**
St. Joseph's Offset Printing Press,Tiruvalla. Ph0469 2602936
E-mail :mgirinadam@gmail.com

— — — — — — — — — — — — —

# SYRO MALANKARA CATHOLIC CHURCH
## ARCHDIOCESE OF TIRUVALLA

**Most. Rev.Dr. Thomas Mar Koorilos**
Metropolitan Archbishop

**Catholic Archbishop's House, Marygiri**
P.B.No.4, Tiruvalla - 689101 Tiruvalla

**Circular No. 1/ 2020**

06.02.2020

ബഹു. ജനറാളച്ചന്മാരേ, കോർഎപ്പിസ്ക്കോപ്പാമാരേ, വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരങ്ങളേ!

1. **വലിയനോമ്പ് :**

ദൈവകൃപയുടെ ദിനങ്ങളായ നോമ്പിനെ നമുക്ക് തീഷ്ണതയോടെ സമീപിക്കാം. നോമ്പ് അതിൽ തന്നെ വിശിഷ്ടമാണ്, ശാരീരികവും മാനസീകവും ആത്മീകവുമായ നന്മകൾ പകരാൻ കഴിവുള്ളതാണ്. അത് പൂർണ്ണമായ പശ്ചാത്താപത്തിലേക്കും പുണ്യജീവിതത്തിലേക്കുമുള്ള കവാടമാണ്. ഇന്ദ്രിയങ്ങളുടെ താല്പര്യവും ശ്രദ്ധയും പൊതുവെ ലോകകാര്യങ്ങളിൽ ആണ്. എന്നാൽ, അവയെ ദൈവീകമായി ഉയർത്തുക എന്നതാണ് ആത്മീക ജീവിതത്തിന്റെ ലക്ഷ്യം. വർത്തമാനകാലത്തിന്റെ ഏറ്റം വലിയ ഒരു പ്രത്യേകത സമയമില്ല എന്നുള്ളതാണ്. തിരക്കും, സമ്മർദ്ദങ്ങളും, പിരിമുറക്കവും സാമാന്യജീവിതത്തിന്റെ ഭാഗമായിരിക്കുന്നു. വിശ്രമവും സ്വസ്ഥതയും കൈമോശം വന്നിരിക്കുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ ഫലം ഏറെ നിഷേധാത്മകമായി സ്വാധീനിച്ചിരിക്കുന്നത് മനുഷ്യന്റെ സ്വസ്ഥതയെയും സമാധാനത്തെയും ആണ്. അതുകൊണ്ട് ജീവിതത്തെ സ്വസ്ഥമാക്കാൻ ഈ നോമ്പുകാലത്ത് പ്രത്യേകം ശ്രദ്ധിക്കാം.

ഈ നോമ്പുകാലം നമുക്കു ദൈവത്തിന്റെ സന്നിധിയിൽ ഇരുന്ന് അവിടുത്തെ മാധുര്യം ആസ്വദിക്കാനും അവിടുത്തെ ഹിതം ആരായാനും ശ്രമിക്കാം (സങ്കീ. 27/4). ദൈവഹിതം അറിയുന്നതിനുള്ള സവിശേഷമായ പശ്ചാത്തലം നോമ്പുനൽകുന്നുണ്ട്. നാം ഉപവസിക്കേണ്ടത് ഭക്ഷണത്തിൽ നിന്നുമാത്രമല്ല മറിച്ച്, അസ്വസ്ഥതപ്പെടുത്തുന്ന കാര്യങ്ങളെ ഒഴിവാക്കി ദൈവസാന്നിദ്ധ്യം അനുഭവിക്കുക. ഉപവസിക്കേണ്ടത് ആധുനിക സാമൂഹിക മാദ്ധ്യമങ്ങളിൽ നിന്നാണ്. മയക്കുമരുന്നിന്റെ ഉപയോഗം സമൂഹത്തിൽ ഏറെ വ്യാപകമായിക്കൊണ്ടിരിക്കുന്നു. ലഹരിക്കടിപ്പെട്ട് എത്രജീവിതങ്ങളാണ് അകാലങ്ങളിൽ പൊലിഞ്ഞുപോയിട്ടുള്ളത്. ജീവനും ജീവിതവും നൽകിയ ദൈവത്തിനു നന്ദി അർപ്പിച്ചു ജീവിക്കുവാൻ ഈ നോമ്പുകാലം നമ്മെ ക്ഷണിക്കുന്നു.

— — — — — — — — — — — —

**2. വൈദികരുടെ നോമ്പുകാലധ്യാനം :**

നോമ്പുകാലത്തിൽ വൈദികർക്കുള്ള ധ്യാനം ഈ വർഷത്തെ ഒരു പ്രത്യേക സാഹചര്യത്തിൽ **മാർച്ച് 15, 16** (ഞായർ, തിങ്കൾ) തീയതികളിൽ നടത്തപ്പെടുകയാണ്. ഇന്നത്തെ ചിന്താവിഷയം എന്ന പംക്തിയിലൂടെ കേരളജനതയുടെ മനസ്സും ഹൃദയവും കവർന്നെടുത്ത **ബഹു. റ്റി.ജെ. ജോഷ്വാ അച്ചനാണ്** ധ്യാനം നയിക്കുക. ക്യാൻസർ എന്ന മഹാരോഗത്തെ അതിജീവിച്ച് തന്റെ ജീവിതവും ജീവനും പൊന്നുതമ്പുരാന് നൽകുവാൻ എപ്പോഴും ശ്രദ്ധിക്കുന്ന ബഹു. ജോഷ്വാ അച്ചൻ മലങ്കരസഭയ്ക്കാകമാനം അഭിമാനമാണ്. തന്റെ ജീവിതം ധ്യാനമായി നയിക്കുന്ന ബഹു. ജോഷ്വാ അച്ചനെ പ്രാർത്ഥനയിൽ ഓർക്കാം. എല്ലാവരേയും ധ്യാനത്തിലേക്കു ക്ഷണിക്കുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി മാദ്ധ്യമത്തിൽ നിറഞ്ഞു നിന്നിരുന്ന സുവിശേഷകനും ഗ്രേസ് കമ്യൂണിറ്റിയുടെ പാസ്റ്ററും ആയിരുന്ന ബ്രദർ സജിത്ത് ദീർഘനാളത്തെ പ്രാർത്ഥനമൂലവും പൂവണ്ണത്തിൽ ദാനിയേലച്ചനെപ്പോലെയുള്ളവരുടെ പിന്തുണമൂലവും ഈ അടുത്തസമയത്ത് കത്തോലിക്കാ വിശ്വാസത്തിലേക്ക് കടന്നുവന്നു. അദ്ദേഹത്തിന്റെ സവിശേഷമായ ജീവിതാനുഭവം ഈ ധ്യാനത്തിന്റെ ആരംഭവേളയിൽ നമ്മോട് പങ്കുവയ്ക്കപ്പെടും. അതും നമുക്ക് ശ്രവിക്കാം. **17-ാം** തീയതി ചെവ്വാഴ്ച രാവിലെ റീജൻസി നടത്തിക്കൊണ്ടിരിക്കുന്ന വൈദിക വിദ്യാർത്ഥികൾക്ക് വൈദിക വസ്ത്രം നൽകുകയും ചെയ്യുന്നതാണ്. താല്പര്യമുള്ളവർക്ക് അതിലും സംബന്ധിക്കാവുന്നതാണ്. ധ്യാനത്തിന്റെ സമയ ക്രമീകരണങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ഈ ധ്യാനത്തിൽ എല്ലാവരും സംബന്ധിക്കണം. മാനസാന്തരാരൂപിയിൽ കർത്താവിന്റെ ഉയിർപ്പിനെ എതിരേൽക്കാൻ നമുക്ക് ഒരുങ്ങാം.

**3. റമ്പാൻ സ്ഥാനത്തേയ്ക്ക് :**

പുനഃരൈക്യത്തിന്റെ നവതിയിലേക്കു നാം പ്രവേശിച്ചിരിക്കുകയാണല്ലോ. നമ്മുടെ സഭയിൽ വിവിധ തലങ്ങളിൽ ശ്രേഷ്ഠ ശുശ്രൂഷ ചെയ്യുന്നവരായ വൈദികരുടെ സമർപ്പണവും ജീവിതത്യാഗവും നമുക്കു മറക്കാൻ സാധ്യമല്ല. ദൈവജനത്തിന്റെ മുറവിളിയുടെ മറുപടിയാണ് ഓരോ ദൈവവിളിയും. നമ്മുടെ വൈദികസഹോദരങ്ങളുടെ മഹത്തായ ശുശ്രൂഷകളെ നാം ആദരിക്കുന്നതിന്റെയും പ്രോത്സാഹിപ്പിക്കുന്നതിന്റെയും പ്രതീകമായി അവരുടെ ഒരു പ്രതിനിധി എന്ന നിലയിൽ നാളിതുവരെയുള്ള ത്യാഗപൂർണ്ണമായ ജീവിതശൈലികൊണ്ടു സഭയെ ബലപ്പെടുത്തിയ **ബഹു. ഏബ്രഹാം കരിമ്പിനാമണ്ണിൽ അച്ചനെ** റമ്പാൻ സ്ഥാന

— — — — — — — — — — — —

ത്തേയ്ക്കുയർത്തുവാൻ പരി. സുന്നഹദ്ദോസിന്റെ ആശീർവാദത്തോടെ തീരുമാനിച്ചിരിക്കുന്നു, സഭയുടെ തലവനും പിതാവുമായ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാതിരുമേനിയുടെ മഹനീയ കാർമ്മികത്വത്തിൽ **മാർച്ച് 7–ാം തീയതി രാവിലെ 6.45ന്** ആരംഭിക്കുന്ന വി. കുർബ്ബാന മദ്ധ്യേ സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് റമ്പാൻസ്ഥാനം നൽകുന്ന വിവരം സസന്തോഷം ഏവരേയും അറിയിക്കുന്നു. അച്ചന്റെ ശാരീരിക പരിമിതികളുടെ നടുവിലും പ്രശാന്തമായരീതിയിൽ അതിരൂപതയുടെ സാമ്പത്തിക കാര്യദർശി, വിവിധ ഇടവകകളിൽ വികാരി, ഇപ്പോൾ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിടത്തിലെ പ്രത്യേക കുമ്പസാരക്കാരൻ, എന്നീ നിലകളിൽ സേവനം ചെയ്യുന്നു. സഭയാകമാനമുള്ള അച്ചന്റെ ഈ അനുഗ്രഹീത ശുശ്രൂഷയെ നാം ആദരിക്കുന്നു. അച്ചന്റെ ധന്യമായ ജീവിതത്തിനു നന്ദി യർപ്പിച്ചുകൊണ്ട് ഈ ശുശ്രൂഷയിലേക്ക് ഏവരേയും ക്ഷണിക്കുന്നു.

**4. പുണ്യശ്ലോകനായ തോമസ് മാർ ദിയസ്ക്കോറോസ് പിതാവിന്റെ ഓർമ്മ:**

പുണ്യശ്ലോകനായ തോമസ് മാർ ദിയസ്ക്കോറോസ് തിരുമേനിയുടെ ഓർമ്മ 2020 ഫെബ്രുവരി 21, 22 തീയതികളിൽ സമുചിതമായി ഭക്താദരപുരസരം ആഘോഷിക്കുന്നു. ഫെബ്രുവരി 21 ന് വെളിയാഴ്ച വൈകിട്ട് 6 മണിക്ക് വന്ദ്യ പിതാവിന്റെ കബറിടം സ്ഥിതി ചെയ്യുന്ന തിരുമൂലപുരം ദൈവാലയത്തിൽ സന്ധ്യാപ്രാർത്ഥനയും കബറിങ്കൽ ധൂപാർച്ചനയും 22 ശനിയാഴ്ച രാവിലെ 6. 45 ന് ഓർമ്മപ്പെരുന്നാളിന്റെ ഭാഗമായ വിശുദ്ധസമൂഹബലിയും സ്മരണാഞ്ജലിയും കബറിങ്കൽ ധൂപാർച്ചനയും നേർച്ചവിളമ്പും ഉണ്ടായിരിക്കും. ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. അഭിവന്ദ്യ പിതാവിന്റെ ഓർമ്മ നമുക്ക് കോട്ടയായിരിക്കട്ടെ.

**5. കൊറോണ രോഗാണുവിന്റെ വ്യാപനം സമൂഹത്തെ ആകമാനം അസ്വസ്ഥതപ്പെടുത്തുന്നു.** പ്രാർത്ഥനയുടെ ബലത്തിൽ ഈ വിപത്തിനെ പ്രതിരോധിക്കുവാൻ നാം തയ്യാറാവണം. ഒരു ശ്രദ്ധയും ഇല്ലാതെ മാലിന്യം വലിച്ചെറിയുന്നതും അവ അന്തരീക്ഷത്തിലും കുടിവെള്ളത്തിലും ഭക്ഷണപദർത്ഥങ്ങളിലും കലർന്ന് കേരളം രോഗികളുടെ ഇടമായി മാറുന്നത് നാം ശ്രദ്ധിക്കാതെ പോകരുത്. പ്രാർത്ഥനപോലെ പ്രകൃതി സംരക്ഷണവും പ്രധാന്യമർഹിക്കുന്നു. പ്രകൃതിയ്ക്കുവേണ്ടി ഒരു മാനസാന്തരം അത്യന്താപേക്ഷിതമാണ്. രോഗം വരാതെ ശ്രദ്ധിക്കാം, മഞ്ഞൾ, വെളുത്തുള്ളി, ഇഞ്ചി, നാരങ്ങ, തേൻ, നിലക്കടല തുടങ്ങിയവയുടെ

— — — — — — — — — — — —

ഉപയോഗം പ്രതിരോധശക്തി വർദ്ധിപ്പിക്കുവാൻ സഹായിക്കും എന്ന് ഡോക്ടേഴ്സ് നിർദ്ദേശിക്കുന്നു.

**6. മതബോധനകാര്യാലയം:**

കെട്ടിടത്തിന്റെ ശോച്യാവസ്തപരിഗണിച്ച് സമീക്ഷയിൽ പ്രവർത്തിച്ചുവരുന്ന മതബോധനകാര്യലയം ശാന്തി നിലയത്തിലേക്ക് ഈ മാസം 8-ാം തീയതി മുതൽ മാറ്റി പ്രവർത്തിച്ചുവരുന്നു. ഇതു കൂടുതൽ സൗകര്യപ്രദവും പ്രവൃത്തനക്ഷമവും ആയിരിക്കും എന്നു പ്രതീക്ഷിക്കുന്നു.

**7. ദൈവവിളി പ്രോത്സാഹനം:**

ദൈവവിളി പ്രോത്സാഹിപ്പിക്കേണ്ടത് സഭയുടെ വലിയ ഒരാവശ്യമാണ്. നമ്മുടെ ഇടവകകളിൽ ദൈവഭക്തരും നേതൃവാസനയുള്ളവരും സൽസ്വഭാവികളുമായ മക്കളെ കണ്ടെത്തി നമ്മുടെ മൈനർ സെമിനാരിയിലേക്കും സന്യാസഭവനങ്ങളിലേക്കും പറഞ്ഞുവിടേണ്ടതാണ്. ഇടവകവൈദികരാകുവാനുള്ള കുട്ടികളുടെ എണ്ണം നന്നേ കുറഞ്ഞുവരുന്ന സാഹചര്യത്തിൽ അതിരൂപതയുടെ ആവശ്യം മനസ്സിലാക്കി ബഹു. വികാരിമാർ ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധകാണിക്കണം. നമ്മുടെ മൈനർ സെമിനാരിയിലേക്ക് കുട്ടികളെ അയയ്ക്കുന്നതിന് പ്രത്യേകം താത്പര്യം എടുക്കണം. എല്ലാവരുടേയും സഹകരണത്തിനുനന്ദി.

***വൈദികരുടെ നോമ്പുകാലധ്യാനത്തിന്റെ സമയ ക്രമീകരണങ്ങൾ***

**15. 03. 2020 ഞായർ**

| | | |
|---|---|---|
| 05.00 pm | റജിസ്ട്രേഷൻ | |
| 06.00 pm | സന്ധ്യ പ്രാർത്ഥന | |
| 06.30 pm | **ക്ലാസ്സ് I :** | **ബ്രദർ സജിത്ത്** |
| 08.00 pm | അത്താഴം | |
| 08.45 pm | പൊതുപങ്കുവയ്ക്കൽ | |
| 09.30 pm | രാത്രിപ്രാർത്ഥന. | |

**16. 03. 2020 തിങ്കൾ**

| | | |
|---|---|---|
| 05.30 am | പ്രഭാതമണി | |
| 06.00 am | പ്രഭാതനമസ്ക്കാരം | |
| 06.20 am | വി. കുർബ്ബാന | |
| 08.00 am | പ്രഭാതഭക്ഷണം | |
| 09.00 am | **ക്ലാസ്സ് II :** | **ഫാ. റ്റി. ജെ. ജോഷ്വാ** |
| 10.00 am | ചായ | |

— — — — — — — — — — — —

10.15 am **ക്ലാസ്സ് III :** **ഫാ. റ്റി. ജെ. ജോഷ്വാ**
11.15 am വിശുദ്ധ കുമ്പസാരം
12.30 pm മദ്ധ്യാഹ്നനമസ്ക്കാരം
02.30 pm **ക്ലാസ്സ് IV :** **ഫാ. റ്റി. ജെ. ജോഷ്വാ**
03.30 pm സമാപന സന്ദേശം
**അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത**

നിങ്ങൾ ഏവർക്കും നന്മകൾ നേർന്നുകൊ്.
ക്രിസ്തുയേശുവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,



✠ തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്,
തിരുവല്ല അതിഭദ്രാസനം.

---

NB: ഈ സർക്കുലറിലെ പ്രസക്തമായ കാര്യങ്ങൾ അടുത്ത ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും വി. കുർബാന അർപ്പിക്കുന്ന കേന്ദ്രങ്ങളിലും പരസ്യമായി അറിയിക്കേതാണ്.

— — — — — — — — — — — — — —

# SYRO MALANKARA CATHOLIC CHURCH

## ARCHDIOCESE OF TIRUVALLA

**Most. Rev.Dr.Thomas Mar Koorilos**
Metropolitan Archbishop

**Catholic Archbishop's House, Marygiri**
P.B.No.4, Tiruvalla - 689101 Tiruvalla

**Circular No. 2/ 2020**

20.04.2020

ബഹു. ജനറാളച്ചന്മാരേ, കോർഎപ്പിസ്ക്കോപ്പാമാരേ, വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരങ്ങളേ!

അത്യപൂർവ്വമായ ഈ കാലയളവ് ആത്മിക ജീവിതത്തിന്റെ അർത്ഥവും പ്രസക്തിയും തിരിച്ചറിയാൻ നമ്മെ സഹായിച്ചു. മനുഷ്യനെ സമൂലം മാറ്റി മറിച്ച ഈ മഹാമാരി അനേകം കാര്യങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. ഓരോരുത്തരും സ്വന്ത ജീവിതത്തിന്റെ നന്മയും പ്രസക്തിയും മനസ്സിലാക്കി ക്രിയാത്മകമായി സാഹചര്യങ്ങളോട് പ്രതികരിക്കുവാൻ ഉത്സാഹവും ശേഷിയും സ്ഥിരതയും ആർജ്ജിക്കുവാൻ തയ്യാറാകണം. പൊതുജീവിതത്തിലും സാമ്പത്തിക മേഖലയിലും ആത്മികനഭസ്സിലും ഈ രോഗബാധ ഉണ്ടാക്കുവാൻ പോകുന്ന പ്രതിസന്ധി ഊഹിക്കുവാൻപോലും സാധിക്കില്ല. ദൈവത്തോട് ചേർന്നുനിന്ന് ഇതിനെ നമുക്ക് നേരിടണം പാവപ്പെട്ടവരെയും വൃദ്ധരെയും രോഗികളെയും ഏറെ കരുതലോടെ നാം പരിരക്ഷിക്കണം. ഉള്ളിലെ നന്മകൾ അണപൊട്ടി ഒഴുകുന്നതിന്റെ അനേകം ഉദാഹരണങ്ങൾ സോഷ്യൽ മീഡിയായിലൂടെ നാം കണ്ടുകഴിഞ്ഞു. ഏതൊരു പ്രതിസന്ധിയും നന്മയിൽ ഉറയ്ക്കുവാനുള്ള അവസരമായി നാം സ്വീകരിക്കണം. കോവിഡിന്റെ ഈ കാലഘട്ടത്തിൽ നിങ്ങളുമായി ഏതാനും ചിന്തകൾ പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നു.

**1. കൃഷി പ്രോത്സാഹിപ്പിക്കപ്പെടണം:** ഏവർക്കും അറിവുള്ളതുപോലെ നമ്മുടെ സംസ്ഥാനത്തെ ഭക്ഷ്യ ലഭ്യത മറ്റു സംസ്ഥാനങ്ങളെ ആശ്രയിച്ചാണ്. ഈ പ്രത്യേക സാഹചര്യത്തിൽ സമീപ സംസ്ഥാനങ്ങളിൽ കൃഷി ഇറക്കേണ്ട ഈ സമയത്ത് കോവിഡ് കാരണം അതു മുടക്കപ്പെട്ടിരിക്കുന്നു. ആയതിനാൽ അടുത്ത വർഷം ഭക്ഷ്യ ലഭ്യത ഒരു പ്രതിസന്ധി തന്നെയായിരിക്കും. ഈ പ്രതിസന്ധിയുടെ രൂക്ഷത ഒരു പരിധിവരെയെങ്കിലും കുറയ്ക്കുവാൻ നമുക്ക് സാധിക്കുമോ എന്ന് കൂട്ടായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം. പ്രതികൂലമായ അനേകം സാഹചര്യങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും അവയെ

— — — — — — — — — — — —

നാം തരണം ചെയ്യണം. കൃഷിയുടെ ഒരു സംസ്കാരം നാം തിരികെ കൊണ്ടുവരണം. വളർച്ചയുടെയും, വികസനത്തിന്റെയും പേരിൽ നാം നടത്തിയ പല ഇടപെടലുകളും ശരിയായിരുന്നില്ല എന്ന് സമയം തെളിയിച്ചിരിക്കുന്നു. മണ്ണിനോടും കൃഷിയോടും ചേർന്ന് നില്ക്കുന്നത് അനുഗ്രഹമാണ്. പള്ളിയുടെയും, നമ്മുടെ കുടുംബങ്ങളുടെയും, വ്യക്തികളുടെയും സ്ഥലങ്ങൾ എല്ലാം തന്നെ കൃഷിക്കായി ഉപയോഗിക്കപ്പെടണം. തനിയെപറ്റില്ലെങ്കിൽ മറ്റുള്ളവരുമായി സഹകരിച്ച് കൃഷി ചെയ്യുവാൻ ശ്രമിക്കണം.

**2. ചെലവുകൾചുരുക്കേണ്ടതിന്റെ ആവശ്യകത** : എല്ലാവർക്കും അറിവുള്ളകാര്യമാണെങ്കിലും ഈ വിഷയത്തിന്റെ പ്രാധാന്യം ഏവരും ശ്രദ്ധിക്കേണ്ടതാണ്. കോവിഡ് നമ്മെ ഒത്തിരികാര്യങ്ങൾ പഠിപ്പിച്ചു. ലളിതമായും ആർഭാടരഹിതമായും എന്നാൽ പ്രസക്തമായും എങ്ങനെ ദൈനംദിന കാര്യങ്ങളും, വിശേഷപ്പെട്ട കാര്യങ്ങളും നിർവഹിക്കാം എന്ന് നാം പഠിച്ചു. ഭക്ഷണത്തിനും, വസ്ത്രത്തിനും, ആഭരണങ്ങൾക്കും ഫോട്ടോഗ്രാഫിയ്ക്കും മറ്റും ഇത്രയും ആഡംബരം വേണമായിരുന്നോ ? പണം നിസ്സാരമായി വ്യയം ചെയ്യുന്നത് പാപമാണ് എന്ന ബോദ്ധ്യം നമുക്കുണ്ടാവട്ടെ എന്ന് പ്രാർത്ഥിക്കുകയാണ്. ചെലവുചെയ്യുമ്പോൾ പണം പെരുകുന്നു എന്ന തത്വം മറക്കാതെ തന്നെ പറയട്ടെ പണം ഇല്ലെങ്കിൽ മനുഷ്യന് മുൻപോട്ട് പോകുവാൻ സാധിക്കാതെവരും. എല്ലാം സ്വരൂപിച്ചുവയ്ക്കുക എന്നതല്ല, സാധാരണക്കാരെപ്പോലെ ജീവിക്കുവാനും സ്വയനിയന്ത്രണങ്ങൾ വരുത്തുവാനും കഴിയണം. പെരുന്നാളുകൾ, വിവാഹം, ജൂബിലികൾ, ആദ്യകുർബാന, മൃതസംസ്കാരം, ഭവനകൂദാശ തുടങ്ങിയ കാര്യങ്ങളിൽ പണത്തിന്റെ ദുർവ്യയം സംബന്ധിച്ച് പുനർവിചിന്തനം ഏറെ അത്യാവശ്യമാണ്.

**3. ദൈവജനത്തിന്റെ ആത്മീക പോഷണത്തിന് എന്തെല്ലാം ഈ കാലയളവിൽ ചെയ്യാം എന്ന് ചിന്തിക്കണം**. ദൈവാലയത്തിലെത്തി ആത്മീക കാര്യങ്ങൾ നിർവഹിക്കാൻ സാധിക്കാതയിട്ട് ആറ് ഞായറാഴ്ചകളായി. തികച്ചും ദുഃഖകരമായ സാഹചര്യം. എന്നാൽ ഈ അവസരങ്ങൾ ദൈവാനുഭവം അനുഭവിക്കുവാൻ സാധിക്കുന്ന അവസരങ്ങളായി മാറ്റാൻ എല്ലാവരും ശ്രദ്ധിച്ചു എന്ന് ഞാൻ മനസ്സിലാക്കുന്നു. പ്രിയ അച്ചന്മാരെയും  വിശ്വാസികളേവരെയും ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുന്നു. മണവാളൻ കൂടയുള്ളപ്പോൾ മണവറത്തോഴൻമാർക്ക്  ഉപവസിക്കുവാൻ സാധിക്കില്ല എന്ന് കർത്താവു പഠിപ്പിച്ചിട്ടുണ്ടല്ലോ. എന്നാൽ മണവാളൻ അവരിൽനിന്ന് എടുക്കപെടുമ്പോൾ

— — — — — — — — — — — —

അവർ ഉപവസിക്കും. മണവാളനായ യേശുനാഥൻ നമ്മുടെ കൂടെയില്ലാത്ത സാഹചര്യം ഇല്ലല്ലോ. എങ്കിലും ഈ പ്രത്യേക അവസ്ഥ നമുക്ക് പലതും പഠിക്കുവാനും തിരുത്തലുകൾ വരുത്തുവാനുമുള്ള അവസരങ്ങൾ ആണ്. നാം വേണ്ടത്ര ഒരുക്കമില്ലാതെയും, ഗൗരവമായ കാര്യങ്ങൾ ഇല്ലാതെ വിശുദ്ധ കുർബാന മുടക്കുകയും, ദൈവാലയത്തിൽ വന്നാൽപ്പോലും വളരെ അശ്രദ്ധയോടെ ബലിയിൽ പങ്കുകൊള്ളുകയും ചെയ്തിട്ടുണ്ട്. നമുക്ക് വിശുദ്ധ ബലി അമൂല്യമായി അന്ന് തോന്നിയിട്ടില്ല. നിർബന്ധിച്ചാൽപോലും കുമ്പസാരത്തിന് മടി. ഇന്ന് നമ്മൾ ആഗ്രഹിച്ചാൽപോലും നമുക്ക് സംലഭ്യമല്ലാതായിരിക്കുന്നു. വൈദികരും നമ്മുടെ ജനത്തെ വളരെയെറെ ഭാരപ്പെടുത്തിയിട്ടുണ്ട്. അകാരണമായുള്ള പല കാർക്കശ്യങ്ങൾക്കും അവർ വിധേയരാകേണ്ടിവന്നു. ഇന്ന് നാം ഒഴിഞ്ഞ ഹൈക്കല കാണുന്നു. നാമറിയാത്ത ഒരു ശൂന്യത നമുക്കുചുറ്റും പടരുന്നു. എല്ലാവർക്കും ഒരു പുനർവിചിന്തനത്തിന്റെ സമയം. എന്റെ പിഴ എന്റെ പിഴ എന്റെ വലിയ പിഴ എന്ന് മാറത്തടിച്ചു പറയുവാനുള്ള അവസരം. ഇങ്ങനെയൊക്കെ ആണെങ്കിലും നമുക്ക് എങ്ങനെ ദൈവജനത്തെ ആത്മീകമായി പരിപോഷിപ്പിക്കാം വിശിഷ്യാ വി. കുർബാന നൽകി പരിപോഷിപ്പിക്കാം എന്ന് ആലോചിക്കണം. തീർച്ചയായും സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് നമ്മുടെ ജനത്തെ ആത്മിയകാര്യങ്ങളിൽ എങ്ങനെ സഹായിക്കാം എന്ന് ചിന്തിക്കണം. ഇതിനോടകം തന്നെ പലരും പല പ്രായോഗിക നടപടികൾ സ്വീകരിച്ചതായി മനസ്സിലാക്കുന്നു. പ്രത്യേകിച്ചും lockdown നീട്ടുകയാണെങ്കിൽ ഈ കാര്യങ്ങളെക്കുറിച്ചു അച്ചന്മാർ ഗൗരവമായി ചിന്തിക്കണം.നമ്മുടെ കുഞ്ഞുങ്ങൾക്ക് മതബോധന സംബന്ധമായ കാര്യങ്ങൾ പറഞ്ഞു കൊടുക്കുവാൻ ഓൺലൈൻ ആയി അധ്യാപകർ ശ്രമിക്കണം. തങ്ങളുടെ കുഞ്ഞുങ്ങളോട് ഒരുമിച്ചു വേദപാഠം നടത്തുവാൻ, പഠിക്കുവാൻ മാതാപിതാക്കളും പരിശ്രമിക്കണം. എല്ലാവർക്കും ഈ സമയം വിശിഷ്ടമാണ്.

ഈ പ്രതികൂല സാഹചര്യത്തിൽ ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന ഡോക്ടേഴ്സ്, നഴ്സസ്സ്, ഇതര ആരോഗ്യപ്രവർത്തകർ, ഇവരുടെ ത്യാഗം നമുക്ക് നന്ദിയോടെ ഓർക്കാം. ഡ്യൂട്ടി സമയം മുഴുവൻ ഭക്ഷണം കഴിക്കാതെയും വിയർത്തും, പ്രാഥമികകാര്യങ്ങൾപോലും സമയം ലഭിക്കാതെയും രോഗീപരിചരണം നിർവഹിക്കുന്ന ഈ മക്കളുടെ ത്യാഗം വളരെ വലുതാണ്. യൗവ്വനക്കാരായ നേഴ്സസ്സ് അമ്മമാർ ആണെങ്കിൽ എത്രദിവസങ്ങൾ ആണ് അവർക്ക് കുഞ്ഞുങ്ങളെ

— — — — — — — — — — — —

പിരിഞ്ഞിരിക്കേണ്ടിവരുന്നതും, കുഞ്ഞുങ്ങൾ അമ്മമാരെ കാണാതിരിക്കേണ്ടി വരുന്നതും. ഏറെ സങ്കടകരമായ ഒരു സ്ഥിതിവിശേഷം. എല്ലാവരെയും നമുക്ക് പ്രാർത്ഥനയിൽ സമർപ്പിക്കാം.

**4.** **ഓർമ്മത്തിരുന്നാൾ** : അതിരൂപതയുടെ നാലാമത്തെ മെത്രാപ്പോലീത്ത ആയിരുന്ന **അഭി. ഐസക് മാർ യൂഹാനോൻ പിതാവിന്റെ ഓർമ്മത്തിരുന്നാൾ ഏപ്രിൽ 27, 28** തീയതികളിൽ നാം ആചരിക്കുകയാണ്. സ്നേഹത്തിന്റെയും, സഹനത്തിന്റെയും, പ്രേഷിത ശുഷ്കാന്തിയുടെയും ആൾരൂപമായിരുന്ന പിതാവ് ദൈവസന്നിധി പൂകിയിട്ട് 33 വർഷം പൂർത്തിയാകുന്നു. കോവിഡുമായി ബന്ധപ്പെട്ടിട്ടുള്ള നിയന്ത്രണങ്ങൾ നിലനിൽക്കുന്നതുകൊണ്ട് പരസ്യമായ തിരുക്കർമ്മങ്ങൾ സാധ്യമല്ലല്ലോ. ഈ ദിവസങ്ങളിൽ സന്ധ്യാപ്രാർത്ഥനയും ഓർമ്മദിവസം വിശുദ്ധ കുർബാനയും അനുവദിക്കപ്പെട്ടിട്ടുള്ള രീതിയിൽ നടത്തുന്നതാണ്. മെയ് 3 ഞായറാഴ്ച നമ്മുടെ എല്ലാ ഇടവകകളിലും വി. കുർബാനമധ്യേ പിതാവിനുവേണ്ടി ധൂപപ്രാർത്ഥന നടത്തി ഈ ഓർമ്മ അനുഗ്രഹമാക്കിത്തീർക്കണം.

**5.** **പ്രവാസികളോടുള്ള പരിഗണന** : ആരോഗ്യം, ജോലിവായ്പ്പകളുടെ തിരിച്ചടവ്, ജപ്തി, കുട്ടികളുടെ പഠനം തുടങ്ങിയ അനേകം കാര്യങ്ങൾ അസ്വസ്ഥതകൾക്ക് മൂർച്ചകൂട്ടുന്നു. നമ്മുടെ അനേകം മക്കൾ വിദേശത്തു കഴിയുന്നു. തിരിച്ചുവരാനുള്ള സാധ്യതകൾക്കായി നോക്കിയിരിക്കുന്നു. അവർ വരുന്നതനുസരിച്ച് താമസിപ്പിക്കുവാനുള്ള സൗകര്യങ്ങൾക്ക് എല്ലാവരും തങ്ങൾക്കുള്ള സാഹചര്യങ്ങൾ, സൗകര്യങ്ങൾ വിട്ടുകൊടുക്കുന്നു. നമ്മുടെ സ്ഥാപനങ്ങളും ഇപ്രകാരം ചെയ്തുകഴിഞ്ഞു. വിദേശത്തുള്ള നമ്മുടെ മക്കളെ ടെലിഫോണിലെങ്കിലും ബന്ധപെടുവാൻ ശ്രദ്ധിക്കണം. ഈയവസരത്തിൽ അവർക്കും അവരുടെ കുടുംബങ്ങൾക്കും ഇത് വലിയ ആശ്വാസമായിരിക്കും. അതുപോലെ ചിലകുടുംബങ്ങൾ ഏറെ ഭാരപ്പെടുന്ന ഒരവസരമാണിത്. അവരെ കഴിയുന്നവിധം സഹായിക്കുവാൻ നാം തയ്യാറാകണം. എല്ലാമാസവും ഒരു ചെറുതുക ഭക്ഷണത്തിനായി കൊടുക്കുവാൻ സാധിക്കുകയില്ലേ ? ഇടവകയുടെ ബുദ്ധിമുട്ടിനൊപ്പം ഇവരെകൂടി ചേർത്തുനിർത്താൻപറ്റില്ലേ? ഏറെ ബുദ്ധിമുട്ടുള്ളവരെ നമ്മുടെ കഴിവനുസരിച്ച് അതിഭദ്രാസന കേന്ദ്രത്തിൽ നിന്നും സഹായിക്കുവാൻ ശ്രമിക്കാം. അങ്ങനെയുള്ളവർ ഇടവകയിൽ ഉണ്ടെങ്കിൽ അവരുടെ വിശദവിവരം അതിഭദ്രാസന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

**6.** **നമ്മുടെ ഇടവകയുടെ കണക്കുകൾ പാസ്സാക്കി അതിഭദ്രാസന**

— — — — — — — — — — — — —

**ഓഫീസിൽ എത്തിക്കാൻ ക്രമീകരണങ്ങൾ ചെയ്യണം.** പൊതുയോഗംകൂടി കണക്കുപാസ്സാക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ കമ്മറ്റികൂടി കണക്കുകൾ പാസ്സാക്കുക. മറ്റു തടസ്സങ്ങളോ ഞാൻ ഏർപ്പെടുത്തിയ എന്തെങ്കിലും നിയന്ത്രണങ്ങളോ നിലനിൽക്കുന്നില്ലെങ്കിൽ കഴിഞ്ഞ വർഷത്തെ കമ്മറ്റി ഈവർഷംകൂടി തുടരുവാൻ അനുവദിക്കുന്നു. ആറ് ആഴ്ചകളോളമായി ഇടവകയിൽ കാണിക്കകളും മറ്റ് വരുമാനങ്ങളും ലഭിക്കുന്നില്ലാത്തതിനാൽ അതിരൂപതാകേന്ദ്രത്തിൽ അടക്കേണ്ട പ്രേഷിതഫണ്ടിൽ 25% ഇളവ് 2019 –2020 ൽ അനുവദിക്കുന്നു. പ്രായോഗിക ബുദ്ധിമുട്ട് എന്തെങ്കിലും ഉണ്ടെങ്കിൽ എന്നെ അറിയിച്ച് നിർദ്ദേശാനുസരണം ചെയ്യേണ്ടതാണ്.

എല്ലാവർക്കും ദൈവാനുഗ്രഹങ്ങൾ പ്രാർത്ഥിച്ചുകൊ്,
സ്നേഹാദരവോടെ,



✠ തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്,
തിരുവല്ല അതിഭദ്രാസനം.

---

NB : ഈ സർക്കുലറിലെ പ്രസക്തമായ കാര്യങ്ങൾ അടുത്ത ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും വി. കുർബാന അർപ്പിക്കുന്ന കേന്ദ്രങ്ങളിലും പരസ്യമായി അറിയിക്കേതാണ്.

— — — — — — — — — — — — — —

# SYRO MALANKARA CATHOLIC CHURCH
## ARCHDIOCESE OF TIRUVALLA

Most Rev. Dr. Thomas Mar Koorilos
Metropolitan Archbishop
Tiruvalla. **Circular No. 3/ 2020**

Catholic Archbishop's House, Marygiri,
P. B. No. 4, Tiruvalla - 689101.
**25.05.2020**

ബഹു. ജനറാളച്ചന്മാരേ, കോർഎപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചാ, വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരങ്ങളേ!

തിരുവല്ല അതിഭദ്രാസനത്തിന്റെ ഇന്നത്തെ ഔന്നത്യത്തിനുദിശാ ബോധം നല്കി ഒന്നര ദശാബ്ദം ഇടയനേതൃത്വം നൽകിയ, ഏവർക്കും അഭിമതനും ആദരണീയനുമായിരുന്ന അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത നമ്മോടു വിട പറഞ്ഞിട്ട് ജൂൺ 4 ന് ഒരു വർഷം തികയുന്നു. യജമാനൻ നിയോഗിച്ച വിശ്വസ്തനും വിവേകിയും ജാഗരൂകനുമായ ഇടയൻ തന്റെ ദേശാന്തരവാസകാലം (ഉല്പ.47: 9)പൂർത്തിയാക്കി ഭാഗ്യവാനും ശോഭാപൂർണനുമായി പിതൃഭവനത്തിലേക്ക് യാത്രയായി. സ്വർഗ്ഗത്തിലിരുന്നുകൊണ്ട് നമുക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുമെന്ന് ഉറപ്പായി വിശ്വസിക്കാം. ദീപ്തമായ ആ ജീവിതം മലങ്കര സഭയ്ക്കാകെ ഉദാത്തമായ മാതൃകയും സാക്ഷ്യവുമായി നിലകൊള്ളുന്നു.

കോട്ടയം ഡിസ്ട്രിക്ടിൽ അമയന്നൂർ തെക്കേക്കര കുടുംബത്തിൽ ചുണ്ടേവാലേൽ ബഹു. ജേക്കബ് കശ്ശീശ്ശായുടെയും അന്നമ്മയുടെയും സീമന്തപുത്രനായി 1928 ഫെബ്രുവരി 2 ന് മായൽത്തോ ദിനത്തിൽ ജനിച്ച്, പ്രശോഭിതൻ അഥവാ ശോഭാപൂർണ്ണനെന്ന് അർത്ഥം വരുന്ന സണ്ണി – ജോർജ് വൈദികൻ, മെത്രാപ്പോലീത്ത എന്നീ നിലകളിൽ കാഴ്ച വച്ച അനുഗ്രഹീതമായ ജീവിതത്തിന്റെ മുൻപിൽ നാം തൊഴുകൈകളോടെ അനുഗ്രഹത്തിനായി അണയുകയാണ്.

തിരുവല്ലയുടെ ആത്മീക, ഭൗതിക, വിദ്യാഭ്യാസ, സാമ്പത്തിക, സാമൂഹിക, ആതുര സേവനമേഖലകളിൽ സമാനതകളില്ലാത്ത നേതൃത്വവും സംഭാവനകളും നൽകിയാണ് നാടിന്റെ പ്രിയങ്കരനായ ഈ ആത്മീക ആചാര്യൻ ലോകത്തോട് വിട പറഞ്ഞത്. കൽക്കട്ടയിലെ തെരുവിന്റെ അമ്മ മദർ തെരേസ പറയുന്നു: നൊമ്പരപ്പെടാത്ത സംഭാവനകൾ നിലനിൽക്കുന്നതല്ല. അതിൽ സ്നേഹം ചേർത്തിട്ടില്ല. പ്രിയ തീമോത്തിയോസ് പിതാവ് സ്നേഹിക്കുകയും, സ്നേഹിതർക്കുവേണ്ടി നൊമ്പരപ്പെട്ടുതന്നെ അതുല്യ സംഭാവനകൾ നൽകുകയും ചെയ്തു. അതിൽ ആർക്കും സംശയത്തിന് വകയില്ല. അതുകൊണ്ടുതന്നെ കബറടക്കദിവസം പൊതുസമൂഹവും സഭാസമൂഹവും ആ ധന്യ ജീവിതത്തിന്റെ മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുവാൻ ഒഴുകിയെത്തുകയായിരുന്നു.

ജന്മം കൊണ്ടും കർമ്മം കൊണ്ടും നിയോഗങ്ങൾകൊണ്ടും ഇത്ര

യേറെ ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ ഉയർത്തപ്പെട്ട വന്ദ്യ പിതാവ് അതിലൊന്നും മതിമറക്കാതെ പാവങ്ങളെ നെഞ്ചോട് ചേർത്ത് ഒരു ഇടയന്റെ യഥാർത്ഥ മുഖം വെളിപ്പെടുത്തിയവനാണ്. കത്തോലിക്കാസഭയിൽ ധാരാളം വിശുദ്ധർ ഉണ്ട്. ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടവരും, അല്ലാത്തവരും. എല്ലാവരുടെയും ജീവിതത്തിലെ ഒരു പ്രധാന അടയാളം പാവപ്പെട്ടവരോടുള്ള കരുതലായിരുന്നു. ഈ അടയാളം ഇല്ലെങ്കിൽ ആ ജീവിതത്തിനു പ്രസക്തിയില്ല. വന്ദ്യപിതാവിന്റെ ഈ ജീവിത മാതൃക എന്നും സജീവമത്രേ.

പിതാവിന്റെ ശ്രാദ്ധപെരുന്നാൾ ഉചിതമായി നടത്തുവാൻ സാധിക്കാത്ത സ്ഥിതി വിശേഷമാണല്ലോ ഇപ്പോൾ ഉള്ളത്. ആയതുകൊണ്ട് സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ ദൈവാലയത്തിൽ ജൂൺ മാസം 3-ാം തീയതി വൈകിട്ട് 6 മണിക്ക് സന്ധ്യാപ്രാർത്ഥനയും 4-ാം തീയതി രാവിലെ 6. 30 ന് പ്രഭാത പ്രാർത്ഥനയും വി. കുർബാനയും കബറിങ്കൽ ധൂപപ്രാർത്ഥനയും '*ലോക്ക് ഡൗൺ*' നിയമപ്രകാരം നടത്തുവാൻ ആഗ്രഹിക്കുന്നു. നമ്മുടെ ഇടവകകളിൽ അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥനകൾ നടത്തി വി. കുർബാന സമർപ്പിക്കണം.

സംഭവബഹുലവും കൃപാപൂരിതവുമായിരുന്ന ഈ ജീവിതത്തിന്റെ ഏടുകളും നിയോഗങ്ങളും അടങ്ങുന്ന ചില പുണ്ണ്യ മുഹൂർത്തങ്ങൾ അക്ഷരങ്ങളിലൂടെയും ചിത്രങ്ങളിലൂടെയും പകർത്തി വന്ദ്യ തിരുമേനിക്കു നമ്മോടു സംസാരിക്കുവാൻ ഒരു സ്മരണികയിലൂടെ അവസരം ഒരുക്കുന്നു. ശ്രേഷ്ഠമായ ഈ ഓർമ്മച്ചെപ്പ് പുസ്തകരൂപമാക്കുവാനും, പിതാവുമായി ബന്ധപ്പെട്ടവരുടെയെല്ലാം അനുഭവങ്ങളും ജീവിതപാഠങ്ങളും ഭാവിക്ക് മുതൽകൂട്ടാകുവാനും തക്കവിധം കഠിനമായി യത്നിച്ച പെരിയ ബഹുമാനപ്പെട്ട ഐസക് പറപ്പള്ളിലച്ചനെ പ്രത്യേകം അഭിനന്ദിക്കുന്നു, അതിരൂപതയുടെ നാമത്തിലും ചരിത്രത്തിന്റെ പ്രാധാന്യം ഗ്രഹിക്കുന്ന ഏവരുടെയും നാമത്തിലും അച്ചനെ അനുമോദിക്കുന്നു. ഈ അക്ഷരതാളുകളിലൂടെ ഇന്നും നമ്മുടെ മനസ്സിൽ ജീവിക്കുന്ന, നമ്മുടെ ജീവിത്തെ ഏറെ സ്വാധീനിച്ച തീമോത്തിയോസ് പിതാവിനെ ഒന്നുകൂടി കാണുവാനും അനുഭവിക്കുവാനും സാധിക്കുമെന്ന ഉറച്ച വിശ്വാസം ഉണ്ട്. ദൈവം നമ്മെ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

നിങ്ങളെ എല്ലാവരേയും ഓർത്തു പ്രാർത്ഥിക്കുന്നു.

സ്നേഹാദരവോടെ,



✠ തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്,
തിരുവല്ല അതിഭദ്രാസനം.

— — — — — — — — — — — — —

# SYRO MALANKARA CATHOLIC CHURCH
## ARCHDIOCESE OF TIRUVALLA

Most Rev. Dr. Thomas Mar Koorilos
Metropolitan Archbishop of
Tiruvalla.

Catholic Archbishop's House, Marygiri,
P. B. No. 4, Tiruvalla - 689101.

**Circular No. 5 / 2020** **07. 07. 2020**

ബഹു. ജനറാളച്ചന്മാരെ, കോർഎപ്പിസ്ക്കോപ്പാമാരെ, റമ്പാച്ചാ, വൈദികരെ, സന്യസ്തരെ, പ്രിയ സഹോദരങ്ങളെ!

**1.** കോവിഡ് –19 നോട് അനുനയപ്പെട്ട് മുൻപോട്ട് പോകുകയാണ് ഇനി കരണീയം എന്ന് സമൂഹം മനസിലാക്കി വരുന്നു. തികച്ചും മനുഷ്യത്വമില്ലാത്ത രീതിയിൽ രോഗികളോടും, ക്വാറന്റൈയിനിൽ കഴിയുവാൻ എത്തുന്ന പ്രവാസികളോടും ഇതരസംസ്ഥാനങ്ങളിൽ നിന്നും സ്വന്തം ഭവനങ്ങളിലേക്ക് വരുന്നവരോടും ഉള്ള നിഷേധാത്മക സമീപനം ഏറെ സങ്കടകരമാണ്. അസുഖം വരാതെ നോക്കാൻ എല്ലാവരും ശ്രദ്ധിക്കണം, അതിനുള്ള മുൻകരുതൽ എല്ലാവരും എടുക്കണം. എന്നാൽ പൊതു സ്ഥലങ്ങളിലും മറ്റും ജനങ്ങൾ വ്യാപരിക്കുന്നതു കാണുമ്പോൾ ഈ ശ്രദ്ധ എത്രമാത്രം ഉണ്ടെന്നു സംശയം തോന്നുന്നു. ആത്മീക ഇടങ്ങളിൽ നിന്നാണ് കൂടുതൽ വ്യാപനസാദ്ധ്യത എന്ന ധ്വനിയിൽ കാര്യങ്ങളെ വളച്ചൊടിക്കുന്നതും അക്ഷന്തവ്യമാണ്. നിരീശ്വരത്വത്തെക്കാൾ അപകടകരമായ ഒരു സമീപനം ഇന്നു നിലനിൽക്കുന്നു എന്ന് പറയാതിരിക്കാൻ തരമില്ല. ആത്മീയതയല്ല പ്രധാനപ്പെട്ടത് മറിച്ച്, രോഗത്തെ പ്രതിരോധിക്കുവാനുള്ള ഭൗതിക കാര്യങ്ങളാണ് പ്രധാനപ്പെട്ടത് എന്നും മാറ്റി വയ്ക്കാവുന്നതും തികച്ചും വൈയക്തികമായതുമായ ഒന്നാണ് ആത്മീകത എന്നുമുള്ള ചിന്ത വളർത്താൻ പലരും ശ്രമിക്കുന്നു. നമ്മൾ ആരും ദൈവത്തെ സംരക്ഷിക്കേണ്ടതില്ല, വിശ്വാസികൾ സംരക്ഷിക്കേണ്ട ഒരു ദൈവവും ദൈവീക സംവിധാനവും നമുക്കുവേണ്ട. എന്നാൽ ദൈവവുമായുള്ള ബന്ധത്തിലും ആത്മീകതയിലും മാത്രമെ നാം വിലമതിക്കുന്ന മൂല്യങ്ങൾ നിലനിൽക്കുകയുള്ളൂ എന്ന് തിരിച്ചറിയണം. മനുഷ്യൻ അടിസ്ഥാനപരമായി ദൈവീകനും ആത്മീകനുമാണ്. അവനിൽ അതുള്ളതുകൊണ്ടാണ് ദൈവം നീട്ടുന്ന സ്നേഹത്തെയും ദൈവീക ജീവനെയും സ്വീകരിക്കുവാനും അതിൽ വളരുവാനും കഴിയൂക. ഇല്ലാത്തതൊന്നും ആർക്കും നല്കാൻ പറ്റില്ല. (Nemo dat quod non habet). വി. അഗസ്റ്റീനോസ് പറയുന്നു. ദൈവമെ എന്നെ അങ്ങേയ്ക്കായി സൃഷ്ടിച്ചിരിക്കുന്നു. അങ്ങയിൽ എത്തുന്നതുവരെ എന്റെ ഹൃദയം അസ്വസ്ഥ

മായിരിക്കും. ഏറ്റം നല്ല ജീവനും, പരമമായ സ്നേഹവും, ഉദാത്തമായ നന്മയും നിലനിൽക്കുന്ന സൗന്ദര്യവുമായ ദൈവത്തിലേക്ക് സ്വമേധയാ ആകർഷിക്കപ്പെടുക എന്നതാണ് മനുഷ്യനിലെ നന്മ. ദൈവത്തെ മാറ്റി നിർത്തിയാൽ പിന്നെ മനുഷ്യൻ ഏത് ഹീനകൃത്യത്തിലേക്കും അധഃപ തിക്കാം.

ഈ കോവിഡിന്റെ കാലം അനേകം കാര്യങ്ങൾ നമ്മെ പഠിപ്പി ച്ചു എന്ന് മനസിലാക്കുന്നു. നമ്മുടെ നിയന്ത്രണം വെടിഞ്ഞുള്ള നെട്ടോ ട്ടം, ആർത്തിയുടെയും ആഢംബരത്തിന്റെയും പിറകെയുള്ള പരക്കംപാ ച്ചിൽ, സമയമില്ലാത്തുതുകൊണ്ട് ബന്ധങ്ങൾ പോലും മറന്നശൈലി - ഇവിടെയെല്ലാം നമ്മെ തിരിച്ചു ചിന്തിപ്പിക്കുവാൻ ഇടയാക്കിയ സന്ദർഭം. ജോലി നഷ്ടപ്പെടുന്നതിന്റെയും സാമ്പത്തിക ഞെരുക്കത്തിന്റെയും കാല ത്ത് അൽപ്പംകൂടി കരുതലോടെ ജീവിക്കുവാനും ഉത്തരവാദിത്വപൂർവ്വം കടമകൾ ചെയ്യുവാനും എല്ലാവരും ശ്രമിക്കണം.

നമ്മുടെ ദൈവാലയങ്ങൾ ആരാധനയ്ക്കായി വിശ്വാസികൾക്ക് തുറന്നുകൊടുക്കുമ്പോൾ ഗവൺമെന്റ് പറഞ്ഞിരിക്കുന്ന നിബന്ധനകൾ കൃത്യമായി പാലിച്ചിരിക്കണം. സാമൂഹ്യബോധമുള്ളവർ എന്ന നിലയി ലും ഉത്തരവാദിത്വപ്പെട്ടവർ എന്നനിലയിലും സഭയും ഇടവകയും എന്നും പ്രവർത്തിക്കുന്നു. നിബന്ധനകൾ കൃത്യമായി പാലിക്കാൻ സാധിക്കില്ല എങ്കിൽ അവിടെ ദൈവാലയങ്ങൾ ആരാധനയ്ക്ക് പൊതുവിൽ തുറന്നു കൊടുക്കാൻ പാടില്ല. ആരൊക്കെവന്നു എന്ന് അവരുടെ പേരും ഫോൺ നമ്പറും എഴുതിയ ഒരു ബുക്ക് പള്ളിയിൽ സൂക്ഷിക്കണം. മറ്റുകാര്യ ങ്ങളും എല്ലാം നിബന്ധനകൾ അനുസരിച്ച് ചെയ്തിരിക്കണം. ബഹു. വികാരിയും കമ്മറ്റി അംഗങ്ങളും ഈ കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ പുലർ ത്തണം. നിബന്ധനകൾ അനുസരിച്ച് നമ്മുടെ പള്ളികൾക്ക് ഉൾക്കൊ ള്ളവുന്നത്രയും വിശ്വാസികളെ മാത്രം അനുവദിച്ചാൽ മതിയാകും. ആവശ്യമെങ്കിൽ ചെറിയ ഗ്രൂപ്പുകളായിതിരിച്ച് വി. കുർബ്ബാന ക്രമീകരി ക്കാവുന്നതാണ്. പ്രായമായവരുടെ ആത്മീകസ്ഥിതി പരിപോഷിപ്പിക്കു വാൻ പ്രിയ അച്ചന്മാരുടെ സവിശേഷ ശ്രദ്ധക്ഷണിക്കുന്നു.

**2.** സന്യാസാർത്ഥിനിയായിരുന്ന നമ്മുടെ മകൾ ദിവ്യ പി. ജോൺ മേയ് മാസം 7-ാം തീയതി അസ്വഭാവികമായി മരണപ്പെട്ടത് നമ്മെ എല്ലാം അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പിച്ച സംഭവമാണ്. ജീവൻ പരിപോഷിപ്പി ക്കേണ്ട ഇടത്ത് ജീവൻ പൊലിയപ്പെട്ട ദാരുണ അനുഭവം. പ്രിയ ദിവ്യ യുടെ കുടുംബത്തെയും പ്രത്യേകിച്ചും മാതാപിതാക്കളെയും സഹോദ രങ്ങളെയും നമ്മുടെ പ്രാർത്ഥനയും അനുശോചനവും തുടർന്നും അറി

— — — — — — — — — — — —

യിക്കുന്നു. പോലീസ് അന്വേഷണം തുടരുന്നു. അതിഭദ്രാസനത്തിലെ "Safe Environment Committee" യും ഈ കാര്യങ്ങളിൽ അന്വേഷണം നടത്തുന്നുണ്ട്. നമ്മുടെ അന്വേഷണ ലക്ഷ്യം മരണമടഞ്ഞ ദിവ്യയ്ക്ക് ആവശ്യമായ ആത്മിക- മാനസീക പിന്തുണ നൽകാൻ കഴിഞ്ഞോ ഇല്ലയോ എന്നാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പറഞ്ഞതനുസരിച്ച് നമ്മുടെ മഠങ്ങളിലും, പള്ളികളിലും, പള്ളിമേടകളിലും ആശ്രമങ്ങളിലും CCTV, Visitor's log book തുടങ്ങിയവ നിർബ്ബന്ധമായും വച്ചിരിക്കണം എന്നാണ്. അസ്സമയങ്ങളിലെ ടെലഫോൺ വിളികൾ ഒഴിവാക്കേണ്ടതാ ണ്. നാം പക്വമതികളും സമൂഹമനസാക്ഷിയെ പോറൽ കൂടാതെ സൂക്ഷി ക്കേണ്ടവരുമാണല്ലോ. കർത്താവിന്റെ മനസായിരിക്കണം നമുക്കും നമ്മൾ ഉൾക്കൊള്ളുന്ന സഭയ്ക്കും ഇടവകയ്ക്കും കുടുംബത്തിനും വേണ്ടത്. നമ്മുടെ ഭവനങ്ങളിൽ കുട്ടികൾ വളരെ ഏറെ മുറിവേൽക്ക പ്പെടുന്നു എന്നത് സങ്കടത്തോടെ മാത്രമെ നമുക്കു സ്മരിക്കാൻ കഴി യൂ. മദ്യപാനത്തിന്റെയും മറ്റുബന്ധങ്ങളുടെയും സമ്മർദ്ദത്തിൽ കുട്ടി കൾ ഏറെ ദുരുപയോഗിക്കപ്പെടുന്നു. ഈ മുറിവുകൾ ഉണങ്ങാത്ത വ ടുക്കളായി കൊണ്ടുനടക്കുന്ന അവസ്ഥയിൽ ധാരാളം പ്രതിസന്ധി കളിലേക്ക് കുട്ടികൾ തളർന്നുവീഴും. മക്കളെ രൂപീകരിക്കുന്നതിൽ ഏറെ ശ്രദ്ധ ആവശ്യമാണ്. എത്രയോ സങ്കീർണ്ണമായ അവസ്ഥയാണ് മനു ഷ്യന്റെ മനസിനും വികാരങ്ങൾക്കും. അനുദിന വാർത്തകളിൽ പീഡ നകഥകൾ വർദ്ധിക്കുന്നതു നാം കേൾക്കുന്നു. സ്വന്തം മാതാപിതാക്കൾ പോലും കുരുന്നുകളെ ക്രൂരമായി മർദ്ദിക്കുന്നതിന്റെ കഥകളാണ് അവ യിൽ മിക്കതും. ഏതൊരു സമൂഹത്തിന്റെയും നന്മയും ഭാവിയും നിശ്ച യിക്കപ്പെടുന്നത് ശാരീരിക-മാനസിക -ആത്മിക ആരോഗ്യമുള്ള കുഞ്ഞു ങ്ങളിലൂടെയാണ്. ഇപ്പോഴത്തെ കുഞ്ഞുങ്ങൾക്കുണ്ടാകുന്ന പീഡന ങ്ങളുടെയും വൈകാരിക മുറിവുകളുടെയും ദൂഷ്യഫലങ്ങൾ മൂന്ന് തല മുറവരെ പോകും എന്നാണ് കണക്ക്. ആയതുകൊണ്ട് നമുക്കു ചുറ്റും ഉള്ളവർ നന്മയിലും ഭയമില്ലാതെയും സ്വാതന്ത്ര്യത്തിലും വിശുദ്ധിയിലും വളർന്നു വരുവാനുള്ള പശ്ചാത്തലം ഭവനങ്ങളിലും, ദൈവാലയങ്ങളി ലും, സ്ഥാപനങ്ങളിലും, പൊതുസമൂഹത്തിലും ഉണ്ടാവണം.

**3.** ഈ പശ്ചാത്തലത്തിൽ മാർപാപ്പാ കഴിഞ്ഞ ഒരു വർഷമായി നടപ്പാക്കണം എന്നു ഉൽബോധിപ്പിച്ച **സുരക്ഷിത പശ്ചാത്തലം** സഭ യിലും സഭയുടെ സ്ഥാപനങ്ങളിലും അവയിൽ ശുശ്രൂഷിക്കുന്നവരുടെ ഇടയിലും സംജാതമാക്കേണ്ടിയിരിക്കുന്നു. 2020 ജൂൺ മാസത്തിൽ കുഞ്ഞുങ്ങൾക്കും (18 വയസ്സുപൂർത്തിയാകാത്തവർ) ദുർബലർക്കും

— — — — — — — — — — — — —

(Vulnerable) ഭയമില്ലാതെയും സ്വതന്ത്രമായും മുതിർന്നവരുടെ ഉപദ്രവമില്ലാതെയും ദൈവം കൊടുത്തിരിക്കുന്ന നന്മകൾ അനുസരിച്ച് പൂർണ്ണ വ്യക്തികളായി വളരുവാനുള്ള മാർഗ്ഗരേഖ സഭയിൽ മുഴുവനായും നിലവിൽ വന്നിരിക്കുന്നു. ഈ വിഷയത്തിന്റെ ഗൗരവം സമർത്ഥിക്കുന്നതിന്റെ ഭാഗമായി CBCI, KCBC, ഇതര കത്തോലിക്ക സഭകൾ ഇവരുടെ നിർദ്ദേശങ്ങളോടു ചേർന്ന് മലങ്കര കത്തോലിക്കസഭയും തിരുവല്ല അതിഭദ്രാസനവും ഇപ്രകാരമുള്ള ഒരു ക്രമീകരണം ചെയ്തിരിക്കുന്നു. അതാണ് "Safe Environment Committee". നമ്മുടെ സുന്നഹദോസ് തീരുമാനപ്രകാരം ഈ കമ്മറ്റിയുടെ അദ്ധ്യക്ഷ ഒരു സ്ത്രീയാണ്. നമ്മുടെ അതിഭദ്രാസനത്തിൽ താഴെപ്പറയുന്നവർ അംഗങ്ങളായുള്ള കമ്മറ്റി പ്രവർത്തിച്ചുവരുന്നു. അതിന്റെ ഓഫീസ് അരമനയിൽ ചാൻസിലർ ഓഫീസിനോടുചേർന്നാണ്.

1. President : Dr. Manju George, Elanjickal (Director, Pratheeksha Pushpagiri Child Develop. Center).
2. Secretary : Rev. Dr. Kochuthresia OSS (Moral theologian).
3. Member : Rev. Sr. Grace SIC (Psychologist- Counsellor).
4. " : Prof. Dr. Anitha Jose Valakuzhy (Vice Principal, AssumptionCollege, Changanacherry).
5. " : Prof. Dr. Varghese K. Cherian (Principal, St. Joseph College Mannanam, MGUniversity Syndicate member)
6. " : Mr. Ghosh Yohannan (Advocate High Court Kerala).
7. " : V. Rev. Dr. Thomas Parakkel (Judicial Vicar, Canonist).

പ്രായപൂർത്തി ആകാത്തവരുടെയും ദുർബ്ബലരുടെയും കാര്യത്തിൽ സഭ നിഷ്കർഷിക്കുന്ന തുറവിയുടെയും നന്മയുടെയും അന്തരീഷം ഉറപ്പാക്കുവാനും ഏതെങ്കിലും കാര്യങ്ങൾ അങ്ങനെയല്ല എന്നു ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ടവരിൽ നിന്നും രേഖാമൂലമുള്ള നിവേദനം സ്വീകരിച്ച് പ്രായപൂർത്തിയാകാത്തവരുടെ കാര്യത്തിൽ പോക്സോ നിയമപ്രകാരവും അല്ലാത്തവരുടെ കാര്യത്തിൽ നൽകപ്പെട്ടിരിക്കുന്ന മാർഗ്ഗരേഖ അനുസരിച്ചും പ്രവർത്തിക്കുവാനുള്ള ബാദ്ധ്യത ഈ കമ്മറ്റിയ്ക്കുണ്ട്. ഭയമോ പക്ഷപാതമോ കൂടാതെ തികച്ചും നീതിയുക്തമായ നിലയിൽ പ്രവർത്തിക്കുമെന്ന് ഇവർ പ്രതിജ്ഞ ചെയ്തിട്ടും ഉണ്ട്. പൊതുസമൂഹത്തിൽ മാന്യതയെ പ്രതിയും മറ്റു സമ്മർദ്ദങ്ങളുടെയും അടിസ്ഥാനത്തിൽ പലതും മൂടിവയ്ക്കപ്പെടുന്നുണ്ട്. സഭയിൽ അവ അനുവദനീയമല്ല എന്നും എതിർക്കാനും സ്വന്തം അവകാശങ്ങൾ സംരക്ഷിക്കുവാനും സ്വയം കരുത്തില്ലാത്തവർക്ക് മുന്തിയപരിഗണന നൽകണമെന്ന നിശ്ചയത്തിലാണ് സഭ ഇപ്രകാരമുള്ള ഒരു സംവിധാനം ഒരുക്കുന്നത്. ഇതിന്റെ നന്മ പിൽക്കാലത്ത് നമുക്കു അനുഗ്രഹമായി അനുഭവ

— — — — — — — — — — — —

പ്പെടും. കാരണം ഇതു ദൈവനീതിയുടെ പാലനം തന്നെയാണ്. സഭയിലെ എല്ലാ അംഗങ്ങളും ഇതിന്റെ ഗൗരവം കണക്കിലെടുത്ത് നമ്മുടെ സഭയെ കളങ്കമില്ലാതെ മുന്നോട്ടുകൊണ്ടുപോകുവാൻ ശ്രദ്ധിക്കണം.

**3. പുതിയ നിയമനങ്ങൾ :**

a) Very Rev. Dr. George Thomas OIC - Archdiocesan Coordinator for Religious
b) Rev. Fr. Mathew Chirayil - Marygiri House Minister, Vicar, Valankara (Additional Charge)
c) Rev. Fr. Stanley Thenguvelil - Director, Bible Apostolate, Girinadam Editor
d) Very Rev. Fr. Alex Kannamala - Additional. Charges - Poovathoor + Koipuram
e) Rev. Fr. Alen OIC - Asst. to Fr. . Alex Kannamala
f) Rev. Fr. Dr. Kuriakose Thadathil - Vicar, St. Alphonsa Church, Gandhi Nagar, Kottayam.

പുതിയതായി നിയമിക്കപ്പെട്ട എല്ലാവർക്കും ദൈവാനുഗ്രഹങ്ങളും വിജയങ്ങളും നേരുന്നു.

**4. അനുമോദനങ്ങൾ :**

a) **സീരിയിലെ** സുറിയാനി പഠനകേന്ദ്രത്തിന് മുൻപ് ഉണ്ടായിരുന്നതും ഇടക്കാലത്ത് പ്രതിസന്ധിയിലായതുമായ അംഗീകാരം എം. ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ, സിൻഡിക്കേറ്റിന്റെ ശുപാർശപ്രകാരം തുടരുന്നതിന് അനുവാദം നല്കിയിരിക്കുന്നു. കുറെ നാളുകളായി അംഗീകാരത്തിന്റെ കാര്യത്തിൽ ഏറെ ഭാരപ്പെട്ടിരുന്നു. ലോകോത്തര നിലവാരമുള്ള ഈ പൈതൃക കേന്ദ്രത്തിനു ലഭിച്ച തുടർ അംഗീകാരത്തിനു ബന്ധപ്പെട്ട സർവ്വകലാശാല അധികൃതരോടും പ്രത്യേകിച്ചും ഗവൺമെന്റിനോടും നന്ദി അറിയിക്കുന്നു. പ്രിയ തെക്കേപ്പറമ്പിലച്ചനെയും പറക്കോട്ടച്ചനെയും സീരി കുടുംബത്തെയും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

b) ഇപ്പോൾ ഗാന്ധിനഗർ ഇടവകാംഗവും കോങ്ങാട് ഇടവകാംഗത്വം നിലനിർത്തികൊണ്ടുപോവുകയും ചെയ്യുന്ന സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ അസോസിയേറ്റ് പ്രൊഫസറും ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിന്റെ ഓണററി ഡയറക്ടറും സംസ്ഥാന സർക്കാരിന്റെ സാമൂഹികനീതി വകുപ്പിൽ സ്റ്റേറ്റ് അഡ്വൈസറി ബോർഡ് ഓൺ ഡിസെബിലിറ്റി എക്സ്പേർട്ട് മെമ്പറുമായ ഡോ. പി. ടി. ബാബുരാജ് എം. ജി സർവകലാശാലയുടെ ഡയറക്ടറേറ്റ് ഓഫ് കോളജ് ഡവലപ്മെന്റ് കൗൺസിൽ ഡയറക്ടറായി നിയമിതനായതിൽ മാതൃരൂപതയായ തിരുവല്ലാ അതിഭദ്രാസനം ഏറെ അഭിമാനിക്കുന്നു, ആശംസകൾ അർപ്പിക്കുന്നു.

c) അതിഭദ്രാസന പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയും Safe Environment Committee മെമ്പറും മാന്നാനം സെന്റ് ജോസഫ്സ് ട്രെയിനിങ് കോളജ് പ്രിൻസിപ്പാളുമായ ശ്രീ. വർഗ്ഗീസ് കെ. ചെറിയാൻ (സജി) എം. ജി. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ടതിൽ നമുക്കുള്ള സന്തോഷം അറിയിക്കുന്നു. ബഹു. സജിസാറിന് എല്ലാ മംഗളങ്ങളും ആശംസിക്കുന്നു. അദ്ദേഹം കോട്ടയം സെന്റ് തോമസ് ഇടവകയുടെ ട്രസ്റ്റി കൂടിയാണ്.

d) ഈ വർഷത്തെ 10-ാം ക്ലാസ് പരീക്ഷയിൽ നമ്മുടെ സ്കൂളുകൾ എല്ലാം 100 % വിജയം കരസ്ഥമാക്കിയിരിക്കുന്നു. എല്ലാപ്രധാനാദ്ധ്യാപകരെയും അദ്ധ്യാപകരെയും സ്റ്റാഫ് അംഗങ്ങളെയും വിദ്യാർത്ഥികളെയും മാതാപിതാക്കളെയും നേതൃത്വം നൽകിയ മാനേജർ അച്ചന്മാരെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

e) എം. ജി യുണിവേഴ്സിറ്റിയിൽ നിന്ന് M.Sc. Med. Microbiology യിൽ ഗാന്ധിനഗർ ഇടവകാംഗമായ അഴീത്തറ വീട്ടിൽ മാളു 3-ാം റാങ്ക് കരസ്ഥമാക്കിയിരിക്കുന്നു. എല്ലാ അഭിനന്ദനങ്ങളും നേരുന്നു.

f) ദേശീയതലത്തിൽ MACFAST College ആദ്യത്തെ 200 കോളേജുകളുടെ ഗണത്തിൽപ്പെട്ട് 174-ാം സ്ഥാനം നേടിയിരിക്കുന്നു. ബഹു. പ്രിൻസിപ്പാൾ കോട്ടയിലച്ചനെയും സ്റ്റാഫ് അംഗങ്ങളെയും അനുമോദനം അറിയിക്കുന്നു.

**5. നന്ദി**

a) ബഥനി ആശ്രമാംഗമായ Rev. Fr. Joby ഉപരിപഠനാർത്ഥം ബാംഗ്ലൂരിലേക്ക് പോകുന്നു. അദ്ദേഹം പൂവത്തൂർ - കോയിപ്രം ഇടവകകൾക്കു നല്ല നേതൃത്വം നൽകിയിരുന്നു. അച്ചന് എല്ലാവിജയങ്ങളും നേർന്നുകൊണ്ട് അതിഭദ്രാസനത്തിന്റെ നന്ദി അറിയിക്കുന്നു.

b) ബത്തേരി രൂപതാംഗവും കഴിഞ്ഞ 6 വർഷമായി കേരളകത്തോലിക്ക മെത്രാൻ സമിതിയുടെ സാമൂഹ്യവിഭാഗത്തിന്റെ ഡയറക്ടറും ആയിരുന്ന ബഹു. ജോർജ്ജ് വെട്ടുകാട്ടിലച്ചൻ നമ്മുടെ ഗാന്ധി നഗർ ഇടവകയുടെ ചുമതലകൂടി വഹിക്കുകയായിരുന്നു. ഏറെ അനുഗ്രഹീതമായ ശുശ്രൂഷകൾക്കു ശേഷം മലങ്കര സഭയുടെ പൊതുസാമൂഹിക മേഖലയ്ക്ക് നേതൃത്വം നൽകാൻ അച്ചൻ നിയോഗിക്കപ്പെട്ടിരിക്കുകയാണ്. പാറശാല രൂപതയിലെ സാമൂഹിക പ്രവൃത്തനത്തിനു തുടക്കം കുറിക്കുവാനുംകൂടി അച്ചന് ചുമതല ഏൽപ്പിക്കപ്പെട്ടിരിക്കുന്നു. അച്ചന്റെ എല്ലാ സേവനങ്ങൾക്കും ഹൃദയംഗമമായ നന്ദി അർപ്പിക്കുന്നതോടൊപ്പം കഴിഞ്ഞ വർഷത്തെ പുനരൈക്യവാർഷികാഘോഷങ്ങൾക്കു നൽകിയ വലിയ നേതൃത്വത്തിനും സാമ്പത്തികമായ പിൻബലത്തിനും കല്ലൂപ്പാറ

യിൽ നിർമ്മിച്ച വീടുകൾക്ക് സോഷ്യൽ സർവ്വീസ് ഫോറത്തിൽ നിന്നും നൽകിയ സഹായങ്ങൾക്കും ഹൃദയംഗമമായ നന്ദി അർപ്പിക്കുന്നു. പുതിയ നിയോഗങ്ങളിൽ അച്ചന് എല്ലാ വിജയങ്ങളും നേരുന്നു. അതിഭദ്രാസന ത്തിന്റെ നന്ദി അഭിവന്ദ്യ ജോസഫ് മാർ തോമസ് പിതാവിനെയും വിന യപൂർവ്വം അറിയിക്കുന്നു.

## 6. Retirement :

ബഹു. ഏബ്രഹാം കാടമല അച്ചൻ ആരോഗ്യപരമായ കാരണ ങ്ങളാൽ ഔദ്യോഗിക അജപാലന ശുശ്രൂഷയിൽ നിന്നും വിരമിക്കുവാൻ താല്പര്യം പ്രകടിപ്പിച്ചതനുസരിച്ച് കഴിഞ്ഞ മാസം ആരംഭത്തിൽ തന്നെ അദ്ദേഹത്തിനു വിടുതൽ കൊടുക്കുകയുണ്ടായി. ഏറെ പ്രഗത്ഭമായ രീതിയിൽ അജപാലന ശുശ്രൂഷകൾ അനുവർത്തിച്ച അതിരൂപതയിലെ ഏറെ സമാദരണീയനായ വൈദികനാണദ്ദേഹം. എളിമയിലും ലാളിത്യ ത്തിലും വൈദികാന്തസുകാത്തുസൂക്ഷിക്കുവാൻ അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സ്വന്തം കൈയ്യിൽ നിന്നുപോലും പണമിറക്കി ദൈവാലയ ങ്ങൾ പണിയുന്നതിനും ഇടവകകൾക്കാവശ്യമായ അടിസ്ഥാന സംവി ധാനങ്ങൾ ഉണ്ടാക്കുന്നതിനും അച്ചൻ നല്ല മനസുകാണിച്ചിരുന്നു. ഏതാ ണ്ട് നാലരപ്പതിറ്റാണ്ട് നീളുന്ന അദ്ദേഹത്തിന്റെ പൗരോഹിത്യ ജീവിതം ഏവർക്കും പ്രചോദനം നൽകുന്നതായിരുന്നു. പഠനത്തിനും ബൈബിൾ വ്യാഖ്യാനത്തിനും പൊതുകാര്യപ്രസക്തമായ കാര്യങ്ങൾ സംഘടിപ്പി ക്കുന്നതിനും അദ്ദേഹം കാട്ടിയ താത്പര്യവും സമർപ്പണവും ഒരു വിജയ ഗാഥയായി തീർന്നിട്ടുണ്ട്. ഏതു പ്രതിസന്ധിയേയും തരണം ചെയ്യാനു ള്ള ചങ്കൂറ്റവും ഏതു വ്യക്തിയോടും മറയോ പക്ഷാഭേദമോ ഇല്ലാതെ ഇടപെടാനും ആത്മീക കാര്യങ്ങളിൽ അതീവ ശ്രദ്ധാലുവായി ജീവിക്കു വാൻ സാധിച്ചതും അദ്ദേഹത്തിന്റെ പൗരോഹിത്യത്തോടുള്ള വലിയ വിശ്വസ്തത തന്നെ. ഈ സമയത്തു അച്ചന് എല്ലാ ആരോഗ്യവും പള്ളി മലയിൽ മറ്റു സഹോദര വൈദികരോടുചേർന്ന് വിശ്രമജീവിതവും ആശംസിക്കുന്നു.

നിങ്ങളെ എല്ലാവരേയും ഓർത്തു പ്രാർത്ഥിക്കുന്നു.

ക്രിസ്തുയേശുവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,



✠ തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്,
തിരുവല്ല അതിഭദ്രാസനം.

# SYRO MALANKARA CATHOLIC CHURCH
## ARCHDIOCESE OF TIRUVALLA

**Most. Rev.Dr.Thomas Mar Koorilos**
Metropolitan Archbishop of Tiruvalla

**Catholic Archbishop's House, Marygiri**
P.B.No.4, Tiruvalla - 689101

**Circular No. 6 / 2020**

03.08.2020

ബഹു. ജനറാളച്ചന്മാരേ, കോർഎപ്പിസ്ക്കോപ്പാമാരേ, വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരങ്ങളേ!

ദുർഘടമായ ഒരു സാഹചര്യത്തെ അഭിമുഖീകരിക്കുന്ന ഈ സമയത്ത് വൈദിക സഹോദരന്മാരുടെ ത്യാഗപൂർണ്ണമായ സമർപ്പണത്തെയും ഇടവകയിലെ മാതൃകാപരമായ പ്രവർത്തനത്തെയും ദൈവസന്നിധിയിൽ സമർപ്പിക്കുന്നു. നമ്മുക്കൊരുമിച്ച് ഈ മഹാമാരിയെ നേരിടാം.

1. **'കോവിഡ് സമരിറ്റൻ'** സന്നദ്ധസേനയുടെ രൂപീകരണം നടന്നതിന്റെ സന്തോഷം അറിയിക്കുന്നു. വോളണ്ടിയേഴ്സായി നമ്മുടെ വൈദികരും സന്യാസിനികളും അൽമായ സഹോദരങ്ങളും കടന്നുവന്നതിൽ ഏറെ നന്ദി അറിയിക്കുന്നു. നമ്മുടെ വിശ്വാസം പ്രഘോഷിക്കേണ്ട സമയമാണ് ഇത്. ലോകത്തിന്റെ വെളിച്ചവും ഭൂമിയുടെ ഉപ്പുമായി തീരുവാൻ വിളിക്കപ്പെട്ടവരെന്ന നിലയിൽ ഈ വോളണ്ടിയേഴ്സ് എല്ലാ പ്രോത്സാഹനവും പിന്തുണയും നൽകണം. ബഹു. മാത്യു പുനക്കുളത്തച്ചന്റെയും ബഹു സാമുവേൽ വിളയിലച്ചന്റെയും നേതൃത്വത്തിലുള്ള കേന്ദ്ര ടീം നേതൃത്വം നൽകി കൊണ്ടിരിക്കുന്നു. അവർക്കുള്ള പരിശീലനം വളരെ പ്രധാനപ്പെട്ടതാണ്. ബഹു. മേഖലാ വികാരിമാർ പ്രത്യേകം താൽപര്യമെടുത്ത് എത്രയും പെട്ടെന്നുതന്നെ പരിശീലനം നൽകണം. ബഹു. പുനക്കുളത്തച്ചനുമായി ബന്ധപ്പെടുക. നമ്മൾ ചിന്തിക്കുന്നതിലും വേഗത്തിൽ രോഗം പടർന്നു പിടിക്കുന്നു. ആരെയും അത് ഒഴിവാക്കുന്നുമില്ല. ആയതിനാൽ ഈ അടിയന്തര സാഹചര്യം കണക്കിലെടുത്ത് പരിശീലനം ഈ ആഴ്ചയിൽ തന്നെ നിർവഹിക്കണം. ഇത്തരുണത്തിൽ മനുഷ്യരുടെ ഇടയിൽ വ്യാപിക്കുന്ന ഭയം നിമിത്തം മരണാനന്തര കാര്യങ്ങൾ നാം വിഭാവന ചെയ്യുന്നതുപോലെ പോകണമെന്നില്ല. ആയതിനാൽ ഇടവക വികാരിയും കമ്മറ്റി അംഗങ്ങളും അതാതു മേഖലകളിലെ കോവിഡ് സമരിറ്റൻ സന്നദ്ധപ്രവർത്തകരും കൂടി ആലോചിച്ച് ഗവൺമെന്റിന്റെ ബന്ധപ്പെട്ട അധികാരികളും തദ്ദേശസ്വയംഭരണ

— — — — — — — — — — — — —

സ്ഥാപനങ്ങളിലെ ജനനേതാക്കന്മാരുമായി ആലോചിച്ചു സത്വര നടപടികൾ സ്വീകരിക്കണം. നേരത്തെ തന്നെ ഇങ്ങനെയുള്ള കാര്യങ്ങൾ കൃത്യമാക്കാൻ ശ്രദ്ധിക്കുമല്ലോ. കോവിഡ് പോസിറ്റീവ് ആയ നമ്മുടെ അച്ചനും സിസ്റ്റേഴ്സും അല്മായരും സുഖം പ്രാപിച്ചുവരുന്നു. ദൈവത്തിന്റെ വന്ദ്യനാമത്തിന് സ്തുതികൾ കരേറ്റാം.

2. 2019-2020 സാമ്പത്തിക വർഷത്തിലെ ഇൻകം ടാക്സ് റിട്ടേൺ സമർപ്പിക്കുവാനുള്ള തീയതി അടുത്തുവരുന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കട്ടെ. അതിനാൽ 2019-2020 സാമ്പത്തിക വർഷത്തിലെ വരവു ചെലവു കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടിനെ കൊണ്ട് ഓഡിറ്റ് ചെയ്ത് 2020 ആഗസ്റ്റ് 31-ന് മുമ്പ് അതിരൂപതാ ഫിനാൻസ് ഓഫീസിൽ ഏൽപ്പിക്കണം. അതിരൂപതയിൽ നിന്നും ഓഡിറ്റ് ക്രമീകരിക്കണമെങ്കിൽ വരവു ചെലവ് കണക്കുകൾ കമ്മറ്റിയിൽ അവതരിപ്പിച്ച് പാസാക്കി ക്യാഷ് ബുക്ക്, ലെഡ്ജർ, രസീത്, വൗച്ചർ എന്നിവയും ബാങ്ക് പാസ് ബുക്കിന്റെ കോപ്പിയും F.D രസീതിന്റെ കോപ്പിയും ഉൾപ്പെടെ 2020 ആഗസ്റ്റ് 15-ന് മുമ്പ് അതിരൂപതാ ഫിനാൻസ് ഓഫീസിൽ എത്തിക്കേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം 2019-2020 സാമ്പത്തിക വർഷത്തിലെ ബാങ്ക് ഇടപാടുകളുടെ കോപ്പിയും എ.ഉ ഉണ്ടെങ്കിൽ അതിന്റെ രസീതിന്റെ കോപ്പിയും വസ്തുകരം അടച്ചതിന്റെ കോപ്പിയും സമർപ്പിക്കുവാൻ മറക്കരുത്. കണക്കുകൾ ക്രമപ്പെടുത്തുവാൻ ഇടവകകളിൽ നമ്മൾ തുടങ്ങിവച്ച Computerization Programme തീർച്ചയായും തുടരേണ്ടതാണ്. അത് ഓരോ ഇടവകകയുടെയും താല്പര്യമനുസരിച്ച് മാറ്റുവാൻ പാടുള്ളതല്ല. ബഹു. വികാരിമാർ ഈ കാര്യങ്ങൾ ഇടവക ട്രസ്റ്റി-സെക്രട്ടറി ഇവരെ പറഞ്ഞു ബോദ്ധ്യപ്പെടുത്തുകയും അതു ചെയ്യുവാൻ നിർബന്ധിക്കുകയും ചെയ്യണം. ഇതിൽ സ്വതന്ത്ര തീരുമാനമോ ശ്രദ്ധക്കുറവോ ഉണ്ടാകരുത്.

3. ഇന്നു വൈകുന്നേരം മുതൽ ഞാൻ പിതാക്കന്മാരുടെ ധ്യാനത്തിൽ പ്രവേശിക്കുകയാണ്. കെ.സി.ബി.സി.യുടെ നേതൃത്വത്തിൽ ഓൺലൈൻ ആയിട്ടാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്, എനിക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു. നിങ്ങളെ എന്റെ പ്രാർത്ഥനയിൽ പ്രത്യേകമായി ഓർത്തുകൊള്ളാം. അടുത്ത ശനിയാഴ്ചവരെയാണ് ധ്യാനം. ഈ സമയങ്ങളിൽ ബഹു. വികാരി ജനറാൾ ചെറിയാൻ താഴമണ്ണച്ചനുമായി ബന്ധപ്പെട്ട് അത്യാവശ്യമായ കാര്യങ്ങൾ ചെയ്യുക. ദൈവം നമ്മുടെ രൂപതയെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ !

4. ആരോഗ്യപരമായ കാരണങ്ങളാൽ ഡാനിയേൽ തോട്ടാപ്പുരയ്ക്കലച്ചൻ ചുങ്കപ്പാറ-പുന്നവേലി ഇടവകകളുടെ ചുമതല മാറി എരുമേലി

— — — — — — — — — — — — — —

സെന്റ്.ജോർജ്ജ് ഇടവകയുടെ വികാരിയായി ചുമതല ഏൽക്കുകയാണ്. ബഹു. വർഗ്ഗീസ് മാളിയേക്കൽ അച്ചൻ ചുങ്കപ്പാറ- പുന്നവേലി ഇടവകകളുടെയും അവിടയുള്ള സ്ഥാപനങ്ങളുടെയും ചുമതലക്കാരനായി നിയോഗിക്കപ്പെട്ടിരിക്കുന്നു. ബഹു. തോട്ടാപുരയ്ക്കലച്ചന് എല്ലാ ആരോഗ്യവും പ്രാർത്ഥിക്കുന്നു. ബഹു. കണ്ടത്തിൽ വർഗീസ്സ് അച്ചൻ രോഗവിമുക്തിനേടി കൂടുതൽ പ്രവർത്തിക്കുവാൻ സാധിക്കുമെന്ന് ഡോക്ടർമാർ പറയുകയും അച്ചൻ ഇടവക ശുശ്രൂഷ ആവശ്യപ്പെടുകയും ചെയ്ത സാഹചര്യത്തിൽ അച്ചനെ മാളിയേക്കലച്ചന്റെ കൂടെ താമസിച്ചുകൊണ്ട് അസോസിയേറ്റ് വികാരിയായി നിയോഗിക്കുകയും ചെയ്തു. ബഹു. കുറിയാക്കോസ് തടത്തിലച്ചൻ സിരീയിൽ താമസിച്ചുകൊണ്ട് സുറിയാനി ഭാഷയിൽ പ്രാവീണ്യം നേടുവാൻ താൽപര്യപ്പെട്ടതനുസരിച്ച് അച്ചൻ അവിടെ താമസിക്കുകയും ഗാന്ധിനഗർ വി.അൽഫോൻസാ ഇടവകയുടെ വികാരിയായി ചുമതല ഏല്ക്കുകയും ചെയ്തിരിക്കുന്നു. ബഹു. സ്റ്റാൻലി തെങ്ങുവേലിൽ അച്ചൻ അതിരൂപതയുടെ ബൈബിൾ അപ്പോസ്തോലേറ്റ്, ഗിരിനാദത്തിന്റെ എഡിറ്റർ എന്നീ ചുമതലകൾ ഏറ്റെടുത്തിരിക്കുന്നു. ബൈബിൾ അപ്പോസ്തോലേറ്റ് ചുമതല ഇതുവരെ വഹിച്ചിരുന്ന ബഹു. പൊട്ടുകുളത്തിൽ മാത്യൂ അച്ചന് കൃതജ്ഞത അർപ്പിക്കുകയും ചെയ്യുന്നു. ബഹു. സെബാസ്റ്റ്യൻ താഴത്ത് കരിമ്പനയ്ക്കൽ OCD അച്ചൻ മുക്കട ഇടവകയുടെ വികാരിയായി നിയമിതനായിരുക്കുന്നു. ബഹു. ഏബ്രഹാം വലിയകുളത്തിലച്ചന്റെ താമസം ബഹു. വർഗ്ഗീസ് പള്ളിക്കലച്ചനോടൊപ്പം ചേറ്റുകുഴിയിൽ ക്രമീകരിച്ചിരിക്കുന്നു.


5) ഈ കോറോണക്കാലത്ത് പള്ളിയും ആരാധനയും കൂട്ടായ്മയും ലഭ്യമാകാത്ത സാഹചര്യത്തിൽ കുട്ടികളിൽ ആഴമായ വിശ്വാസാഭിമുഖ്യവും ദൈവവിചാരവും ഉണ്ടാകുവാനും ആഗ്രഹിച്ചുകൊണ്ട് ഏറ്റം ശ്രദ്ധേയമായ നിലയിൽ അതിരൂപതയുടെ മീഡിയ ഡയറക്ടർ ആയ സന്തോഷ് അഴകത്തച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ച 'ക്രേദോ ദ ഈത്തോ' എന്ന യൂട്യൂബ് ചാനൽ വഴി ക്ലാസുകൾ ഭംഗിയായി ക്രമീകരിച്ചു വരുന്നു. വലിയ അദ്ധ്വാനവും പണച്ചെലവും ഉള്ള ഈ സംരംഭം വിജയപ്രദമായി തുടരുന്നു എല്ലാ മതദ്ധ്യാപകരും മാതാപിതാക്കളും വികാരിമാരും സന്യസ്തരും ഈ കാര്യത്തിൽ വലിയ പിന്തുണ കൊടുക്കണം. നമ്മുടെ മക്കളെ ദൈവപൈതങ്ങളായി നമ്മുക്ക് വളർത്തിയെടുക്കാം.

6) നാളെ ആഴ്സിലെ വിയാനി പുണ്യവാളന്റെ തിരുനാളാണ്. ഇടവക വൈദികരുടെ മധ്യസ്ഥനായിട്ടാണ് ഈ വിശുദ്ധൻ പ്രധാനമായും

— — — — — — — — — — — —

അറിയപ്പെടുന്നത്. നമ്മുടെ അച്ചന്മാർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. വി. വിയാനി പുണ്യവാളനെപ്പോലെ ആടുകൾക്കുവേണ്ടി ജീവിക്കുവാൻ, അവരെ ദൈവത്തിലേക്ക് കൊണ്ടുവരുവാൻ, സ്വന്തകാര്യവും താൽപര്യവും മാറ്റിവെച്ച് ജനത്തെ ശുശ്രൂഷിക്കുവാൻ, ഇവർക്കുവേണ്ടി പ്രാർത്ഥിക്കാം. ഗോതമ്പുമണി നിലത്തുവീണ് അഴിയുമ്പോഴാണല്ലോ ഫലം പുറപ്പെടുവിക്കാൻ പ്രാപ്തിയുള്ളതാകുന്നത്. നമ്മെ സംബന്ധിച്ച് ആഗസ്റ്റ് 4-ന് നമ്മുടെ ജൂബിലേറിയൻസിനെ അനുമോദിക്കുന്ന ഒരു പാരമ്പര്യവും ഉണ്ട് ഈ വർഷം ബഹു. കുളങ്ങര എബ്രഹാം, ജെയിംസ് കുമ്പന്താനത്ത്, ജോസ് മണ്ണൂർ കിഴക്കേതിൽ, മാത്യൂ നിറകണ്ടത്തിൽ, ജോർജ്ജ് തേക്കടയിൽ എന്നീ വൈദികർ രജത ജൂബിലി ആഘോഷിക്കുന്നു. ഇവരുടെ സമർപ്പണവും ത്യാഗോജ്ജ്വലമായ നേതൃത്വവും സഭാ സ്നേഹവും സഹജീവികളോടുള്ള കരുതലും പ്രത്യേകം സ്മരിക്കപ്പെടേണ്ടതാണ്. അതിരൂപതാ കുടുംബത്തിന്റെ പേരിൽ ഈ സഹോദരങ്ങൾക്കെല്ലാം ജൂബിലി മംഗളങ്ങൾ നേരുന്നു. തുടർന്നും ഈ വൈദിക സഹോദരങ്ങളെ ദൈവം അനുഗ്രഹിക്കുമാറാകട്ടെ എന്നു പ്രാർത്ഥിച്ച് അവർക്ക് ഏവർക്കും ആത്മീയ നന്മകളും ശാരിരീകാരോഗ്യവും നേരാം. ദീർഘനാളായി ഡൽഹിയിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന വാഴക്കുന്നത്ത് ബഹു. ഫിലിപ്പ് അച്ചൻ ഈ അടുത്തിടെ ഗുഡ്ഗാവ് രൂപതാംഗമായി മാറിയെങ്കിലും പ്രിയ അച്ചനും മാതൃരൂപതയുടെ ജൂബിലി മംഗളങ്ങൾ നേരുന്നു ! ബഹു. ചെറിയാൻ താഴമൺ അച്ചൻ രചിച്ച മൺമറഞ്ഞ വൈദികരെപ്പറ്റിയുള്ള **''അറിയാൻ, ആദരിക്കാൻ, അനുകരിക്കാൻ'** എന്ന ഗ്രന്ഥവും ബഹു. തോമസ് പറക്കോട്ടച്ചൻ എഴുതി **''സുറിയാനി വ്യാകരണ സഹായി, പാശ്ചാത്യസുറിയാനി വായന സഹായി''** എന്നീ ഗ്രന്ഥങ്ങളും ബഹു. മാത്യു ചിറയിലച്ചൻ രചിച്ച **''യേശു സൗഖ്യദായകൻ''** എന്നീ ഗ്രന്ഥങ്ങളും കൊറോണ കാലത്തെ നമ്മുടെ വൈദികരുടെ തപസ്യയുടെ ഫലമാണ്. ഈ വലിയ സംരംഭങ്ങളെ സന്തോഷത്തോടെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഇവർക്ക് എല്ലാ വിജയങ്ങളും നേരുന്നു.

നിങ്ങളെ എല്ലാവരെയും ഓർത്ത് പ്രാർത്ഥിക്കുന്നു.
ക്രിസ്തുയേശുവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,



✠ തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പ്
തിരുവല്ല അതിഭദ്രാസനം.

# SYRO MALANKARA CATHOLIC CHURCH
## ARCHDIOCESE OF TIRUVALLA

**Most. Rev.Dr.Thomas Mar Koorilos**
Metropolitan Archbishop of Tiruvalla

**Catholic Archbishop's House, Marygiri**
P.B.No.4, Tiruvalla - 689101

**Circular No. 7 / 2020**
17.08.2020

ബഹു. ജനറാളച്ചന്മാരെ, കോർഎപ്പിസ്ക്കോപ്പാമാരെ, റമ്പാച്ചാ, വൈദിക സഹോദരങ്ങളെ, സന്യസ്തരെ, പ്രിയ അല്മായ സഹോദരങ്ങളെ!

കഴിഞ്ഞ സർക്കുലറിന്റെ തുടർച്ചയായി ഏതാനും കാര്യങ്ങൾ കൂടി അറിയിക്കുന്നു. എല്ലാവരും സുഖമായിരിക്കുന്നു എന്ന് കരുതുന്നു, അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**1.** എരുമേലി മേഖലയുടെ വികാരിയായി പെരിയ ബഹു. സ്കറിയ വട്ടമറ്റത്തിൽ അച്ചനെ നിയമിച്ചിരിക്കുന്നു. അച്ചന്റെ എല്ലാ പ്രവർത്തനങ്ങൾക്കും സ്വർഗ്ഗത്തിന്റെ കടാക്ഷം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**2.** ബഹു. വർഗ്ഗീസ് വള്ളിക്കാട്ട് അച്ചൻ കഴിഞ്ഞ ആറ് വർഷക്കാലം കെ. സി. ബി. സി. ഡെപ്യൂട്ടി സെക്രട്ടറിയായി വിലപ്പെട്ട ശുശ്രൂഷ നിർവ്വഹിച്ചശേഷം അതിഭദ്രാസനത്തിലെ അജപാലന ശുശ്രൂഷയിലേക്ക് പ്രവശിച്ചിരിക്കുന്നു. രാമക്കൽമേട്, കൂട്ടാർ ഇടവകകളുടെ വികാരിയും, ഹൈറേഞ്ച് മേഖലയിലെ മിഷൻ പ്രവർത്തനങ്ങൾ കൂറെക്കൂടി വിപുലീകരിക്കുവാനും പുനരൈക്യ, സുവിശേഷ വല്ക്കരണ ശുശ്രൂഷകൾ ജീവിതഗന്ധിയായി പ്രായോഗിക തലത്തിൽ അനുവർത്തിക്കുവാൻ ഏവരെയും ശാക്തീകരിക്കുക എന്ന ചുമതലയോടുകൂടി ഹൈറേഞ്ച് മേഖലയിലെ മിഷൻ കോഡിനേറ്ററും ആയി ചുമതല ഏറ്റിരിക്കുന്ന അച്ചന്റെ എല്ലാപ്രവർത്തനങ്ങളിലും ദൈവകൃപനിറയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**3.** ബഹു. ചാക്കോ മേലേടത്ത് അച്ചൻ റേഡിയോ മാക്ഫാസ്റ്റിന്റെ ഡയറക്ടർ ആയി ചുമതല ഏറ്റിരിക്കുന്നു. അച്ചന്റെ പ്രവർത്തനങ്ങൾക്ക് ദൈവകൃപ സമൃദ്ധമായി ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**4.** സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ തിരുവല്ല സെൻട്രൽ കൗൺസിലിൽ പ്രസിഡണ്ടായി തിരുമൂലപുരം പാക്കാനിക്കുഴിയിൽ ശ്രീമതി ലെനി ഏബ്രഹാം തെരഞ്ഞെടുക്കപ്പെട്ടു. ഇത്തവണയും ഒരു വനിത തന്നെ പ്രസിഡണ്ടായിതിൽ നമുക്ക് സന്തോഷമുണ്ട്. പുതിയ പ്രസിഡണ്ടിനും എല്ലാ വിൻസെൻഷ്യൻ അംഗങ്ങൾക്കും

സ്നേഹവും ആദരവും  ആശംസകളും നേരുന്നു. മുൻപ്രസിഡണ്ട് ശ്രീമതി സെലിൻ ജോർജ്ജ് തെങ്ങുംതോട്ടം തെക്കേവീട്ടിലിനോടുള്ള നന്ദി ഇത്തരുണത്തിൽ അറിയിക്കുന്നു. അല്മായ സഹോദരങ്ങളിലൂടെയുള്ള സഭയുടെ ഈ ഉപവി പ്രവർത്തനം പ്രോത്സാഹിപ്പിക്കപ്പെടണം. എല്ലാവരും ഈ ശുശ്രൂഷയ്ക്കുവേണ്ട കൈത്താങ്ങൽ നൽകണം.

**5.** അതിഭദ്രാസന അജപാലനസമിതിയുടെ ഒരു യോഗം **ഓഗസ്റ്റ് 22** ന് ശനിയാഴ്ച ഓൺലൈനായി നടത്തപ്പെടുന്നു. കാലിക പ്രസക്തമായ വിഷയങ്ങൾ ചർച്ചചെയ്യപ്പെടുന്ന മീറ്റിംഗിൽ അംഗങ്ങൾ സജീവമായ പങ്കെടുക്കണമെന്ന് അനുസ്മരിക്കുന്നു.

ക്രിസ്തുയേശുവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,



✠ **തോമസ് മാർ കൂറിലോസ്**
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്,
തിരുവല്ല അതിഭദ്രാസനം.

— — — — — — — — — — — — — —

# SYRO MALANKARA CATHOLIC CHURCH
# ARCHDIOCESE OF TIRUVALLA

**Most Rev. Dr. Thomas Mar Koorilos**
Metropolitan Archbishop of Tiruvalla

Catholic Archbishop's House,
Marygiri, P. B. No. 4, Tiruvalla -1

P. L /Prot. No. 01/2020

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും പരിശുദ്ധ സുന്നഹദോസിന്റെ നിശ്ചയപ്രകാരവും തിരുവല്ല അതിഭദ്രാസനത്തിന്റെ മെത്രാപ്പോലിത്തൻ ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്തായിൽ നിന്നും

നമ്മുടെ ശ്ലൈഹിക ശുശ്രൂഷയ്ക്ക് ഭരമേല്പിക്കപ്പെ ട്ടിരിക്കുന്ന വന്ദ്യ കോർഎപ്പിസ്കോപ്പാമാർക്കും ബഹു. വൈദികർക്കും സന്ന്യസ്തർക്കും ദൈവജനത്തിനും വാഴ്‌വ്.

സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.

**വലിയനോമ്പ്**

കർത്താവ് അരുളിച്ചെയ്യുന്നു: ഇപ്പോഴെങ്കിലും ഉപവാസത്തോടും വിലാപത്തോടും നെടുവീർപ്പോടുംകൂടെ നിങ്ങൾ പൂർണ്ണഹൃദയത്തോടെ എന്റെ അടുക്കലേക്കു തിരിച്ചുവരുവിൻ. നിങ്ങളുടെ ഹൃദയമാണ് വസ്ത്രമല്ല കീറേണ്ടത്.....അവിടുന്ന് ഉദാരമതിയും കാരുണ്യവാനും ക്ഷമാശീലനും സ്നേഹസമ്പന്നനുമാണ്. (ജോയേൽ 2:12-13).

നമുക്കുചുറ്റും കാർമേഘം ഉരുണ്ടുകൂടികൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, തിന്മയുടെ കരാളഹസ്തങ്ങൾ ആഴത്തിൽ പിടിമുറുക്കിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ, വിചിത്രമായ ദേശീയതയുടെ പേരിലും സംഘടിതമായ തീവ്രവാദ പ്രവർത്തനങ്ങളുടെ നടുവിലും പതറിപ്പോകാത്ത ആത്മീയത മറ്റേതുകാലത്തേക്കാൾ കൂടുതൽ ഇന്ന് ആവശ്യമായി വന്നിരിക്കുന്നു. ആത്മീകത പൊതുകാര്യങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടം അല്ല. മറിച്ച്, മനുഷ്യമനസ്സുകളെ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും കലവറകളാക്കുവാനുള്ള ദൈവികതയാണ്. ദൈവം മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു. അതായത്, മനുഷ്യന്റെ അന്തസ്സത്ത ദൈവികതയാണ്, അവന്റെ ഉള്ളിൽ നന്മ

യുടെ തേജസ് കത്തുന്നുണ്ട്. തിന്മ എത്രമേൽ അവനെ ആക്രമിച്ചാലും അവയെ അതിജീവിക്കുവാൻ ദൈവം അവനു കരുത്തു നൽകിയിട്ടുണ്ട്. നന്മയുടെ ഉൾവിളി പിൻചെന്ന് അവൻ പൂർണ്ണ നന്മയുള്ളവനാകണം എന്നുസാരം.

നോമ്പിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് ദൈവത്തോടുകൂടി വസിക്കുക - ഉപവസിക്കുക എന്നതാണ്. ചില ഇടങ്ങളാണ് മനുഷ്യനെ പാപത്തിനു അടിമകളാക്കുന്നത്. മട്ടുപ്പാവിൽ ഉലാത്തിക്കൊണ്ടിരുന്ന നേരത്താണ് ദാവീദ് പാപം ചെയ്യാൻ ഇടയായത്. പാപം വാതിൽക്കൽ തന്നെ പതിയിരിപ്പുണ്ടെന്ന് ഓർക്കണം. അതു നിന്റെമേൽ താത്പര്യം വച്ചിരിക്കുന്നു (ഉല്പത്തി 4:7). പാപത്തിനു നമ്മുടെ മേലുള്ള താത്പര്യത്തെ നാം തിരിച്ചറിയണം. ഉപവാസം എന്ന വാക്കിന്റെ അർത്ഥം അടുത്തുവസിക്കുക, അടുത്തുപാർക്കുക എന്നാണ്. നാം നമ്മെ തന്നെയും നമ്മുടെ ജീവിതക്രമങ്ങളെയും മാറ്റുന്നത് ഇപ്രകാരം ദൈവത്തോടുകൂടി വസിക്കുമ്പോഴാണ്. അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവീൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം (മത്തായി 11:28–29) എന്ന നാഥന്റെ വാക്കുകൾ ഓർക്കാം. തിന്മയെ കീഴ്പ്പെടുത്തുവാൻ അദ്ധ്വാനിക്കുന്നവർ, സ്വയം ശുദ്ധീകരിക്കുവാൻ പരിശ്രമിക്കുന്നവർ, തഴക്കദോഷങ്ങളുടെ ഭാരത്താൽ വലയുന്നവർ, ആഗ്രഹിക്കാത്ത തിന്മ വീണ്ടും വീണ്ടും ചെയ്തു വലയുന്നവർ; എല്ലാവർക്കുമുള്ള അത്താണിയാണ് യേശുനാഥൻ, അവന്റെ കൂടെയുള്ള വാസം. എമ്മാവൂസിലേക്കുപോയ ശിഷ്യന്മാർക്ക് അപരിചിതനായ ഗുരുവിനോടു പറയാനുണ്ടായിരുന്നത് ഞങ്ങളോടൊത്തു വസിക്കണം എന്നായിരുന്നു. പകൽ അസ്തമിക്കുകയും രാത്രിവരുകയും ചെയ്യുമ്പോൾ അവരറിയാതെ തന്നെ തങ്ങളുടെ ജീവിതത്തിലേക്കു ക്ഷണിച്ചത് പ്രകാശം തന്നെയായ ക്രിസ്തുവിനെ ആയിരുന്നു. യേശു അടുത്തുവസിക്കുമ്പോൾ മാത്രമെ നമുക്കു ധൈര്യംപൂർവ്വം ഏതുപ്രതിസന്ധിയേയും നേരിടാൻ കഴിയൂ.

നോമ്പിലെ ഉപവാസം പ്രധാനമായും കർത്താവിനോടൊത്തു വസിക്കുക എന്നതിലാണ്. ഉയിർത്തെഴുന്നേറ്റ കർത്താവിനെകണ്ട ശിഷ്യന്മാർ അടിമുടി മാറിപ്പോയി. പൗലോസ് പറയുന്നു: ഇതാ ഇപ്പോൾ പരിശുദ്ധാത്മാവിനാൽ നിർബന്ധിതനായി ഞാൻ ജറുസലേമിലേക്കു പോകുന്നു. അവിടെ എനിക്ക് എന്തു സംഭവിക്കുമെന്ന് അറിഞ്ഞുകൂടാ. കാരാഗൃഹവും പീഡനങ്ങളുമാണ് എന്നെ കാത്തിരിക്കുന്നതെന്ന് എല്ലാ നഗരത്തിലും പരിശുദ്ധാത്മാവ് എനിക്കു വ്യക്തമാക്കിത്തരുന്നുണ്ട് എന്നു മാത്രം എനിക്കറിയാം. എന്നാൽ, എന്റെ ജീവൻ ഏതെങ്കിലും വിധത്തിൽ വിലപ്പെട്ടതായി ഞാൻ കാണക്കാക്കുന്നില്ല. എന്റെ ഓട്ടം പൂർത്തിയാ

ക്കണമെന്നും ദൈവത്തിന്റെ കൃപയുടെ സുവിശേഷത്തിനു സാക്ഷ്യം നൽകാൻ കർത്താവായ യേശുവിൽനിന്നു ഞാൻ സ്വീകരിച്ചിട്ടുള്ള ദൗത്യം നിർവഹിക്കണമെന്നും മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളു (അപ്പ. 20: 22-24).

ആദ്യത്തെ സഹദായായ സ്തേഫാനോസിനും ഇതുതന്നെയാണ് പറയാനുള്ളത്. സ്വർഗ്ഗത്തിൽ പിതാവിന്റെ വലത്തുഭാഗത്ത് ഇരുക്കുന്ന ക്രിസ്തുനാഥനെകണ്ട സഹദായ്ക്ക് തന്റെ നേരെ പാഞ്ഞടുക്കുന്നയ ഹൂദരെയോ, ഉഗ്രങ്ങളായ കല്ലുകളെയോ അല്ല കാണാൻ കഴിഞ്ഞത്. അടുത്തു വസിക്കുന്ന ഏതൊരു വ്യക്തിയ്ക്കും സംഭവിക്കുന്ന നന്മയാണിത്.

ഈ നോമ്പിൽ നാം ദൈവത്തോട് ഇപ്രകാരം അടുത്തു വസിക്കണം. വചന വായന, പ്രാർത്ഥന, കൂദാശസ്വീകരണം തുടങ്ങിയവയിലൂടെയാണ് അടുത്തുവസിക്കുന്നത്. ഇപ്രകാരം ദൈവത്തെകൊണ്ടും വചനത്തെകൊണ്ടും നിറയുമ്പോൾ നമുക്കു ഭൗതീക വസ്തുക്കളും നമുക്ക് അത്യാവശ്യമെന്നുതോന്നിയിരുന്നവപോലും വേണ്ടാ എന്നോ മാറ്റിവയ്ക്കാനോ കഴിയും. യേശുനാഥനോടുള്ള ചങ്ങാത്തം ശക്തമാകുമ്പോൾ നമ്മുടെ വിലയിരുത്തലുകളിൽ മാറ്റമുണ്ടാകും. ഇന്നലെകളിൽ പ്രാധാന്യമായി കണ്ടവ അല്ല ഇന്ന് പ്രധാനപ്പെട്ടത്. എന്തും ഉപേക്ഷിക്കുവാനും ഏതു ത്യാഗവും സ്വീകരിക്കുവാനും ഒരുവൻ സന്നദ്ധനാകും. ആദിമസഭാചരിത്രത്തിലെ മഹത്തായ മുത്തുകളാണ് പത്രോസിന്റെയും അന്ത്യോക്യയിലെ വി. ഇഗ്നാത്തിയോസിന്റെയും രക്തസാക്ഷിത്വം. റോമാപടയാളികൾ പിടിച്ചുകൊണ്ടുപോയി ക്രൂരമായി പീഡിപ്പിച്ച് കൊല്ലുമെന്നറിയുന്ന ഇഗ്നാത്തിയോസ് ഓടി രക്ഷപ്പെടുന്നില്ല, യേശുനാഥനു വേണ്ടി മരിക്കുന്നതിനേക്കാൾ വലിയ സന്തോഷമില്ല എന്നു പ്രഘോഷിക്കുകയാണ് ചെയ്യുന്നത്.

നാം ഭയപ്പെടുന്നതും ഒളിച്ചോടുന്നതും സന്ധികൾക്കു ശ്രമിക്കുന്നതും ഒഴിവുകഴിവുകൾ പറയുന്നതും ഉയിർത്തെഴുന്നേറ്റ ക്രിസ്തുനാഥനെ കണ്ടുമുട്ടാത്തതുകൊണ്ടാണ്. നാം നമ്മുടെ സുരക്ഷിതത്വങ്ങളുടെ മാളങ്ങളിലേക്കൊളിക്കുന്നതും, മിഷൻ ചൈതന്യം നഷ്ടപ്പെടുത്തി സ്വകാര്യതകളിലേക്കും തുലോം നിസ്സാരമായവയിലേക്കും ഉൾവലിയുന്നതും ഇതുകൊണ്ടാണ്. കർത്താവിനെ അറിയാത്തവർക്ക് അവനെ പകർന്നു നൽകുവാനും എല്ലാവരാലും കർത്താവു സ്നേഹിക്കപ്പെടുവാനും നാം പരിശ്രമിക്കേണ്ടതുണ്ട്. ക്രിസ്തീയ ജീവിതത്തിന്റെ അഗ്നി നാം തെളിച്ചുകൊണ്ടേയിരിക്കണം. പ്രതിസന്ധികളും പീഡനങ്ങളും അസൗകര്യങ്ങളും സുവിശേഷത്തെപ്രതി സഹിക്കുവാൻ നാം തയ്യാറാക

ണം. ഈ നോമ്പിന്റെ നന്മ മിഷനുവേണ്ടിയുള്ള നമ്മുടെ മാനസാന്തര മായിരിക്കട്ടെ.

നോമ്പിന്റെ മറ്റൊരു പ്രധാനഘടകം ആണ് വർജ്ജന. ഏദൻ തോട്ടത്തിൽ വച്ചുതന്നെ വർജ്ജനയുടെ കൽപ്പന ദൈവം മനുഷ്യനു നൽകിയതാണ്. ദൈവം എല്ലാം നന്മയ്ക്കായിട്ടാണ് നൽകിയതെങ്കിലും മനുഷ്യൻ അവ തിന്മയായി കാണാനും ഉപയോഗിക്കുവാനും ശ്രമിച്ചു. സൃഷ്ടവസ്തുക്കളുടെ ഉടയവനെ മറന്ന് അവ ആസ്വദിക്കുവാൻ തുടങ്ങി. അങ്ങനെ സ്രഷ്ടാവിലേക്കല്ല മറിച്ച് അത്യാഗ്രഹത്തിലേക്കും സ്വാർത്ഥതയിലേക്കും സുഖലോലുപതയിലേക്കും അവൻ വീണു. നന്മയായി വേണ്ടത് തിന്മയായി പരിണമിച്ചു. വർജ്ജനയിലൂടെ മനുഷ്യനിലെ ഈ തിന്മകളെ പരിഹരിച്ചു പരമനന്മയായ ദൈവത്തിലേക്കു വളരുവാൻ ദൈവം മനുഷ്യനെ ഒരുക്കുകയാണ്. ശരീരത്തിന്റെ ഇച്ഛകളെയും തൃഷ്ണകളെയും നിയന്ത്രിക്കുന്നതിനും ആത്മാവിന്റെ പോഷണം ശക്തമാക്കുന്നതിനും ഇതുസഹായിക്കും. ഭക്ഷണപദാർത്ഥങ്ങൾ മാത്രമല്ല, നമ്മെ അടിമത്വത്തിലേക്കും മോശപ്പെട്ട തഴക്കങ്ങളിലേക്കും നയിക്കുന്ന കാര്യങ്ങൾകൂടി വർജ്ജിക്കണം. ചിലരെ സംബന്ധിച്ചു മൊബൈലിന്റെ അമിത ഉപയോഗം ആവാം, മറ്റുചിലർക്ക് നാവിന്റെ നിയന്ത്രണം ആവാം, ഇനിയും ചിലർക്ക് മദ്യം മയക്കുമരുന്ന് ഇവകളുടെ ഉപയോഗത്തിൽ നിന്നുമുള്ള വിടുതൽ ആവാം. ദൈവം നൽകിയ വസ്തുവകകൾ നന്ദിയോടെയും മിതത്വത്തിലും  ഉപയോഗിക്കുവാൻ നാം പരിശീലിക്കണം.

ഇപ്രകാരം ചെയ്യുമ്പോൾ ശരീരത്തിന്റെയും മനസ്സിന്റെയും നന്മകൾ വർദ്ധിക്കുന്നതിനും സ്വയശിക്ഷണം ആർജ്ജിക്കുന്നതിനും നോമ്പ് സഹായകമാകാം. എന്നാൽ ഈ ഭൗതീക നന്മയ്ക്കും ആരോഗ്യത്തിനും വേണ്ടി നോമ്പിനെകാണുന്നത് ക്രിസ്തീയ വിശ്വാസത്തിൽ ഭൂഷണമല്ല. നമ്മുടെ ജീവിതത്തിൽ ദൈവത്തിനു പ്രവർത്തിക്കുവാനുള്ള പൂർണ്ണമായ സ്വാതന്ത്ര്യം നൽകുന്ന അവസ്ഥയിലേക്കു വർജ്ജന വളരുമ്പോഴാണ് അതു പുണ്യമാകുന്നത്.

ദാനധർമ്മം നോമ്പിന്റെ മറ്റൊരു പ്രധാന ഘടകം ആണ്. മനുഷ്യന്റെ ഒരു വാസനയാണ് വസ്തുവകകളും സമ്പത്തുകളും നേടിയെടുക്കുക എന്നത്. ചിലരിൽ ഇത് ആർത്തിയും അത്യാർത്തിയുമായിതീരാറുണ്ട്. എല്ലാം തനിക്കുവേണമെന്നും തന്റെ അധീനതയിൽ ആയിരിക്കണമെന്നുമുള്ള മനോഭാവം. ഇന്ന് ലോകത്തിൽ കാണുന്ന അസമത്വങ്ങൾക്കും അനീതിയ്ക്കും കാരണം മനുഷ്യന്റെ അത്യാർത്തിയാണ്. പ്രകൃതിയെ ചൂഷണം ചെയ്യുന്നതിനും വസ്തുവകകൾ അമിതമായി ഉപയോഗിച്ചു തീർക്കുന്നതിനും മനുഷ്യൻകാണിക്കുന്ന ഈ ഭ്രാന്ത് അനേകം ദുരന്തങ്ങൾക്കു കാരണമാകുന്നു. ഭാരതത്തിലെ ഒരുശതമാനത്തിൽ

— — — — — — — — — — — — —

താഴെമാത്രമുള്ള സമ്പന്നരാണ് ഏതാണ്ട് 90% സമ്പത്ത് കൈയ്യിലാക്കിയിരിക്കുന്നത്. പ്രകൃതിയെക്കുറിച്ച് ശ്രദ്ധയില്ലാത്ത തരത്തിൽ സുഖസൗകര്യങ്ങൾക്കുവേണ്ടി മനുഷ്യൻ തുനിഞ്ഞിറങ്ങുമ്പോൾ അന്തരീക്ഷത്തിൽ വിഷവായുവിന്റെ അളവ് ഗണ്യമായി ഉയരുന്നു. അമിതമായ അന്തരീക്ഷ ഊഷ്മാവ് അപകടകാരിയായി ഉയരുന്നു. കരകൾ കടലിന്റെ ഭാഗമായിക്കൊണ്ടിരിക്കുന്നു. മത്സ്യസമ്പത്തുഗണ്യമായികുറയുന്നു. സമുദ്രതീരം വല്ലാതെ ചൂടുപിടിച്ച് ന്യൂനമർദ്ദങ്ങൾ സാധാരണമാകുന്നു. പുഴകൾ വറ്റുന്നു. കരയിൽ ഉപ്പിന്റെ സാന്നിദ്ധ്യം ഗണ്യമായി ഉണ്ടായി കൃഷികൾ നശിക്കുന്നു.

നാം ഇന്ന് അനുഭവിക്കുന്ന ചില അവസ്ഥകളാണ് ഇവ. ആയതുകൊണ്ട് നല്ല ആത്മീകതയും പ്രകൃതിയ്ക്കിണങ്ങുന്ന സാമൂഹികനീതിയും ധാർമ്മികതയും അനിവാര്യമായിരിക്കുന്നു. പണം നമുക്കാവശ്യമാണ്. എന്നാൽ അതല്ല ജീവിതം. ദൈവം സൃഷ്ടിച്ച ഈ പ്രപഞ്ചത്തിൽ എല്ലാവർക്കും വേണ്ടതുണ്ട്. ഇത് മനസ്സിലാക്കുവാൻ നമുക്കു ശ്രദ്ധിക്കാം. മറ്റുള്ളവരുടെ ആവശ്യങ്ങളിൽ ഹൃദയപൂർവ്വം നമുക്ക് സഹകരിക്കാം. ആർഭാടവും ധൂർത്തും ദൈവകോപം വിളിച്ചുവരുത്തും. മറ്റുള്ളവനുള്ളതാണ് നമ്മുടെ ധാരാളിത്വത്തിൽ ചെലവഴിക്കപ്പെടുന്നതെന്ന് നാം അറിയണം. ആദിമസഭയിലെപ്പോലെ എല്ലാം എല്ലാവരുമായി പങ്കുവയ്ക്കാൻ സാധിക്കുന്നതരത്തിൽ നമ്മുടെ മനഃസാക്ഷിയെ ഉണർത്താം.

നോമ്പുകാലം നമുക്കും നമ്മുടെ ചുറ്റുപാടുള്ളവയ്ക്കും പുതുക്കം തരുന്ന അനുഭവമായിതീരട്ടെ! ആദം പാപാവസ്ഥയിലായപ്പോൾ അവൻ മാത്രമല്ല, സർവ്വജീവജാലങ്ങളും പ്രകൃതിതന്നെയും അതിന്റെ ശിക്ഷയെറ്റുവാങ്ങേണ്ടിവന്നു. മനുഷ്യന്റെ സ്വയശുദ്ധീകരണവും ദൈവവുമായുള്ള അനുരഞ്ജനവും പ്രകൃതിയിൽ വലിയ വ്യത്യാസങ്ങൾ ഉളവാക്കും. കൊറോണപോലെയുള്ള രോഗാണുക്കളുടെ വ്യാപനം നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. നാം ഇനിയും ഈ ഭൂമിക്കുഭാരം നൽകുവാൻ പാടില്ല.

അതിശക്തമായ പ്രാർത്ഥന ആവശ്യമായിരിക്കുന്ന ഒരു കാലഘട്ടമാണ് നമ്മുടേത്. ദൈവം പ്രവൃത്തിച്ചു എങ്കിൽ മാത്രമേ ഈ പ്രതിസന്ധിയിൽ നിന്നും നന്മ പുറപ്പെടുവിക്കാൻ നമുക്ക് സാധിക്കൂ. സഭയേയും അതിന്റെ സംവിധാനങ്ങളെയും ഏതു വിധേനയും ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ ധാരാളം ഛിദ്രശക്തികൾ സംഘടിതമായി പ്രവൃത്തിക്കുന്നു. സഭയിലെ ചെറിയ വിഷയങ്ങൾപോലും ഏറ്റെടുത്ത് വലിയ പ്രശ്നമാക്കുവാനും സഭാശുശ്രൂഷകരെയും വിശ്വാസികളെയും തമ്മിൽ ഭിന്നിപ്പിക്കുവാനും ധാരാളം ശ്രമങ്ങൾ നടക്കുന്നത് നാം ശ്രദ്ധിക്കാതിരിക്കരുത്. തീർച്ചയായും നമ്മുടെ ഇടയിൽ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുവാനും മാനുഷികമായ കുറവുകൾ മൂലം എന്തെങ്കിലും സംഭവിച്ചാൽ അവയെ

— — — — — — — — — — — —

ഉത്തരവാദിത്വപൂർണ്ണമായി പരിഹരിക്കുവാനും എല്ലാവരും ശ്രദ്ധിക്കണം. നിസാരകാര്യങ്ങൾക്ക് അവ അർഹിക്കുന്ന പ്രാധാന്യമെ കൊടുക്കാവൂ. കർത്താവും അവിടുത്തെ സഭയും പരസ്യമായി എതിർക്കപ്പെടുന്നതും വിശ്വാസത്തിനു ഉതപ്പുവരുന്ന രീതിയിൽ കാര്യങ്ങൾ കൊണ്ടെത്തിക്കുന്നതും നമ്മുടെ സഭാജീവിതത്തിനു ഒട്ടും സഹായകമാകുകയില്ല. പ്രതികൂലശക്തികൾ വളരെ ശക്തമായി സംഘടിക്കു മ്പോൾ, ദൈവമക്കൾ അവയെ തടയേണ്ടത് പ്രാർത്ഥനകൊണ്ടും ശക്തമായ ഉപവാസം കൊണ്ടുമായിരിക്കണം.

വിശ്വാസം കൊണ്ടുജ്വലിക്കുന്ന കുറെപ്പേർ എങ്കിലും ഉണ്ടെങ്കിൽ ശത്രുവിനെതിരെ അതിശക്തമായ കോട്ട തീർക്കാൻ നമുക്കു കഴിയും. എന്റെ വാത്സല്യമക്കളേ പതിർപ്പോലെ സാത്താൻ നമ്മെ കൊഴിക്കാൻ ശ്രമിക്കുമ്പോൾ ഉണർന്നെഴുന്നേറ്റു പ്രാർത്ഥിക്കാനുള്ള നാഥന്റെ കല്പന നമുക്കു പിൻചെല്ലാം. ആത്യന്തിക വിജയം നമ്മുടെ കർത്താവിനുള്ളതാണ്. എന്നാൽ അവിടം വരെയുള്ള യാത്രയിൽ നമ്മുടെ മറുപടിയും ശ്രദ്ധാപൂർവ്വമായ ജീവിതവും വിലപ്പെട്ടതാണ്. നമുക്കുവേണ്ടി ഒഴുക്കപ്പെട്ട അവിടുത്തെ തിരുരക്തം നഷ്ടപ്പെടാൻ നാം അനുവദിക്കരുത്. നോമ്പിന്റെ ഈ നാളുകളിൽ സ്വർഗ്ഗത്തിന്റെ സംരക്ഷണത്തിനായി നമുക്കുണർന്നു പ്രവൃത്തിക്കാം. അനുഗൃഹീതമായ ഒരു നോമ്പുകാലം നിങ്ങൾക്കേവർക്കും ആശംസിക്കുന്നു. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും അപ്പോസ്തോല സമൂഹത്തിന്റെയും, വിശിഷ്യ ഇന്ത്യയുടെ കാവൽ പിതാവായ മാർത്തോമ്മ ശ്ലീഹായുടെയും തിരുവല്ല അതിഭദ്രാസനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥരായ വിശുദ്ധ യോഹന്നാൻ ശ്ലീഹായുടെയും വേദപാരംഗതയായ വിശുദ്ധ കൊച്ചുത്രേസ്യായുടെയും സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി.



✠ തോമസ് മാർ കൂറിലോസ്

മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്,

തിരുവല്ല അതിഭദ്രാസനം.

മേരിഗിരി,

22.02.2020.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.................

---

**NB** : ഈ കല്പന അടുത്ത ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും വി. കുർബാന അർപ്പിക്കുന്ന കേന്ദ്രങ്ങളിലും പരസ്യമായി വായിക്കേണ്ടതാണ്.

# Archdiocese of Tiruvalla

## Transfer List of Priests with effect from 08th February 2020

| Sl.No. | Name | Relieving place/office | New place/office |
|---|---|---|---|
| 1. | Rev. Fr. Shaji Behanan Cherupelathil | Marygiri School Kochukamashi parish | Ayroor, Kanjeettukara, Proto - Ranni |
| 2. | Rev. Fr. Joseph Kalapurackal | Asst. to Rev. Fr. M. Vettiyil | Kadavanad plantations |
| 3. | Rev. Fr. Mathew Vettiyil | Karikkenmedu | Murikassery & Marygiri |
| 4. | Rev. Fr. Thomas Thaikattu | Niranam Central Pandankary | Kallumkal, Dir. Family Apostolate & Santhinilayam |
| 5. | Rev. Fr. Dr. Philip Anjilimoottil | Vakathanam, Dir. Family Apostolate, Santhinilayam | Kunnamthanam, Beth Abo, Res. at Thirumoolapuram |
| 6. | Rev. Fr. Jacob Areeckal | Amichikari | |
| 7. | Rev. Fr. Stanly Thenguvelil | | Amichikari |
| 8. | Rev. Fr. Mathew Chirayil | Kumarakam parish & school | Kurisumoottam, Girinadam, Res. St. John's College, Suvishesha Sangam |
| 9. | Rev. Fr. George Theckadayil | Kurisumuttam | |
| 10. | Rev. Fr. Dr. Thomas Parakkel | Kunnamthanam, Kallooppara, Sec. HG. | Thottabhagom, Paippad |
| 11. | Rev. Fr. Koshy Mannil (new priest) | | Asst. Fr. Isaac Parappallil, Vocation promoter |
| 12. | Rev. Fr. Philip Mangattethu | House Minister Marygiri Asst. to Fr. P. Payyampallil | Maalam Church & School, Manarcadu Mission |
| 13. | Rev. Fr. Dr. Varghese Manackelattu | Chinagavam, Proto. Ktm, Dir. Puthengadi, | Changanacherry |
| 14. | Rev. Fr. John Thomas Kandathinkal | Changanacherry, Corporate Manager | Chingavanam, Proto Ktm, Dir. Puthengadi |
| 15. | V. Rev. Fr. Mathew Punakulam | Proto. Tiruvalla | Corporate Manager |
| 16. | Rev. Fr. John Padipurackal (JR) | Anakkara Farm | |
| 17. | Rev. Fr. Mathew Parampil Memury | Asst. Fr. E. Puthenparambil | Anavilasam,Vandiperyar,Res. Chakkupallam, Anakkara Fa. |
| 18. | Rev. Fr. Eapen Puthenparmbil | Santhigram,Mulakaramedu | Alady |
| 19. | Rev. Fr. Thomas Kallupurackal | Kadavanadu Estate | Kumarakam parish & School |
| 20. | Rev. Fr. Mathai Manapparambil | Poozhikunnu, Thrikkomala | Edathicavu, Mannadissal |
| 21. | Rev. Fr. Sebastian Kochupurackal | Maalam, Keechal, School | Pazhayarikandom, Venmony |
| 22. | Rev. Fr. Samuel Ottakallil | Erumely, Mukkada | Ancherry (Res.), Keechal |
| 23. | Rev. Fr. Thomas Mannil | Ancherry | Meendam North |
| 24. | Rev. Fr. Varghese Malieckal | Alappuzha & Matha School | Erumely,Mukkada, Pro. Erumely |
| 25. | Rev. Fr. Joseph Kochuvadavana | Meenadom North | |
| 26. | Rev. Fr. Daniel Thottapurackal | Edathikavu, Mannadishala | Chunkappara, Punnavely |
| 27. | Rev. Fr. Antony Chethipuzha | Kumbanadu, Kuriyanoor, Kanjirappara, Pre.CBSE Sc, Suvishesha Sangam | Alappuzha & Matha School |
| 28. | Rev. Fr. Varghese Kandathil | Asst. Fr. A. Chethipuzha | leave |
| 29. | Rev. Fr. Chacko Meledathu | Ramakalmedu, Koottar | Kanjirappara, Kuriyanoor, Radio MACFAST & Warden |
| 30. | Rev. Fr. Varghese Vallikattu | POC | Ramakalmedu, Koottar + Mission exploration |
| 31. | Rt.Rev.Thomas Kodinattukunnel Cor.Ep. | Thottabhagom | Kumbanadu |
| 32. | Rev. Fr. John Erumeda | Asso. Fr. Thomas Mannil | |
| 33. | Rev. Fr. Cherian Manappurath | Chunkappara,Punnaveli,sch. | Kumily, Murikady & College |
| 34. | Rev. Fr. Thomas Nalunnady | Pazhayarikandam,Venmony | Mundakayam, Vice-Principal St. Joseph's School |
| 35. | Rev. Fr. Abraham Valiyakulathinkal | Asst. to Fr. Isaac Parappallil | Kochukamashi,Karikkemedu, Santhigram, Res. at Marygiri |
| 36. | Rev. Fr. John Kamkumplackal | Vechoochira | Admin. Pulikeezhu, Spiritual Father ,IMMS |
| 37. | Rev. Fr. Scaria Vattamattom | Kumbalamthanam | Vechoochira |

— — — — — — — — — — — —

| | | | |
|---|---|---|---|
| 38. | Rev. Fr. Philip Manchadiyil | Mundakayam parish & School, Proto Erumely | Kumbalamthanam, Areeckal |
| 39. | Rev. Fr. Philip Vattamattom | Kumily, Murikadi, Vandiperiyar, College | Mallappally,St. Joseph's Group of Institutions & Effetha |
| 40. | Rev. Fr. John Karippanasserimalayil | Mallappally, ITC, Effetha | Poozhikunnu, Thrikkomala |
| 41. | Rev. Fr. Abraham Pariyarathil | Anavilasam, Alady & school | Mulakaramedu,Thadiyampadu |
| 42. | V. Rev. Fr. Dr. Philip Payyampallil | Mannar West, Kallumkal, Pulikeezhu | President of CBSE Schools |
| 43. | Rev. Fr. Mathew Thadathil | Areeckal | |
| 44. | Rev. Fr. Dr. Thomas Parakottu | Thodupuzha Mission | Vakathanam |
| 45. | Rev. Fr. Dr. Abraham Irumbinikal | | Thodupuzha Mission |
| 46. | V. Rev. Fr. James Kumbamthanathu | Ayroor, Proto. Ranni | Mannar West |
| 47. | Rev. Fr. Zacharias Vazhatharamalayil | | Proto presbyter - Kattappana |
| 48. | V. Rev. Fr. Dr. Isaac Parappallil | | Proto presbyter - Tiruvalla |
| 49. | Rev. Fr. Scaria Vattakattukalayil (new priest) | | Sec. HG, House Minister, Asst. to Fr. Thomas Parakkel |
| *50.* | Rev. Fr. Antony Kunnathuparampil OCD | *Maramon* | *No change - Maramon* |
| 51. | Rev. Fr. Thomas Alumkal | Kanjeettukara | Niranam Cen., Pandamkary |
| 52. | Rev. Fr. James Mathew Kaipallil OIC | Asst. Fr. Thomas Parakkel | |
| 53. | Rev. Fr. Jose Thadathil SDB | Manarcadu | |
| 54. | Rev. Fr. Cherian Kottayil | Paippad | Kallooppara |

## പുതിയ നിയമനങ്ങൾ :

a) Very Rev. Dr. George Thomas OIC - Archdiocesan Coordinator for Religious

b) Rev. Fr. Mathew Chirayil - Marygiri House Minister, Vicar, Valankara (Additional Charge)

c) Rev. Fr. Stanly Thenguvelil - Director, Bible Apostolate, Girinadam Editor

d) Very Rev. Fr. Alex Kannamala - Additional Charges - Poovathoor + Koipuram

e) Rev. Fr. Alen OIC - Asst. to Fr. . Alex Kannamala

f) Rev. Fr. Dr. Kuriakose Thadathil - Vicar, St. Alphonsa Church, Gandhi Nagar, Kottayam.

g) Very Rev. Fr. Scaria Vatamattom- Proto Presbyter- Erumely

h) Rev. Fr. Varghese Malieckal - Chunkappara, Punnavely

i) Rev. Fr. Daniel Thottapurackal- Erumely

j) Rev. Fr. Varghese Kandathil, Associate Vicar to Rev. Fr. Varghese Malieckal

k) Rev. Fr. Sebastian Thazhathukarimpanackal OCD - Mukkada

## ARCHDIOCESE OF TIRUVALLA

14.05.2020

പ്രിയ വൈദിക സഹോദരങ്ങളെ,

പ്രാർത്ഥനയിൽ നാം ഏറെ ആശ്രയിക്കുകയും ശക്തിപ്പെടുകയും ചെയ്യേണ്ട ഒരു സമയമാണിതെന്നു എല്ലാവർക്കും അറിയാമല്ലോ. സാമൂഹിക മാധ്യമങ്ങളിൽ ശ്രദ്ധയോടെ ആയിരിക്കണം നാം ഇടപെടുന്നത്. അതിലും വലിയ ശക്തിയും പ്രയോജനവുമാണ് ദൈവീക ഇടപെടലു കൊണ്ട് ലഭിക്കുന്നത്.

കേസ് ക്രൈംബ്രാഞ്ചിനു വിട്ടു എന്ന വിവരം മാധ്യമങ്ങളിലൂടെ അറിഞ്ഞുകാണുമല്ലോ. പഴുതടച്ചുള്ള ഏതൊരന്വേഷണവും നാം സ്വാഗതം ചെയ്യുന്നു. സത്വരവും സുതാര്യവുമായ അന്വേഷണമാണ് ആവശ്യം. ഊഹപോഹങ്ങളിൽ പതിവുശൈലികൾ ആവർത്തിക്കുന്ന പ്രവണത ഉണ്ടാകരുതെന്നു മാത്രമാണ്. നമ്മുടെ അഭ്യർത്ഥന ഇതിനോടകം തന്നെ മാധ്യമങ്ങളിൽ വന്ന സത്യവിരുദ്ധവും അപമാനകരവും സ്ത്രീത്വത്തിന്റെ അന്തസ്സിന്റെമേലുള്ള കടന്നാക്രമണങ്ങളും അതിൽ അതീവ ദുഃഖിതമായ മകൾ നഷ്ടപ്പെട്ട അമ്മയുടെ ധാർമ്മിക സങ്കടവും നാം കണ്ടതാണ്. ദിവ്യയുടെ കുടുംബത്തോടുള്ള നമ്മുടെ അളവറ്റ അനുശോചനവും പ്രാർത്ഥനയും വീണ്ടും അറിയിക്കുകയാണ്. ഈ നഷ്ടം നമ്മുടെ കൂട്ടായ്മയുടെ മുഴുവൻ നഷ്ടമാണ്. അതുപോലെ വേദനയിൽ ആയിരിക്കുന്ന സന്യാസിനികളെ തുടർന്നും പ്രാർത്ഥനയിൽ ബലപ്പെടുത്താം. കോവിഡിന്റെ ഈ കാലത്ത് നമ്മുടെ അനേകം മക്കൾ പുറം രാജ്യങ്ങളിലും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും ലോക്ഡൗണിൽ കഴിയുന്നുണ്ടല്ലോ. അവരുടെയും രോഗികളെ ശുശ്രൂഷിക്കുന്നവരുടെയും മറ്റും ആരോഗ്യവും സുരക്ഷയും ദൈവം കാക്കുന്നതിനും ഈ മഹാമാരിക്കറുതി ഉണ്ടാകുന്നതിനും നമുക്ക് പ്രാർത്ഥിക്കാം.

എത്ര ആഴ്ചകളായി നമ്മുടെ വിശ്വാസികൾ ആരാധനയ്ക്കു എത്തിയിട്ട്? തിന്മയുടെ സ്വാധീനം വർധിക്കാതിരിക്കുവാൻ പ്രാർത്ഥന ഏറെ ആവശ്യമാണ്. ഈ നിയോഗങ്ങളെല്ലാം സമർപ്പിച്ചുകൊണ്ട് നാളെ പ്രാർത്ഥനാ ദിനമായി നമുക്ക് ആചരിക്കാം. പ്രത്യേകിച്ച് വൈകിട്ട് 7 മണിക്ക് സന്ധ്യാപ്രാർത്ഥനയും സാധിക്കുന്നിടത്തോളം ഇടങ്ങളിൽ വിശുദ്ധ കുർബാനയുടെ ആരാധനയും നിർവഹിക്കാം. നമ്മുടെ കുടുംബങ്ങൾക്കുകൂടി ഈ അറിയിപ്പ് കൊടുക്കുകയും ഈ ഒരു മണിക്കൂർ സമയം, അവരും ഭവനങ്ങളിൽ പ്രാർത്ഥനയിൽ ഉൾച്ചേരാൻ അറിയിക്കുകയും ചെയ്യാം. മരണമടഞ്ഞ പ്രിയ ദിവ്യയെയും, മാതാപിതാക്കളെയും, കുടുംബത്തെയും, സിസ്റ്റേഴ്സിനേയും ഓർത്തു പ്രത്യേകം പ്രാർത്ഥിക്കണം എന്ന് ഓരിക്കൽകൂടി അനുസ്മരിപ്പിക്കുന്നു.

സ്നേഹാദരവോടെ
✠ **തോമസ് മാർ കൂറിലോസ്**
അതിരൂപതാദ്ധ്യക്ഷൻ

## ARCHDIOCESE OF TIRUVALLA

18.07.2020

സ്നേഹം നിറഞ്ഞ കോറെപ്പസ്കോപ്പാമാരേ, വൈദികസഹോദരരേ, സന്യസ്തരേ, ദൈവമക്കളെ,

ബഹുമാനപ്പെട്ട മതബോധന ഡയറക്ടർ തോമസ്കുട്ടി പതിനെട്ടിൽ അച്ചൻ സൂചിപ്പിച്ചിരുന്നതുപോലെ നാളെ 10, 12 ക്ലാസുകളിലെ പരീക്ഷകൾ നടത്തുകയും മൂല്യനിർണയം ഇടവകയിൽ തന്നെ നടത്തുകയും ചെയ്യുക. ഈക്കാര്യങ്ങളിൽ ചില പൊതുനിർദ്ദേശങ്ങൾ നൽകുന്നത് ഉചിതമെന്നു മനസ്സിലാക്കുന്നതുകൊണ്ടാണ് ഈ കത്ത് ഇപ്പോൾ എഴുതുന്നത്. ഡയറക്ടർ ക്വാറന്റെനിൽ ആണ്. എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കാം.

നമ്മുടെ പള്ളികൾ ഉള്ള പലയിടങ്ങളും കണ്ടെയ്ൻമെന്റ് സോണുകളായി കഴിഞ്ഞിരിക്കുന്നു. കുട്ടികൾക്ക് പള്ളിയിൽ വന്നു പരീക്ഷ എഴുതുവാനുള്ള ഒരു സാഹചര്യം എല്ലായിടത്തും ഉണ്ടോ എന്ന് സംശയിക്കുന്നു. വരുന്ന കുട്ടികൾ തമ്മിൽ സംബന്ധപെടാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധക്കേണ്ടതുമുണ്ടല്ലോ. പെരിയ ബഹുമാനപ്പെട്ട പ്രോട്ടോ വികാരിമാരുടെ അഭിപ്രായം കൂടി കണക്കിലെടുത്തു ഈ നിർദേശങ്ങൾ നൽകുന്നു.

1. പരീക്ഷകൾ നാളെതന്നെ നടത്തുക. (10 മുതൽ 1 മണി വരെ) 9.45 ന് മാതാപിതാക്കളുടെ വാട്സാപ്പിൽ ചോദ്യപേപ്പർ അയച്ചുകൊടുക്കുക.
2. ബഹുമാനപ്പെട്ട മാതാപിതാക്കളുടെ മേൽനോട്ടത്തിൽ അവരവരുടെ ഭവനങ്ങളിൽ തന്നെ പരീക്ഷകൾ എഴുതുക.
3. പാഠപുസ്തകം ഉപയോഗിക്കാതെ ഉത്തരങ്ങൾ എഴുതുക. ഇത് മനഃസാക്ഷിയുടെ കാര്യമായി എല്ലാവരും കണക്കാക്കുക.
4. ഉടൻതന്നെ വികാരിയച്ചനെ ഉത്തരക്കടലാസുകൾ ഏൽപ്പിക്കുക.
5. ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ കോഴ്സിൽ സംബന്ധിച്ച സർട്ടിഫിക്കറ്റായിരിക്കും നൽകുക. എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

ജൂലൈ 26 ഞായറാഴ്ച്ച മുതൽ പുതിയ അധ്യയനവർഷം ആരംഭിക്കണം. അത് ഓൺലൈനായി നടത്തുവാൻ അതിരൂപതാതലത്തിൽ ക്രമീകരണങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. അതിരൂപതയുടെ മാധ്യമ ഡയറക്ടർ ബഹുമാനപ്പെട്ട അഴകത്ത് സന്തോഷ് അച്ചനും ടീമും അതിനായി കഠിനാധ്വാനം ചെയ്യുന്നു.

നിങ്ങൾക്കെല്ലാവർക്കും നന്മ നേരുന്നു. പ്രാർത്ഥനയിൽ പരസ്പരം ഓർക്കാം.

സ്നേഹാദരവോടെ
✠**തോമസ് മാർ കൂറിലോസ്**
അതിരൂപതാദ്ധ്യക്ഷൻ

# SYRO-MALANKARA CATHOLIC CHURCH
# ARCHDIOCESE OF TIRUVALLA

Marygiri, Post Box 4, Tiruvalla

24.07.2020

സ്നേഹം നിറഞ്ഞ വൈദികസഹോദരരേ, വിശ്വാസസമൂഹമേ,

നേരത്തെ സൂചിപ്പിച്ചിരുന്നതുപോലെ നമ്മുടെ വിശ്വാസപരിശീലന പ്രക്രീയ ഓൺലൈൻ വഴിയായി ക്രമീകരിക്കപ്പെട്ടിരിക്കുന്നു. ഈ ഞായറാഴ്ച മുതൽ ക്ലാസ്സുകൾ ആരംഭിക്കേണ്ടതാണ്. ഏറെ കഷ്ടപാട് സഹിച്ചുതന്നെ 1 മുതൽ 12 വരെ ക്ലാസ്സുകളിലെ ആദ്യപാഠം നമ്മുടെ യൂട്യൂബ് ചാനലായ ആയ **ക്രേദോ ദ ഈത്തോ** യിൽ വന്നു കഴിഞ്ഞു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവരേയും, വിശിഷ്യാ ബഹുമാനപ്പെട്ട സന്തോഷ് അഴകത്തച്ചനേയും ഫിലിപ്പ് തായില്ലത്തച്ചനേയും മറ്റു സഹോദരങ്ങളേയും എല്ലാവരുടേയും പേരിൽ അഭിനന്ദിക്കുന്നു. ഈ അദ്ധ്വാനം ഫലവത്താകുമ്പോൾ മാത്രമേ നന്ദി യാഥാർത്ഥ്യം ആവുകയുള്ളൂ. അതിലേക്ക് എല്ലാവരുടെയും ശ്രദ്ധ ക്ഷണിക്കുകയാണ്.

ബഹുമാനപ്പെട്ട മതാദ്ധ്യാപകർ ഈ ക്ലാസ്സ് ഡൗൺലോഡ് ചെയ്ത് കുട്ടികളുടെ മാതാപിതാക്കന്മാരുടെ ഫോണുകളിലേക്ക് അയച്ചു കൊടുക്കുകയും അവരെ വാട്സ്ആപ് വഴി ബന്ധപ്പെട്ടു ക്ളാസുകൾ പറഞ്ഞു കൊടുക്കുകയും ചെയ്യണം. ഓരോദിവസവും ഹോംവർക്ക് കൊടുക്കുവാൻ മറക്കരുത്. ഈ കാര്യങ്ങൾ ഭംഗിയായി പോകുന്നു എന്ന് മാതാപിതാക്കളും, വീട്ടിൽ മുതിർന്നരുണ്ടെങ്കിൽ അവരും വികാരിയച്ചന്മാരും ഉറപ്പുവരുത്തണം.

കുട്ടികളുടെയിടയിലും മുതിർന്നവരുടെ ഇടയിലും ധാരാളം മാനസിക പിരിമുറുക്കങ്ങൾ ഉണ്ടെന്നുള്ളത് ഓരോ ദിവസത്തെയും വാർത്തകളിൽ കാണാൻ കഴിയുമല്ലോ. പ്രാർത്ഥനയും ദൈവവിചാരവുമല്ലാതെ മറ്റൊരു പോംവഴിയും ഇതിനില്ല എന്ന് നമുക്കറിയാം. ആ ബോദ്ധ്യമാണ് നമ്മുടെ തലമുറയ്ക്ക് നാം നൽകേണ്ടത്. മതബോധന ശുശ്രൂഷ നാം ഗൗരവമായി തന്നെ എടുക്കണം. അതിന് ഈ സംരംഭം ശക്തിപകരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അനുഗ്രഹീതമായ ഒരു വർഷം ഞാൻ ഏവർക്കും നേരുന്നു.

പരമ കാരുണ്യവാനായ ദൈവം നമ്മുടെ മക്കളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹാദരവോടെ,
**✠തോമസ് മാർ കൂറിലോസ്**
അതിരൂപതാദ്ധ്യക്ഷൻ

## SYRO-MALANKARA CATHOLIC CHURCH
## ARCHDIOCESE OF TIRUVALLA

Marygiri, Post Box 4, Tiruvalla

സ്നേഹംനിറഞ്ഞ വൈദിക സഹോദരങ്ങളെ,

കുറെ നാളായി നമ്മുടെ വിവാഹ ഒരുക്ക സെമിനാർ മുടങ്ങിക്കിടക്കുകയാണല്ലോ. കോവിഡിന്റെ അതിപ്രസരത്തിൽ പലതും മാറ്റിവയ്ക്കേണ്ടി വന്നു. ക്ലാസ്സുകളിൽ സംബന്ധിക്കുവാൻ ആളുകൾക്ക് വരാൻ പറ്റാത്ത സാഹചര്യം തുടരുകയാണ് ഈ സാഹചര്യത്തിൽ പൊതുവേ ഓൺലൈൻ ക്ലാസുകൾ മാത്രമാണ് ഒരു പോംവഴി. മറ്റിടങ്ങളിലെ പോലെ നാമും ഇപ്രകാരം ക്ലാസുകൾ ക്രമീകരിക്കുകയാണ്. ബഹുമാനപ്പെട്ട തൈക്കാട്ട് തോമസ് അച്ചന്റെ നേതൃത്വത്തിൽ അവ ഭംഗിയായി ക്രമീകരിക്കപ്പെട്ടിരിക്കുന്നു.

ഇതുവരെയും വിവാഹ ആശീർവാദത്തിന് കാലത്തിന് അനുവാദം ചോദിച്ചിരിന്നുവർക്ക് വിവാഹ ഒരുക്ക സെമിനാർ നിന്നും വിടുതൽ കൊടുത്തിരുന്നു. എന്നാൽ ഇനിമുതൽ അപ്രകാരമുള്ള അനുവാദം തരുന്നതല്ല. ഇപ്പോൾ ഏതു സമയത്തും ഓൺലൈൻ കോഴ്സിൽ സംബന്ധിക്കാമല്ലോ. ഈ കാര്യങ്ങളിൽ നല്ലതുപോലെയുള്ള ശ്രദ്ധ അജപാലകർ എന്ന നിലയിൽ നമ്മൾക്കുവേണം. വധൂവരന്മാരെ നന്നായി ഒരുക്കി ഈ വലിയ ജീവിതാന്തസ്സിലേക്ക് പ്രവേശിപ്പിക്കുവാൻ ശ്രദ്ധിക്കാം.

എല്ലാവർക്കും നന്മകൾ നേർന്ന്,

**✠തോമസ് മാർ കൂറിലോസ്**
അതിരൂപതാദ്ധ്യക്ഷൻ

# SYRO-MALANKARA CATHOLIC CHURCH
# ARCHDIOCESE OF TIRUVALLA

Marygiri, Post Box 4, Tiruvalla

24.07.2020

ബഹുമാനപ്പെട്ട ജനറാളച്ചന്മാരെ, കോർ എപ്പിസ്കോപ്പാമാരെ, റമ്പാച്ചാ, വൈദികരെ, സന്യസ്തരെ, പ്രിയ സഹോദരങ്ങളെ,

കോവിഡ് എന്ന മഹാമാരി മനുഷ്യന്റെ സമസ്ത ജീവിത മേഖ ലക ളെയും പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ഈ മഹാമാരി അതി വേഗം പടരുന്ന സാഹചര്യത്തിൽ സഭയിലും സമൂഹത്തിലും ഉണ്ടാ യേക്കാവുന്ന അടിയന്തര സാഹചര്യം മുന്നിൽകണ്ടുകൊണ്ട് നാം സജ്ജ രാകേണ്ടിയിരിക്കുന്നു.

1. രോഗം പിടിപെടാതിരിക്കുവാനും രോഗം ഉണ്ടായാൽ മറ്റുള്ളവരി ലേക്ക് പടരുന്നതിനുള്ള സാഹചര്യം തടയുന്നതിനും ആവശ്യമായ മുൻ കരുതലുകൾ എടുക്കണം.

2. 65 വയസ്സിന് മുകളിലുള്ളവർക്ക് ഇടവകയിലെ ആത്മീയ ശുശ്രൂഷ കളിൽ സംബന്ധിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ അവരെ ആത്മീ യമായും, മാനസികമായും, സഹായിക്കുന്നതിന് വൈദികർ വേണ്ടതെ ല്ലാം ചെയ്യേണ്ടതാണ്. കോവിഡ് രോഗബാധിതരായ ആർക്കുംതന്നെ അജപാലനപരമായ ശ്രദ്ധ കിട്ടാതെ പോകരുത്.

3. രോഗലക്ഷണങ്ങൾ സംശയിക്കുന്ന വൈദികർ വിശുദ്ധ കുർബാ നയോ മറ്റു കൂദാശകളോ പരി കർമ്മം ചെയ്യാനോ വിശുദ്ധ കുർബാന മറ്റുള്ളവർക്ക് നൽകാനോ ഇടയാകരുത്.

4. കൗൺസിലിങ്ങിലൂടെയും മറ്റു സഹായങ്ങളിലൂടെയും വ്യക്തികളുടെ ഏകാന്തതയും, ആശങ്കകളും കുറയ്ക്കുന്നതിനുള്ള ശുശ്രൂഷകൾ ഇട വകതലത്തിൽ ശക്തിപ്പെടുത്തണം. ഇടവക അതിർത്തിയിൽ Containment Zone ഉണ്ടെങ്കിൽ അവയെ താമസിക്കുന്നവരുടെ ഭക്ഷണം, മരുന്ന് ഇത്തരത്തിലുള്ള കാര്യങ്ങൾ നാം സാധ്യമായത് ചെയ്യണം.

**5. ഇടവകയിൽ കോവിഡ്-19 രോഗം മൂലം മരണം സംഭവിച്ചാൽ :**

a) പ്രദേശത്തുള്ള ഹെൽത്ത് ഇൻസ്പെക്ടർ, വാർഡ്മെമ്പർ എന്നിവ രെ അറിയിച്ച് നിർദ്ദേശങ്ങൾ സ്വീകരിക്കുക.

— — — — — — — — — — — —

b) ആവശ്യമെങ്കിൽ ഓരോ ജില്ലയിലും ഈ കാര്യങ്ങൾക്കായി സർക്കാർ പ്രത്യേകം നിയമിച്ചിട്ടുള്ള ഓഫീസറെ ബന്ധപ്പെടുക.

c) അതിരൂപതാതലത്തിൽ ഇക്കാര്യങ്ങൾ ഏകോപിപ്പിക്കാൻ ബഹുമാനപ്പെട്ട മാത്യു പുനക്കുളം അച്ചന്റേയും, സാമുവേൽ വിളയിൽ അച്ചന്റേയും നേതൃത്വത്തിൽ ഒരുക്കിയിട്ടുള്ള 'COVID SAMARITANS THIRUVALLA' ഹെൽപ്പ് ഡെസ്കുമായി ബന്ധപ്പെടുക. Fr. Mathew Punakulam - 949 516 4743, Fr. Samuel Vilayil - 952 642 7278, Mr. Joji V Cheri- 944 605 2494, Mr. Honey - 954 453 9818, Mr. Laiju Koshi - 9496056312

d) ഇപ്രകാരമുള്ള ഒരു സന്നദ്ധ സംഘം എല്ലാ വൈദിക ജില്ലയിലും കേന്ദ്രീകരിച്ച് രൂപീകരിക്കുവാൻ ഇന്നലെ (23/07/2020) കൂടിയ പ്രോട്ടോ വികാരിമാരുടെയും, അല്മായരുടെയും, മീറ്റിംഗിൽ വച്ച് തീരുമാനമുണ്ടായി. കൂടുതൽ കാര്യങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

e) വീട്ടിൽ വച്ച് മരിക്കുന്ന വ്യക്തിക്ക് കോവിഡ് ആണെന്ന് വീട്ടുകാർക്കോ വീട്ടുകാർക്കോ നാട്ടുകാർക്കോ സംശയമുണ്ടെങ്കിൽ വിവരം അടുത്തുള്ള ഹെൽത്ത് ഇൻസ്പെക്ടറെ അറിയിക്കണം. അവർ ആംബുലൻസ് അയച്ച് മൃതദേഹം കൊണ്ടുപോയി സ്രവം ടെസ്റ്റ് എടുത്ത് പോസിറ്റീവാണെങ്കിൽ 19 പ്രോട്ടോകോൾ പ്രകാരം തയ്യാറാക്കി സംസ്കരിക്കുന്നതിനുമായി വിട്ടു തരും. നെഗറ്റീവ് ആണെങ്കിൽ ഈ നടപടി ഒന്നും ആവശ്യമില്ല.

**6)സന്നദ്ധ പ്രവർത്തകർ**

ഓരോ മേഖലയിലും 10 പേരടങ്ങുന്ന ഒരു സന്നദ്ധസംഘത്തെ രൂപീകരിക്കുക. അവർക്കാവശ്യമായ പരിശീലനം, പിപിഇ കിറ്റ് തുടങ്ങിയവയ്ക്ക് ബോധന ഡയറക്ടറെ ബന്ധപ്പെടുക. പുഷ്പഗിരി മെഡിക്കൽ കോളേജിലെ ഡോക്ടർമാരും നേഴ്സുമാരും ആവശ്യമായ സഹായങ്ങൾ ചെയ്തു തരും. പി.പി.ഇ കിറ്റ് ഉപയോഗിച്ച് കർമ്മങ്ങളിൽ പങ്കെടുക്കുന്നവർ Quarantine- ൽ പോകേണ്ടതില്ല.

**7. സെമിത്തേരി സൗകര്യം**

സർക്കാർ നിബന്ധനകൾ പ്രകാരം കുഴി തയ്യാറാക്കണം. സർക്കാർ നിബന്ധനകൾ പ്രകാരം മൃതദേഹം സംസ്കരിക്കുന്നതിനുള്ള സൗകര്യം പള്ളി സെമിത്തേരിയിൽ ഇല്ലെങ്കിൽ ബദൽ സംവിധാനത്തെപ്പറ്റി മുൻകൂട്ടി ഇടവകയിൽ ധാരണയുണ്ടാകണം. ഡ്രസ്സ് ചെയ്ത് മറവു ചെയ്യാനായി വിട്ടുതരുന്ന മൃതദേഹം പെട്ടിയിലാക്കി അടക്കുന്നതിന് സെമിത്തേരിയിലെ Vault കളിൽ മൃതദേഹ സംസ്കാരം അനുവദനീയമല്ല.

— — — — — — — — — — — —

## 8. Cremation

സർക്കാർ നിബന്ധനകൾ പ്രകാരം മൃതദേഹം സെമിത്തേരിയിലോ, സെമിത്തേരിയോടു ചേർന്നുള്ള പ്രദേശത്തോ അടക്കം ചെയ്യുന്നതിനുള്ള സാധ്യതകൾ ഇല്ലെങ്കിൽ, മൃതദേഹം ദഹിപ്പിക്കുന്നതിനുള്ള അനുവാദം സഭ നൽകിയിട്ടുള്ളത് ഉപയോഗപ്രദമാക്കാവുന്നതാണ്. Crematorium സൗകര്യങ്ങൾ മുൻകൂട്ടി അറിഞ്ഞിരിക്കണം.

## 9. തിരുക്കർമ്മങ്ങൾ

മൃതദേഹസംസ്കാര കർമ്മങ്ങൾ വീട്ടിലും, ദൈവാലയത്തിലും പാടില്ലാത്തതാണ്. മൃതദേഹം സെമിത്തേരിയിലേക്ക് നേരിട്ട് കൊണ്ടുവന്ന് വൈദികന്റെ നേതൃത്വത്തിലുള്ള ലളിതമായ പ്രാർത്ഥന ശുശ്രൂഷകളോടുകൂടി യാണ് സംസ്കാരം നടത്തേണ്ടത്.

- വൈദികൻ, മാസ്ക് ധരിച്ച്, മൃതദേഹത്തിൽ നിന്ന് അഞ്ച് മീറ്റർ അകലം പാലിച്ചാണ് കർമ്മം നടത്തേണ്ടത്.

- പിപിഇ കിറ്റ് ധരിച്ചാണ് വൈദികൻ കർമ്മങ്ങൾ നടത്തുന്നതെങ്കിൽ അകലം പാലിക്കേണ്ടതില്ല.

അനാരോഗ്യമോ, 65 വയസിൽ കൂടുതൽ പ്രായമോ ഉള്ള വൈദീകർ മൃതദേഹ സംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കാൻ പാടില്ല. ഈ സാഹചര്യത്തിൽ തിരുവല്ല Covid samaitans volunteers-ലെ വൈദികരുടെ സേവനം വികാരിയച്ചന്മാർക്ക് തേടാവുന്നതാണ്.

ബന്ധുമിത്രാദികൾ ഉൾപ്പെടെ 20 പേർക്കാണ് മൃതദേഹ സംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കാവുന്നത്. നിഷ്കർഷിച്ചിരിക്കുന്ന അകലം പാലിക്കാൻ എല്ലാവരും ശ്രദ്ധിക്കണം.

മരിച്ച വ്യക്തിയുമായി അടുത്തിടപഴകിയതുമൂലം Quarantine -ൽ പോകാൻ നിർദ്ദേശിക്കപ്പെട്ടവർ മൃതദേഹ സംസ്കാര ശുശ്രൂഷയിൽ ഒരു കാരണവശാലും പങ്കെടുക്കരുത്.

രോഗവ്യാപന സാധ്യത കണക്കിലെടുത്ത് മരിച്ച വ്യക്തിയുടെ ഭവനത്തിൽ പ്രാർത്ഥനയ്ക്കും, കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കാനുമായി പോകുന്നത് ഒഴിവാക്കണം. ടെലിഫോണിലൂടെ മറ്റും ഓൺലൈൻ മാർഗങ്ങളിലൂടെയും മാത്രം ബന്ധപ്പെടുക.

വികാരിയച്ചൻ ഇക്കാര്യങ്ങളെല്ലാം ജനങ്ങളെ അറിയിച്ച്, പാരിഷ് കൗൺസിൽ അംഗങ്ങൾ കുടുംബ യൂണിറ്റ് ഭാരവാഹികൾ, സംഘടനാ ഭാരവാഹികൾ എന്നിവയുടെ സഹകരണത്തോടെ ഇടവകയെ ഇക്കാര്യങ്ങളിൽ ഒരുക്കുവാൻ ശ്രദ്ധിക്കണം.

10. കോവിഡ് സമരിറ്റൻസിന്റെ രൂപീകരണം ജൂലൈ 31-നകം ചെയ്തിരിക്കണം. ഓഗസ്റ്റ് ആദ്യ ആഴ്ചയിൽ തന്നെ പരിശീലനം പൂർത്തിയാക്കുകയും വേണം. സന്നദ്ധ സംഘങ്ങൾക്ക് പിപിഇ കിറ്റ് ക്രമീകരിക്കുവാൻ ശ്രദ്ധിക്കുന്നു. മറ്റു തരത്തിലുള്ള ഒരു ക്രമീകരണവും ഇപ്പോൾ ചിന്തയിൽ ഇല്ല. നമ്മുടെ പ്രധാന ശ്രദ്ധ നമ്മുടെ ഇടവകകൾ ആണ്. ആരെയും മാറ്റിനിർത്താൻ ആവില്ല. എന്നാൽ എല്ലാം നമുക്ക് ചെയ്യാൻ പറ്റുമോ എന്ന ഭാരമാണ് അലട്ടുന്നത്.

25-നും 50-നും മധ്യേ പ്രായമുള്ള, ആരോഗ്യമുള്ള, വീടുകളിൽ കൊച്ചുകുഞ്ഞുങ്ങളോ, കിടപ്പു രോഗികളോ വൃദ്ധരോ ഇല്ലാത്ത സന്നദ്ധരായവരെ ആണ് ഈ സംഘത്തിൽ അംഗങ്ങൾ ആക്കേണ്ടത്.

ഗവൺമെന്റ് അംഗീകാരത്തോടെ പ്രവർത്തിക്കാൻ ആവശ്യമായ കാര്യങ്ങൾ ഇവിടെ നിന്നു ചെയ്യുവാൻ ശ്രമിക്കുന്നു.

കെസിബിസിയുടെ യുടെയും നമ്മുടെ സഭയുടെയും ആയ ഈ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഈ മഹാമാരിയെ നമുക്ക് ദൈവകൃപയിൽ അതിജീവിക്കാം. നിങ്ങൾ എല്ലാവരെയും പ്രാർത്ഥനയിൽ സ്മരിച്ചുകൊണ്ട്.

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,



✠ **ഡോ. തോമസ് മാർ കൂറിലോസ്**

മെത്രാപ്പോലിത്തൻ ആർച്ചുബിഷപ്പ്

— — — — — — — — — — — — — —

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ്–കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള
മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും
വിശ്വാസികളേവർക്കും വാഴ്‌വ്.

Prot. No. CPL 1/2020 Date...............

*സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും*
*സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.*

## ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 67–ാം ഓർമ്മപ്പെരുന്നാൾ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

ദൈവാനുഗ്രഹത്തിൽ അഭിഷിക്തനും അനേകരെ ദൈവസന്നിധിയിലേക്ക് ആനയിച്ച പുണ്യപിതാവുമായ ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 67–ാമത് ഓർമ്മപ്പെരുന്നാൾ മലങ്കര സുറിയാനി കത്തോലിക്കാസഭ 2020 ജൂലൈ 1 മുതൽ 15 വരെ പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ ആചരിക്കുകയാണ്. കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ ഗവൺമെന്റ് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ മാനിച്ചുകൊണ്ട്, താഴെപ്പറയുന്ന രീതിയിലാണ് ഈ വർഷത്തെ ഓർമ്മപ്പെരുന്നാൾ നടത്തപ്പെടുന്നത്.

1. ജൂലൈ 1–ാം തീയതി രാവിലെ 7 മണിക്ക് റാന്നി–പെരുനാട് ഇടവക ദൈവാലയത്തിൽ ഞാൻ വി. കുർബാന അർപ്പിക്കുന്നതാണ്. 50 പേരടങ്ങുന്ന സമൂഹം വി. കുർബാനയിൽ സംബന്ധിക്കുന്നതാണ്.

— — — — — — — — — — — —

അന്നേ ദിവസം രാവിലെ മുതൽ പട്ടത്ത് കബറിങ്കൽ വന്ന് പ്രാർത്ഥിക്കുന്നതിന് സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കോവിഡ്-19ന്റെ നിയന്ത്രണങ്ങൾ കർശനമായി പാലിച്ചുകൊണ്ടുതന്നെയാണ് ഈ ക്രമീകരണങ്ങൾ ചെയ്യുന്നത്. ഒരേ സമയം കത്തീഡ്രൽ ക്യാമ്പസിൽ 75 പേരിൽ കൂടുതൽ ആളുകൾ ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല. 25 ആളുകൾ വരെയുള്ള സംഘത്തിന് വി. കുർബാന അർപ്പിക്കുന്നതിന് മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്. രാവിലെ 10 മുതൽ വൈകുന്നേരം 5 മണി വരെ 8547203792 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ദയവായി മറ്റ് വ്യക്തികളെ വിളിച്ച് ഈ ക്രമീകരണത്തിന് ശ്രമിക്കരുതേ എന്ന് ഓർമ്മപ്പെടുത്തുന്നു.

2. എല്ലാ ദിവസവും വൈകുന്നേരം 5 മണിക്ക് കത്തീഡ്രലിൽ വി. കുർബാനയും തുടർന്ന് കബറിങ്കൽ ധൂപപ്രാർത്ഥനയും ഉണ്ടായിരിക്കുന്നതാണ്. Live Streaming- ലൂടെ പരമാവധി ആളുകൾക്ക് ലൈവായി ഇതിൽ സംബന്ധിക്കുവാനുള്ള ക്രമീകരണമാണ് നടത്തുന്നത്.

3. നമ്മുടെ അഭിവന്ദ്യ പിതാക്കന്മാർ, സാധിക്കുന്നിടത്തോളം, ഓരോ ദിവസവും കത്തീഡ്രലിൽ വി. കുർബാന അർപ്പിക്കുന്നതും കബറിങ്കൽ ധൂപപ്രാർത്ഥന നടത്തുന്നതുമാണ്. അഭിവന്ദ്യ ഭദ്രാസനാധ്യക്ഷൻ മാർ വി. കുർബാന അർപ്പിക്കുമ്പോൾ അന്നേദിവസം പ്രസ്തുത ഭദ്രാസനത്തിലെ 25 അംഗങ്ങൾക്ക് വി. കുർബാനയിൽ സംബന്ധിക്കാവുന്നതാണ്. അതിന്റെ ക്രമീകരണം അഭിവന്ദ്യ ഭദ്രാസനാധ്യക്ഷൻമാർ ചെയ്യുന്നതാണ്.

4. ഭദ്രാസനങ്ങളിലെ പങ്കാളിത്തത്തിന് പുറമേ 25 പേർക്കുകൂടി എല്ലാ ദിവസത്തെയും വി. കുർബാനയിൽ സംബന്ധിക്കുന്നതിന് സാധിക്കുന്നതാണ്. ഇതിനായി മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ് (8547203792 - രാവിലെ 10 മുതൽ വൈകുന്നേരം 5 വരെ).

5. ജൂലൈ 1 മുതൽ 14 വരെയുള്ള ദിവസങ്ങളിലെ ശുശ്രൂഷകളും ജൂലൈ 14 ചൊവ്വാഴ്ചയിലെ സന്ധ്യാനമസ്കാരവും ധൂപപ്രാർത്ഥനയും ശ്ലൈഹിക ആശീർവാദവും തുടർന്ന് ജൂലൈ 15 ബുധനാഴ്ച പട്ടത്ത് സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് നടക്കുന്ന ഓർമ്മപ്പെരുന്നാൾ ശുശ്രൂഷകളും മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രത്തിന്റെ Youtube channel (www.youtube.com/c/mountcarmelministriestrivandrum) വഴി തൽസമയം സംപ്രേഷണം ചെയ്യുന്നതാണ്. ജൂലൈ 1-ാം തീയതി രാവിലെ 7 മണിക്ക് പെരുന്നാട്ടിൽ വച്ചുള്ള വി. കുർബാനയും ശുശ്രൂഷകളും ജൂലൈ 15-ന് രാവിലെ 8 മുതൽ പട്ടത്ത് കത്തീഡ്രലിൽ ഉള്ള വി. കുർബാനയും ശുശ്രൂഷകളും ഷെക്കൈയ്ന ടെലിവിഷൻ ചാനൽ പ്രത്യേകം സംപ്രേഷണം ചെയ്യുന്നതാണ്.

— — — — — — — — — — — — —

6. ഓർമ്മതിരുന്നാൾ ദിവസമായ ജൂലൈ 15-ാം തീയതി രാവിലെ 8.00-മണിക്ക് പ്രഭാതനമസ്കാരം, ആഘോഷമായ പൊന്തിഫിക്കൽ കുർബാന, കബറിങ്കൽ ധൂപപ്രാർത്ഥന, നേർച്ചവിളമ്പ് എന്നിവയുണ്ടായിരിക്കുന്നതാണ്. നമ്മുടെ എല്ലാ ഭദ്രാസനങ്ങളെയും പ്രതിനിധാനം ചെയ്ത് അഭിവന്ദ്യ പിതാക്കന്മാരും സന്ന്യാസ സമൂഹങ്ങളുടെ പ്രതിനിധിയായി ബഥനി ആശ്രമ സുപ്പീരിയർ ജനറാൾ അച്ചനും ഭദ്രാസനങ്ങൾക്ക് പുറത്തുള്ള റീജിയനുകളിലെ കോർഡിനേറ്റർമാരും സഹകാർമ്മികരായി വി. കുർബാനയിൽ സംബന്ധിക്കുതാണ്. കോവിഡ്-19 ന്റെ സുരക്ഷാ ക്രമീകരണങ്ങളുടെയും നിയനന്ത്രണങ്ങളുടെയും പശ്ചാത്തലത്തിൽ മറ്റ് ബഹു. വൈദികർക്ക് ഈ വർഷം വി. കുർബാനയിൽ സഹകാർമ്മികരാകുവാൻ സാധിക്കുകയില്ല എന്ന വിവരം ഖേദത്തോടെ ഞാൻ അറിയിക്കുന്നു.

7. എല്ലാ വർഷവും പെരുനാട് മുതൽ പട്ടം കത്തീഡ്രൽ വരെ നടത്തിവരുന്ന തീർത്ഥാടന പദയാത്ര ഈ വർഷം ഉണ്ടായിരിക്കുന്നതല്ല എന്നറിയിക്കുന്നു. ഗവൺമെന്റ് വച്ചിരിക്കുന്ന കോവിഡ്-19 നിയന്ത്രണങ്ങൾ അനുസരിക്കേണ്ടത് എല്ലാവരുടെയും സുരക്ഷയ്ക്കുവേണ്ടി കൂടിയാണ്. അനൗദ്യോഗിക ചെറു പദയാത്രകൾ അനുവദിക്കാത്തതിന്റെ കാരണം മേൽപ്പറഞ്ഞ കാരണത്താൽ വ്യക്തമാണല്ലോ. എല്ലാവരും ഈ നിർദ്ദേശത്തോട് സഹകരിക്കേണ്ടതാണ്.

8. ഓർമ്മപ്പെരുന്നാൾ കഴിഞ്ഞുവരുന്ന ജൂലൈ 19-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ആരാധനാലയങ്ങളിലും വന്ദ്യ പിതാവിന്റെ 67-ാം ഓർമ്മപ്പെരുന്നാൾ സമുചിതമായി വി. കുർബാന, ധൂപപ്രാർത്ഥന ഇവ നടത്തി ആഘോഷിക്കേണ്ടതാണ്.

9. ജൂലൈ 1 മുതൽ 15 വരെയുള്ള ദിവസങ്ങൾ പ്രത്യേക നോമ്പുകാലമായി നമ്മുടെ സഭ അനുശാസിക്കുന്നതനുസരിച്ച് നോമ്പിന്റെ അരൂപിയിൽ ഈ 15 ദിവസങ്ങളും പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും വർജ്ജനയുടെയും അരൂപിയിൽ സാധിക്കുന്നിടത്തോളം ഏവരും പ്രാർത്ഥിക്കേണ്ടതും ആയിരിക്കേണ്ടതുമാണ്.

10. മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ പെരുന്നാൾ ദിനമായ ജൂലൈ 3-ാം തീയതി നോമ്പ് ഉണ്ടായിരിക്കുന്നതല്ല. ആഘോഷമായ പെരുന്നാൾ ദിനമായി ആ ദിനം ഏവരും ആഘോഷിക്കേണ്ടതാണ്.

വിശുദ്ധിയുടെ പൂർണ്ണത പ്രാപിക്കുവാൻ നമ്മുടെ കർത്താവിൽ നിന്നും ലഭിച്ച താലന്തുകളെ ദൈവമഹത്വത്തിനും മനുഷ്യ സേവനത്തിനുമായി പ്രതിഷ്ഠിച്ചുകൊണ്ട് ജീവിച്ച നമ്മുടെ വന്ദ്യപിതാവിനെ മാതൃ

— — — — — — — — — — — —

കയായും മദ്ധ്യസ്ഥനായും ആഗോളസഭയ്ക്ക് ലഭിക്കുന്നതിനായി നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം. ദൈവദാസന്റെ വിശുദ്ധപദ നാമകരണ നടപടികൾ പുരോഗമിക്കുന്നു. സഭാംഗങ്ങളായ നിങ്ങൾ ഏവരുടേയും ഹൃദയം നിറഞ്ഞ തീക്ഷ്ണമായ പ്രാർത്ഥനകൾ ഈ നടപടികളെ ഏറെ ഫലദായകമാക്കും. 67-ാം ഓർമ്മപ്പെരുന്നാൾ സഭാതലത്തിൽ ആഘോഷിക്കുന്നതിന് കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ ഏറെ തടസ്സങ്ങൾ നേരിടുന്നുവെങ്കിലും നമ്മുടെ കുടുംബങ്ങളിലും കൂട്ടായ്മകളിലും ഇടവകകളിലും ഹൃദ്യമായും തീവ്രമായും നമുക്ക് വന്ദ്യപിതാവിന്റെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കാം, നാമകരണ നടപടികളുടെ വിജയത്തിനായി തീക്ഷ്ണതയോടെ പ്രാർത്ഥിക്കാം. ദൈവദാസന്റെ മാദ്ധ്യസ്ഥം നമുക്ക് കോട്ടയായിരിക്കട്ടെ.

ദൈവം നിങ്ങളെ ഏവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

എന്ന്,
കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+Baselios Cleemis

✠ **ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാബാവാ.

26.06.2020
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

— — — — — — — — — — — — — — — — — — — — — — — —

## ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ

### 67-ാം ഓർമ്മപ്പെരുന്നാൾ-2020

## പ്രോഗ്രാം

**ജൂലൈ 1 (ബുധൻ) മുണ്ടൻമല, പെരുനാട്**

06.30 a.m. : പ്രഭാത നമസ്കാരം, **വി. കുർബാന,** ധൂപപ്രാർത്ഥന

**ജൂലൈ 1 മുതൽ 14 വരെ (പട്ടം കബറിങ്കൽ)**

9 a.m.-5 p.m. : കബറിങ്കൽ പ്രാർത്ഥനാ ശുശ്രൂഷകൾ
5.00 p.m : സന്ധ്യാനമസ്ക്കാരം (കത്തീഡ്രൽ)
5.15 p.m. : **വി.കുർബാന**(കത്തീഡ്രൽ),ധൂപപ്രാർത്ഥന

**ജൂലൈ 14 (ചൊവ്വ)**

4.00 p.m. : **വി. കുർബാന** (കത്തീഡ്രൽ)
5.30 p.m. : സന്ധ്യാനമസ്കാരം(കത്തീഡ്രൽ)
: കബറിങ്കൽ ധൂപപ്രാർത്ഥന, ശ്ലൈഹിക ആശിർവാദം

**ജൂലൈ 15 (ബുധൻ)**

8.00 a.m. : പ്രഭാത നമസ്ക്കാരം
: ആഘോഷമായ **പൊന്തിഫിക്കൽ കുർബാന,**(വിശുദ്ധ സമൂഹബലി)
: കബറിങ്കൽ ധൂപപ്രാർത്ഥന

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

# സണ്ടേസ്കൂൾ ദിനം - 2020

ബഹു. വൈദികരേ, സന്യസ്തരേ, അധ്യാപകരേ, മാതാപിതാക്കളേ, പ്രിയ വിദ്യാർത്ഥികളേ,

ഏവർക്കും ത്രിയേകദൈവനാമത്തിൽ വന്ദനം!

"എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക! എന്റെ അന്തരംഗമേ അവിടുത്തെ വിശുദ്ധ നാമത്തെ പുകഴ്ത്തുക. (സങ്കീ. 103:1)

ദൈവത്തെ വാഴ്ത്തി പുകഴ്ത്തുന്ന ദൈവജനമാണ് നാം. കോവിഡ് 19 എന്ന മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രാർത്ഥനയും ആരാധനയും വിശ്വാസ തീക്ഷ്ണതയും വ്യക്തിപരമായ തലങ്ങളിൽ ആഴപ്പെടുന്നുണ്ട് എന്നതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഈ ഒരു സാഹചര്യത്തിലാണ് ഈ വർഷത്തെ വിശ്വാസ പരിശീലന ദിനം നാം ആചരിക്കുന്നത്. ഗാർഹിക സഭയായ കുടുംബത്തിൽ മാതാപിതാക്കളും മക്കളും വിശ്വാസം ഗൗരവമായി ജീവിക്കുവാൻ ശ്രമിക്കുക എന്നതാണ് ഈ മഹാമാരിയുടെ നടുവിൽ നാം ഏറ്റെടുക്കുന്ന വെല്ലുവിളി. ദൈവാലയത്തിലെ വിശ്വാസ പരിശീലന വേദികളിലൂടെ കുഞ്ഞുങ്ങൾക്ക് വേദപാഠക്ലാസ്സുകൾ നൽകാൻ ഈ അവസ്ഥയിൽ സാധിക്കുന്നില്ലെങ്കിലും ലഭ്യമായ Online ക്ലാസ്സുകളിലൂടെ കുഞ്ഞുങ്ങൾ ദൈവീക കാര്യങ്ങളെപ്പറ്റി അറിയുകയും മനസ്സിലാക്കുകയും ചെയ്യുന്നുണ്ട് എന്ന് കരുതുന്നു. മാതാപിതാക്കൾ ഭവനങ്ങളിൽ മതബോധനം നൽകുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു സമയമാണല്ലോ ഇത്. ആദിമ സഭാംഗങ്ങളുടെ അരൂപി നമ്മുടെ ഭവനങ്ങളിൽ പറന്നിറങ്ങാൻ ഇത് ഏറെ സഹായകമാകുമെന്നതിൽ സംശയമില്ല. "അവർ അപ്പോസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിയ്ക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു" (അപ്പ. 2:42). ഈ വിശ്വാസ പരിശീ

— — — — — — — — — — — —

ലന ദിനത്തിൽ എനിക്ക് നിങ്ങളോട് പറയാനുള്ളതും ഇതു തന്നെയാണ്. കുടുംബമെന്ന നിലയിൽ നമ്മുടെ വിശ്വാസ ജീവിതത്തെ ആഴമുള്ളതാക്കുവാൻ നമ്മുടെ കുടുംബാരാധനകൾക്ക് സാധിക്കണം. മാതാപിതാക്കൾ തങ്ങളുടെ സാക്ഷ്യജീവിതം മക്കൾക്ക് പകർന്നുകൊടുക്കണം. അതുതന്നെയാണ് പ്രഥമവും പ്രധാനവുമായ വിശ്വാസ പരിശീലനം എന്ന് എടുത്തുപറയേണ്ടതില്ലല്ലോ. കോവിഡ് 19 മഹാമാരിയും പലവിധ അസ്വസ്ഥതകളും വേദനകളും പ്രതികൂലസാഹചര്യങ്ങളും അഭിമുഖീകരിക്കേണ്ട സാഹചര്യത്തിൽ നമ്മെ പിടിച്ചുനിർത്തുന്നത്, ബലം പകരുന്നത്, നമ്മെ പ്രത്യാശയോടെ മുന്നോട്ട് നയിക്കേണ്ടത് നമ്മുടെ കർത്താവിലുള്ള അചഞ്ചലമായ വിശ്വാസമാണെന്ന് ഓർക്കുക. കർത്താവിന്റെ സ്നേഹം നമ്മെ പിരിയുന്നില്ല - ഒരു പ്രതികൂലത്തിലും.

നാളെ നമ്മുടെ കുടുംബങ്ങളെ, സമൂഹത്തെ നയിക്കേണ്ടത് നമ്മുടെ കുഞ്ഞുമക്കളാണ്. മക്കളെ ശ്രദ്ധയോടെ വളർത്തുന്നതിൽ മാതാപിതാക്കൾ ജാഗരൂകരായിരിക്കുക. ഇപ്പോൾ ഏറെ സമയവും അവർ കുടുംബാന്തരീക്ഷത്തിലാണ് സമയം ചെലവഴിക്കുന്നത്. വ്യായാമവും, വിശ്രമവും, പ്രാർത്ഥനയും, പഠനവും, വിനോദവും, വിജ്ഞാനവും ഇടകലർന്ന സമയക്രമീകരണം കുടുംബങ്ങളിൽ മാതാപിതാക്കൾ ഒരുക്കണം. നവമാധ്യമങ്ങളുടെ അതിരുകടന്ന സ്വാധീന വലയത്തിൽ നമ്മുടെ കുഞ്ഞുങ്ങൾ അകപ്പെടാതിരിക്കാൻ വലിയ കരുതൽ മാതാപിതാക്കൾക്ക് ഉണ്ടായിരിക്കണം.

പ്രിയ കുഞ്ഞുങ്ങളേ, വിദ്യാലയത്തിലും ദൈവാലയത്തിലും കടന്നുചെല്ലാൻ കഴിയാത്ത ഈ സ്ഥിതിയിൽ ഭവനങ്ങളിലായിരുന്നുകൊണ്ട് ദൈവത്തിനും മനുഷ്യർക്കും പ്രിയപ്പെട്ടവരായി വളരുവാൻ വേണ്ട എല്ലാ ദൈവാനുഗ്രഹങ്ങൾക്കായും പ്രാർത്ഥിക്കുന്നു. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ യുവജനങ്ങൾക്കു നല്കിയ ഒരു ഉപദേശം ഇത്തരുണത്തിൽ പ്രസക്തമാണ്. “കർത്താവിനെ അന്വേഷിക്കുക, അവിടുത്തെ വചനം പാലിക്കുക, നമ്മുടെ ജീവിതം അവിടുത്തേക്ക് ഭരമേല്പിക്കുക, സദ്ഗുണങ്ങളിൽ വളരുക... അവിടുന്നുമായി ‘ഓൺലൈനിൽ’ നിലനില്ക്കുക... ഇന്റനെറ്റുമായുള്ള ബന്ധം നഷ്ടപ്പെടാതിരിക്കുവാൻ നീ പരിശ്രമിക്കുന്നതുപോലെ, കർത്താവുമായി ബന്ധപ്പെട്ട് നിലകൊള്ളുന്നുവെന്ന് ഉറപ്പുവരുത്തുക.” (*ക്രിസ്തു ജീവിക്കുന്നു*. ചീ. 158). സമയം ഫലപ്രദമായി വിനിയോഗിക്കുവാൻ ശ്രദ്ധിക്കുമല്ലോ! അലസതയും മടിയും മാറ്റിവച്ച് ഉത്സാഹപൂർവ്വം പഠനത്തിലും പ്രാർത്ഥനയിലും വളരുവാൻ ശ്രമിക്കുക. “ആരും ആരോടും തിൻമയ്ക്കുപകരം തിൻമചെ

— — — — — — — — — — — — —

യ്യാതിരിക്കാനും തമ്മിൽതമ്മിലും എല്ലാവരോടും സദാനന്മചെയ്യുവാനും ശ്രദ്ധിക്കുവിൻ. എപ്പോഴും സന്തോഷത്തോടെ ഇരിക്കുവിൻ ഇടവിടാതെ പ്രാർത്ഥിക്കുവിൻ. എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം. ആത്മാവിനെ നിങ്ങൾ നിർവീര്യമാക്കരുത്. പ്രവചനങ്ങളെ നിന്ദിക്കരുത്. എല്ലാം പരിശോധിച്ച് നോക്കുവിൻ. നല്ലവയെ മുറുകെ പിടിക്കുവിൻ എല്ലാത്തരം തിൻമകളിലും നിന്ന് അകന്നുനിൽക്കുകയും ചെയ്യുവിൻ.” (1 തെസ. 5:15-22). തിൻമയുടെ സ്വാധീനം ഒരിക്കലും നിങ്ങളെ കീഴടക്കാതിരിക്കട്ടെ. പ്രയാസമേറിയ ഈ സമയത്ത് കൂടുതൽ പ്രത്യാശയോടും സ്നേഹത്തോടും നമ്മുടെ ജീവിതത്തെ ക്രമീകരിക്കുവാൻ ശ്രമിക്കാം.

വിശ്വാസപരിശീലനദിനത്തിന്റെ എല്ലാ ആശംസകളും നേരുന്നു.



✠ **തോമസ് മാർ യൗസേബിയോസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
വിശ്വാസ പരിശീലന സുന്നഹദോസ് കമ്മീഷൻ ചെയർമാൻ &
പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ.

23.07.2020
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

N.B. ഈ സർക്കുലർ സണ്ടേസ്ക്കൂൾ ദിനമായ 2020 ആഗസ്റ്റ് 2-ാം തീയതി ഞായറാഴ്ച വി.കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വായിക്കുകയോ സാധ്യമായ രീതിയിൽ നമ്മുടെ വിശ്വാസികളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.

— — — — — — — — — — — —

Ref: 3321/K-5/KCBC/OL/DS 9.7.2020

### കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡവലെപ്മെന്റ് കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ
### കോവിഡ്–19 അതിജീവനമാർഗ്ഗരേഖ

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരങ്ങളേ,

കേരള കത്തോലിക്കാസഭയുടെ സാമൂഹിക നീതിക്കും സമാധാനത്തിനും വികസനത്തിനുമായുള്ള കമ്മീഷനിൽ നിന്നും സ്നേഹാശംസകൾ! ഇന്നുവരെ നാം അഭിമുഖീകരിച്ചിട്ടില്ലാത്ത ഒരു മഹാവിപത്തിനെ ലോകം മുഴുവൻ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു പ്രത്യേക സാഹചര്യമാണല്ലോ ഇപ്പോഴുള്ളത്. കോവിഡ് 19–ന്റെ വ്യാപനം എവിടെയും വലിയ ദുരിതങ്ങളും ആശങ്കകളുമാണ് ഉളവാക്കിയിരിക്കുന്നത്. ഈ പ്രതിസന്ധിയുടെ നടുവിൽ മനസ്സിടിയാതെ ദൈവം നല്കുന്ന കാലത്തിന്റെ അടയാളങ്ങൾ വിശ്വാസത്തിന്റെ വെളിച്ചത്തിൽ തിരിച്ചറിയാൻ നമുക്കു കഴിയണം. സ്വാർത്ഥം ഉപേക്ഷിച്ച്, മനുഷ്യൻ ആത്യന്തിക ലക്ഷ്യമായ ദൈവത്തിലേക്കും ഒപ്പം സഹോദരങ്ങളിലേക്കും പ്രകൃതിയിലേക്കും മടങ്ങണമെന്ന ആഹ്വാനമിവിടെ മുഴങ്ങുന്നുണ്ട്. അത് നാം ശ്രവിച്ചു കൊണ്ട് പുതിയ ജീവിതശൈലികൾ സ്വീകരിക്കേണ്ടതാവശ്യമാണ്.

ഇന്നത്തെ പ്രത്യേക പരിതോവസ്ഥയിൽ ശരിയായി ഇടപെടുകയും പഠനം നടത്തുകയും ചെയ്തുകൊണ്ടാണ് അതിജീവനത്തിനു സഹായിക്കുന്ന കർമ്മപദ്ധതികൾ കമ്മീഷൻ ആവിഷ്കരിക്കുന്നത്. നമ്മുടെ ആവാസവ്യവസ്ഥയ്ക്ക് നാം ഉണ്ടാക്കുന്ന ആഘാതങ്ങളാണ് പലപ്പോഴും വൈറസുകളുടെ രൂപമാറ്റത്തിന് (mutation) കാരണമാകുന്നത്. ഈ ഗണത്തിൽ ഏറ്റവും പുതിയതാണല്ലോ കോവിഡ് –19 ന് കാരണമാകുന്ന കൊറോണ വൈറസ്. ഈ വൈറസ് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സാമൂഹ്യജീവിതത്തിലും ആരോഗ്യമേഖലയിലും സാമ്പത്തിക മേഖലകളിലും കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലും ഏൽപ്പിക്കുന്ന ആഘാതം നാമിന്ന് നേരിട്ടനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ദൂഷ്യഫലങ്ങൾ എന്നവസാനിക്കുമെന്ന് നിശ്ചയിക്കപ്പെട്ടിട്ടുമില്ല. നാളിതുവരെ ഇതിനെ പ്രതിരോധിക്കുന്നതിനും വ്യാപനം തടയുന്നതിനും സഭയെന്ന നിലയിൽ നമ്മൾ ഉണർന്നു പ്രവർത്തിച്ചു. ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ രൂപ

താതലങ്ങളിൽ കോവിഡ് അതിജീവനപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നത് തികച്ചും അഭിനന്ദനാർഹമാണ്. ഇക്കാര്യത്തിൽ നമ്മുടെ രൂപതകളിലെ സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ വഹിച്ചിട്ടുള്ള പങ്ക് നിർണ്ണായകവുമാണ്. ഈ സന്ദർത്തിൽ കോവിഡ്-19 ബാധിച്ച് മരണ മടഞ്ഞ എല്ലാവരെയും പ്രാർത്ഥനാപൂർവ്വം സ്മരിക്കുന്നു. ഈ നാളുകളിൽ ത്യാഗപൂർവ്വം സേവനനിരതരായിരിക്കുന്ന നമ്മുടെ ആരോഗ്യപ്രവർത്ത കർ, ഭരണാധികാരികൾ, നിയമപാലകർ, വൈദികർ, സന്ന്യസ്തർ തുട ങ്ങിയവരെ ജസ്റ്റീസ് പീസ് ആന്റ് ഡവലപ്മെന്റ് കമ്മീഷൻ നന്ദി പൂർവ്വം ഓർക്കുന്നു.

ഏതൊരു ദുരന്തവും നമുക്കു മുന്നിൽ ചില വെല്ലുവിളികൾ അവശേഷിപ്പിക്കുന്നുണ്ട്. പുതിയ തീരുമാനങ്ങളും കർമ്മപദ്ധതികളും ഏറ്റെടുത്തു നടപ്പിലാക്കുവാനുള്ള അവസരമാണിത്. ദുരന്തമുഖത്തു ള്ളവരെ അടിയന്തരമായി രക്ഷപ്പെടുത്തുക, അവർക്കാവശ്യമായ സഹാ യങ്ങൾ നൽകുക, പുനരധിവസിപ്പിക്കുക തുടങ്ങിയവ നമ്മുടെ പ്രഥമവും പ്രധാന വുമായ കർത്തവ്യമാണ് (Rescue, Relief and Rehabilitation).

ആവശ്യക്കാരന്റെ മുൻപിൽ മിശിഹായുടെ കണ്ണും കാതും കരങ്ങളും കാലുകളും ഹൃദയവുമായി കടന്നുചെന്ന്, അവരെ മനുഷ്യത്വപര മായി സഹായിച്ച് നമ്മുടെ ദൈവം ഇന്നും ജീവിക്കുന്ന ദൈവമാണെന്ന് അനുഭവവേദ്യമാക്കിക്കൊടുക്കുക വിശ്വാസികളുടെ കടമയാണ്. കർത്താവ് ഇന്നു നമ്മോട് ആവശ്യപ്പെടുന്ന സുവിശേഷ പ്രഘോഷണം തന്നെയാണിത് എന്നതിൽ സംശയമില്ല.

കേരള കത്തോലിക്കാസഭ, പങ്കുവയ്ക്കുന്ന ഒരു സമൂഹമെന്ന നിലയിൽ എന്നും എവിടെയും മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് പൂർവ്വാധികം തീക്ഷ്ണതയോടെ തുട രേണ്ടത് കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഒരു അനിവാര്യതയാണ്. ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തുനിന്നും തിരികെയെത്തുന്ന നമ്മുടെ സഹോദരങ്ങളെ അനുഭാവപൂർവ്വം സ്വീകരിച്ചുകൊണ്ട് അവർക്ക് അനുകൂലമായ ജീവിതസാഹചര്യങ്ങൾ ഒരുക്കി ക്കൊടുക്കേ ണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ദുരന്തങ്ങൾ നിരന്തരം ആവർ ത്തിക്കപ്പെടുന്ന വർത്തമാനകാലസാഹചര്യത്തിൽ ഇവയെ ധൈര്യ പൂർവ്വം അതിജീവിക്കാൻ നമ്മുടെ ജനങ്ങളെ സജ്ജരാക്കേണ്ടതുണ്ട്. ഈ മേഖലകളിലെല്ലാം ഉണർന്നു പ്രവർത്തിക്കുവാൻ സഭ മുഴുവനെയും ആഹ്വാനം ചെയ്യുന്നു.

പരിസ്ഥിതി, കൃഷി, സമ്പത്ത്, വ്യക്തി-കുടുംബ -സാമൂഹിക

ബന്ധങ്ങൾ എന്നിവയോടുള്ള സമീപനങ്ങളിൽ ഒരു ആന്തരികപരിവർത്തനത്തിന് നാം വിധേയരാകേണ്ടത് ആവശ്യമായിത്തീർന്നിരിക്കുന്നു. ആഡംബരങ്ങളെക്കാൾ ആവശ്യങ്ങൾക്ക് മുൻതൂക്കം നൽകിവേണം നാം മുമ്പോട്ടു ചരിക്കുവാൻ. മിതത്വവും ലളിതജീവിതശൈലിയും ആഘോഷവേളകളിലും മറ്റു ജീവിതസാഹചര്യങ്ങളിലും നമ്മുടെ മുഖമുദ്രയായി മാറേണ്ടതുണ്ട്. സ്വയംപര്യാപ്തമായ കുടുംബജീവിതം, സമൂഹജീവിതം എന്നിവയായിരിക്കണം നമ്മുടെ മുമ്പോട്ടുള്ള പ്രയാണത്തിൽ പ്രഥമ പരിഗണനകൾ.

കോവിഡ്-19 ഏൽപ്പിക്കുന്ന ആഘാതങ്ങളെ അതിജീവിക്കുന്നതിനായി വരുന്ന മൂന്നു വർഷത്തേക്ക് നമ്മുടെ കമ്മീഷന്റെ കീഴിലുള്ള കേരളാ സോഷ്യൽ സർവ്വീസ് ഫോറവും, 32 രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികളും സംയുക്തമായി 'കോവിഡ് അതിജീവനം' (Surviving Covid) എന്ന ശീർഷകത്തിൽ തയ്യാറാക്കിയിരിക്കുന്ന കർമ്മപദ്ധതികൾ കേരള കത്തോലിക്കാസഭയ്ക്കുവേണ്ടി സ്നേഹപൂർവ്വം സമർപ്പിക്കുകയാണ്. സാക്ഷരതയിൽ മുന്നിട്ടുനിൽക്കുന്ന കേരള സമൂഹത്തിന് ഒരു നവദർശനവും പരിരക്ഷയും പ്രദാനംചെയ്യുന്ന കർമ്മപരി പാടികളാണ് നമ്മൾ ആവിഷ്കരിച്ചിരിക്കുന്നത്.

**1. ആരോഗ്യപരിരക്ഷ:** അനുദിനം രോഗഗ്രസ്തമായിക്കൊണ്ടിരിക്കുന്ന ഒരു സമൂഹമാണ് നമ്മുടേത്. വരുമാനത്തിന്റെ മുഖ്യപങ്കും മരുന്നിനും ചികിത്സയ്ക്കുമായിട്ടാണല്ലോ നാം ചെലവിടുന്നത്. ജീവിതശൈലീരോഗങ്ങൾ ഏറ്റവും കൂടുതൽ കാണപ്പെടുന്നത് നമ്മുടെ ഇടയിലാണ്. ക്യാൻസർ പോലുള്ള മാരകരോഗങ്ങൾ ദിനംതോറും കൂടിവരുന്നു. ഈ മേഖലയിൽ പ്രധാനമായും നാലു രീതിയിലുള്ള ഇടപെടലുകൾ പ്രയോജനപ്രദമാകുമെന്ന് സഭ ചിന്തിക്കുന്നു.

(എ) ആരോഗ്യ പരിപോഷണ പ്രവർത്തനങ്ങൾ

(ബി) രോഗപ്രതിരോധപ്രവർത്തനങ്ങൾ

(സി) സൗഖ്യദായകമായ ചികിത്സാസൗകര്യങ്ങൾ

(ഡി) ആരോഗ്യ പുനരധിവാസ പ്രവർത്തനങ്ങൾ

ഇവയുടെ ഭാഗമായി നമ്മുടെ ഗവൺമെന്റ് നൽകുന്ന നിർദ്ദേശങ്ങളെ അതേപടി പാലിക്കുന്നതിന് ഏവരും ശ്രദ്ധിക്കുന്നതോടൊപ്പം ഓരോരുത്തരും രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കേണ്ടതുമാണ്. സാമൂഹ്യസുരക്ഷാപദ്ധതികളിൽ എല്ലാ കുടുംബാംഗങ്ങളും പങ്കുകാരാകേണ്ടതുമാണ്.

**2. ഭക്ഷ്യസുരക്ഷ:** ഭക്ഷണമായിരിക്കണം നമ്മുടെ മരുന്ന്. നമുക്കനു

യോജ്യമല്ലാത്ത ഭക്ഷണക്രമമാണല്ലോ പല രോഗങ്ങളും ക്ഷണിച്ചുവരുത്തുന്നത്. ഭക്ഷ്യോൽപാദനത്തിൽ ഇനിയും നാം സ്വയംപര്യാപ്തത നേടിയിട്ടില്ല. ഇനിയെങ്കിലും ഇതിനൊരു പരിഹാരം ഉണ്ടായേ മതിയാകൂ. വിഷവിമുക്ത ഭക്ഷണശൈലി നാം അവലംബിക്കേണ്ടത് അത്യാവശ്യമാണ്. നാം എന്തു ഭക്ഷിക്കണമെന്ന് നാം തന്നെ തീരുമാനിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാവണം. പരസ്യങ്ങളുടെ പിന്നാലെ പോയി ആരോഗ്യത്തിന് ഹാനികരമായേക്കാവുന്ന ഭക്ഷണപദാർത്ഥങ്ങൾ സ്വീകരിക്കുന്നശൈലി വർജ്ജിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഒപ്പം, രോഗപ്രതിരോധശക്തി പ്രദാനം ചെയ്യുന്ന ഭക്ഷ്യപദാർത്ഥങ്ങൾ കൂടുതലായി നമ്മുടെ ഭക്ഷണക്രമത്തിൽ ഉൾപ്പെടുത്താൻ നമ്മൾ പ്രത്യേകം ശ്രദ്ധിക്കണം. ഭക്ഷണകാര്യത്തിൽ ഒരു മിതത്വം നാം പാലിക്കേണ്ടതുമുണ്ട്. ഭക്ഷ്യസുരക്ഷാപ്രവർത്തനങ്ങളും ഇതോടൊപ്പം നാം ഏറ്റെടുത്തു നടപ്പിലാക്കേണ്ടതാണ്. അങ്ങനെ ഒരു പുതിയ ഭക്ഷ്യസാക്ഷരത പിൻതുടരുവാൻ കേരളസമൂഹം കാലവിളംബം വരുത്തിക്കൂടാ.

**3. കാർഷികസംസ്കൃതി:** കൃഷിയായിരുന്നല്ലോ നമ്മുടെപ്രധാന സംസ്കാരം. നമ്മുടെ ഇളംതലമുറയെ കൃഷിയിലേക്കാകർഷിക്കുവാൻ നമുക്ക് സാധിക്കണം. കാർഷികവൃത്തിയിൽ ക്രൈസ്തവർ മുൻപന്തിയിലാണെങ്കിലും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിൽ നാം പിൻപന്തിയിലാണ്. ഇവിടെയും ഒരു ക്രിയാത്മകമാറ്റം അനിവാര്യമാണ്. ഇത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാനവർദ്ധനവിനും സഹായകരമാകുന്നു. ഏകവിള സമ്പ്രദായത്തിനു പകരം ബഹുവിളയും, സമ്മിശ്രകൃഷി രീതിയുമാണ് നാം ഏറ്റെടുക്കേണ്ടത്. നമ്മുടെ എല്ലാ കുടുംബങ്ങളിലും ഒരു അടുക്കളത്തോട്ടം ഉണ്ടാക്കി പച്ചക്കറിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത ആർജ്ജിക്കേണ്ടതാണ്. പാരമ്പര്യമായി നമുക്കുള്ള കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ, വിത്തിനങ്ങൾ തുടങ്ങിയവ കൃഷി ചെയ്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ സാധിക്കും. പ്രകൃതിദത്ത കൃഷിരീതിയും ജൈവകൃഷിരീതിയും ആയിരിക്കണം നാം അവലംബിക്കേണ്ടത്. അതുവഴി നമ്മുടെ ആവാസവ്യവസ്ഥയെയും മണ്ണിനെയും നമുക്ക് സംരക്ഷിക്കാനാവും. വിപണനമേഖലയിലും വിലസ്ഥിരത ഉറപ്പാക്കുന്ന നവസംരംഭങ്ങൾ ആരംഭിക്കേണ്ടത് ഇന്നത്തെ വലിയ ആവശ്യമാണ്.

**4. പരിസ്ഥിതി സംരക്ഷണം:** ഫ്രാൻസിസ് മാർപ്പാപ്പായുടെ ലൗദാതോ സി (*Laudato Si*) എന്ന ചാക്രികലേഖനം ഭൂമിയെ ഒരു പൊതുഭവനമായിട്ടാണല്ലോ അവതരിപ്പിക്കുന്നത്. ശുദ്ധമായ വായു, വെള്ളം. മണ്ണ്, ആവാസ

— — — — — — — — — — — —

വ്യവസ്ഥ മുതലായവയെല്ലാം സമസ്ത ജീവജാലങ്ങളുടെയും അവകാശമാണെന്ന് മാർപാപ്പാ നമ്മെ ഉദ്ബോധിപ്പിക്കുന്നു. വലിച്ചെറിയൽ സംസ്കാരത്തിന് അറുതിവരുത്തേണ്ടതിന്റെ ആവശ്യകത മാർപാപ്പാ നമ്മെ വ്യക്തമായി ഉദ്ബോധിപ്പിക്കുന്നുണ്ട്. എല്ലാത്തരത്തിലുമുള്ള മലിനീകരണത്തിനും നമ്മൾ അറുതി വരുത്തേണ്ടതാണ്. ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ ചെലുത്താൻ കഴിയണം. ഉറവിടങ്ങളിലെ മാലിന്യസംസ്കരണം ജീവിതശൈലിയുടെ ഭാഗമാക്കേണ്ടതാണ്. കൃഷിയിടങ്ങളിലും അല്ലാതെയുമുള്ള വനവൽക്കരണം പ്രോൽസാഹിപ്പിക്കണം. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കണം. പ്രകൃതിവിഭവങ്ങളുടെ നീതിപൂർവ്വകമായ ഉപയോഗം ഉറപ്പുവരുത്താൻ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം പ്രവർത്തനങ്ങളോടുകൂടി നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കാൻ നാമൊരുമിച്ച് യത്നിക്കണം.

**5. സാമ്പത്തികഭദ്രത:** മറ്റേതു മേഖലയും പോലെതന്നെ കോവിഡ്–19 സാമ്പത്തികമേഖലയിലും കനത്ത പ്രഹരമാണ് ഏൽപ്പിച്ചിരിക്കുന്നത്. മുൻഗണനാക്രമങ്ങളിൽ ആവശ്യങ്ങളെ ക്രമീകരിച്ച് മിതവ്യയം അഭ്യസിച്ച് സമ്പാദ്യശീലം വർദ്ധിപ്പിച്ചാൽ മാത്രമേ നമുക്ക് പിടിച്ചു നിൽക്കുവാനാവൂ. എല്ലാത്തരം ധൂർത്തും ആഡംബരങ്ങളും നമ്മൾ ഒഴിവാക്കാൻ ശ്രമിക്കണം. സാമ്പത്തിക അച്ചടക്കം പാലിക്കലാണ് ഈ സാക്ഷരതയുടെ മുഖ്യപ്രമേയം. സർക്കാർ ആനുകൂല്യങ്ങൾ വേണ്ടവിധം പഠിച്ചു മനസ്സിലാക്കി പ്രയോജനപ്പെടുത്തുന്നതിൽ നാം ഇനിയും മടിച്ചു നിൽക്കരുത്. വരുമാനദായകമല്ലാത്ത എല്ലാ നിക്ഷേപങ്ങളും സാമ്പത്തിക മേഖലയിലുള്ള നമ്മുടെ ആഘാതം വർദ്ധിപ്പിക്കുകയേയുള്ളൂ. പാവങ്ങളോട് പക്ഷം ചേർന്ന് ജീവിക്കുന്നതിനായി ജാതി,മത,വർഗ്ഗവർണ്ണ ഭേദമെന്യേ പങ്കുവയ്ക്കുന്ന ജീവിതശൈലി നമുക്കവലംബിക്കാം. അങ്ങനെ നമ്മുടെ സാമ്പത്തികമേഖലയ്ക്ക് നമ്മളാലാവുംവിധം പുതുജീവൻ പകരുന്നതിന് ഇടയാകട്ടെ.

പ്രകൃതിദത്ത ദുരന്തങ്ങളെ നമുക്ക് അഭിമുഖീകരിക്കാതിരിക്കുവാൻ കഴിയില്ല. എന്നാൽ മനുഷ്യനിർമ്മിത ദുരന്തങ്ങൾക്ക് അറുതി വരുത്താൻ ഇനിയെങ്കിലും നാം ശ്രദ്ധിക്കേണ്ടതാണ്. പല ദുരന്തങ്ങളും മനുഷ്യനിർമ്മിതമാണെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. അതുകൊണ്ടുതന്നെ നമ്മുടെ സമൂഹത്തെ ശരിയായി ബോധവൽക്കരിച്ച് പ്രതിസന്ധികളെ അഭിമുഖീകരിക്കുന്നതിനും അതിജീവിക്കുന്നതിനും നാം സജ്ജമാക്കേണ്ടിയിരിക്കുന്നു.

— — — — — — — — — — —

കേരള കത്തോലിക്കാസഭയുടെ സമൂഹികനീതിക്കും സമാധാനത്തിനും വികസനത്തിനുമായുള്ള കമ്മീഷൻ ഈ നിർദ്ദേശങ്ങളും പ്രവർത്തനങ്ങളും നിങ്ങളുടെ മുൻപാകെ സമർപ്പിക്കുകയാണ്. ഈ കാര്യങ്ങളെല്ലാം തന്നെ കൂടുതൽ പഠനവിശകലനത്തിനു വിധേയമാക്കി അനുയോജ്യമായ നടപടിക്രമങ്ങൾ സ്വീകരിച്ച് നമ്മുടെ പ്രകൃതിയെയും ജീവജാലങ്ങളെയും മനുഷ്യനെയും സംരക്ഷിക്കേണ്ടതിന് ഏവരെയും ദൈവനാമത്തിൽ ആഹ്വാനം ചെയ്യുന്നു. ഏവർക്കും ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സമൃദ്ധമായി ലഭിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് മാർ ജോസ് പുളിക്കൽ**
ചെയർമാൻ, കെസിബിസി ജെ.പി.ഡി. കമ്മീഷൻ

**ആർച്ച് ബിഷപ്പ് ജോസഫ് കളത്തിപറമ്പിൽ**
വൈസ് ചെയർമാൻ, കെസിബിസി ജെ.പി.ഡി. കമ്മീഷൻ

**ബിഷപ്പ് തോമസ് മാർ എവുസേബിയൂസ്**
വൈസ് ചെയർമാൻ,കെസിബിസി ജെ.പി.ഡി. കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

# മലങ്കര കത്തോലിക്ക സഭ വാർത്തകൾ

**✱ ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ 67-ാം ഓർമ്മപ്പെരുന്നാൾ**

ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ 67-ാം ഓർമ്മപ്പെരുനാൾ കോവിഡ് 19-ന്റെ മാനദണ്ഡങ്ങൾ പാലിച്ച് തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ ജൂലൈ 1 മുതൽ 15 വരെ ആചരിച്ചു. എല്ലാദിവസവും വൈകിട്ട് സന്ധ്യാനമസ്കാരവും വി. കുർബാനയും കബറിങ്കൽ ധൂപപ്രാർത്ഥനയും ഉണ്ടായിരുന്നു. 1-ാം തീയതി രാവിലെ 7 മണിക്ക് റാന്നി-പെരുന്നാട്ടിൽ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ വി. കുർബാന അർപ്പിച്ചു. അഭിവന്ദ്യരായ സാമുവേൽ മാർ ഐറേനിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം എന്നീ പിതാക്കന്മാർ സഹകാർമികരായിരുന്നു. തുടർന്നുള്ള ദിവസങ്ങളിൽ പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ നടന്ന അനുസ്മരണ ശുശ്രൂഷകൾക്ക് ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്, അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ്, വികാരി ജനറൽമാരായ മോൺ. മാത്യു മനക്കരക്കാവിൽ കോർഎപ്പിസ്കോപ്പാ, മോൺ. വർക്കി ആറ്റുപുറത്ത്, മോൺ. വർഗ്ഗീസ് അങ്ങാടിയിൽ, ബഥനി നവജീവൻ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. ഫാ. മാത്യു തിരുവാലിൽ ഒ.ഐ.സി., വന്ദ്യ ഏബ്രഹാം കരിമ്പനാമണ്ണിൽ റമ്പാൻ, മലങ്കര മേജർ സെമിനാരി റെക്ടർ റവ. ഫാ. സണ്ണി മാത്യു, റവ. ഫാ. ജോൺ പടിപുരയ്ക്കൽ, റവ. ഫാ. മാത്യു മുകളുംപുറത്ത്, റവ. ഫാ. ആന്റണി കാക്കനാട്ട്, റവ. ഫാ. ജോർജ് തോമസ്, റവ. ഫാ. ജോൺ കുറ്റിയിൽ, റവ. ഫാ. ജോർജ് കൈമലയിൽ, റവ. ഫാ. ജോൺ ആലുവിളയിൽ എന്നിവർ നേതൃത്വം നൽകി. കോവിഡ്-19 പ്രോട്ടോകോൾ അനുസരിച്ച് തീർത്ഥാടന പദയാത്ര ഒഴിവാക്കിയിരുന്നു. 14-ന് വൈകിട്ട് ആഘോഷമായ സന്ധ്യാനമസ്കാരവും കബറിങ്കൽ ധൂപപ്രാർത്ഥനയും നടന്നു. പതിവുപോലെ നടത്താറുള്ള മെഴുകുതിരി പ്രദക്ഷിണം സഭയെ മുഴുവൻ പ്രതിനിധീകരിച്ച് അത്യഭിവന്ദ്യ കാതോലിക്കാബാവ കത്തീഡ്രൽ ദൈവാലയത്തിനുചുറ്റും നടന്നുകൊണ്ട് നിർവഹിക്കുകയും ശ്ലൈഹിക ആശീർവാദം നൽകുകയും ചെയ്തു. സമാപനദിവസമായ 15-ന് രാവിലെ 8 മണിക്ക് നടന്ന ഓർമ്മപ്പെരുന്നാൾ കുർബാനയിൽ അത്യഭിവന്ദ്യ കാതോലിക്കാബാവ മുഖ്യ കാർമ്മികത്വം വഹിച്ചു.

തുടർന്ന് ഏതാനും പുസ്തകങ്ങളുടെ പ്രകാശനകർമ്മം നിർവഹിച്ചു. അതിനുശേഷം കബറിൽ ധൂപപ്രാർത്ഥനയും നടത്തി.

### ✱ മലങ്കര മേജർ സെമിനാരിക്ക് പുതിയ റെക്ടർ

തിരുവനന്തപുരം സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയുടെ പുതിയ റെക്ടറായി റവ. ഡോ. സണ്ണി കാവുവിള 2020 മെയ് 5-ാം തീയതി നിയമിതനായി. മാർത്താണ്ഡം ഭദ്രാസനാംഗമായ അച്ചൻ മരിയഗിരി മലങ്കര കോളേജിന്റെ ചുമതല നിർവഹിക്കുകയായിരുന്നു. റോമിൽനിന്നും കാനൻ നിയമത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കുകയും തുടർന്ന് അമേരിക്കയിൽ പ്രേഷിത ശുശ്രൂഷ നിർവഹിക്കുകയും ചെയ്തിട്ടുണ്ട്.

### ✱ യാത്രയയപ്പ്

മൂന്ന് വർഷക്കാലം തിരുവനന്തപുരം സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയുടെ റെക്ടറായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച റവ. ഡോ. കുര്യാക്കോസ് തടത്തിലച്ചന് 2020 മെയ് 5-ാം തീയതി കാതോലിക്കേറ്റ് സെന്ററിൽ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവയുടെ അധ്യക്ഷതയിൽ യാത്രയയപ്പ് നൽകി.

## അതിഭദ്രാസന വാർത്തകൾ

### ✱ ബഹു. വർഗീസ് വള്ളിക്കാട്ടിൽ അച്ചന് ഹൃദ്യമായ സ്വാഗതം

കേരള കത്തോലിക്കാ മെത്രാൻ സമിതി (KCBC) ഡെപ്യൂട്ടി സെക്രട്ടറി ജനറലായും, പാലാരിവട്ടം പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ ഡയറക്ടറുമായി നീണ്ട 6 വർഷക്കാലത്തെ സ്തുത്യർഹമായ ശുശ്രൂഷ നിർവ്വഹിച്ച ബഹു. വർഗീസ് വള്ളിക്കാട്ടച്ചൻ കാലാവധി പൂർത്തിയാക്കി അതിഭദ്രാസനത്തിൽ തിരികെയെത്തി. ബഹു. വർഗീസ് വള്ളിക്കാട്ടച്ചന് അതിഭദ്രാസനത്തിന്റെ പ്രാർത്ഥനയും നന്ദിയും അറിയിക്കുന്നു.

### ✱ റമ്പാൻ സ്ഥാനാരോഹണം

വന്ദ്യ എബ്രഹാം കരിമ്പനാമണ്ണിൽ അച്ചനെ റമ്പാൻ സ്ഥാനത്തേക്ക് ഉയർത്തി. 2020 മാർച്ച് മാസം ആറാം തീയതി സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവയുടെ മുഖ്യ കാർമികത്വത്തിൽ റമ്പാൻ സ്ഥാനാരോഹണം നടന്നു. അതിഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവും, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഫിലിപ്പോസ് മാർ സ്തേഫാനോസ്, യൂഹാനോൻ

— — — — — — — — — — — —

മാർ ക്രിസോസ്റ്റം, യൂഹാനോൻ മാർ തെയഡോഷ്യസ്, സാമുവൽ മാർ ഐറേനിയോസ്, ഗീവർഗീസ് മാർ മക്കാറിയോസ് എന്നീ പിതാക്കന്മാരും സഹകർമ്മികരായിരുന്നു. അതിഭദ്രാസനത്തിലെ വൈദികരും ശുശ്രൂഷയിൽ സംബന്ധിച്ചു.

## ✱ ഓർമ്മപെരുന്നാൾ

ജൂൺ മാസം നാലാം തീയതി അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവിന്റെ ഒന്നാം ഓർമ്മപ്പെരുന്നാൾ ആചരിച്ചു. അഭിവന്ദ്യ കൂറിലോസ് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയും തുടർന്ന് കബറിങ്കൽ ധൂപ പ്രാർത്ഥനയും നടത്തി.

## ✱ Safe Environment Committee

പ്രായപൂർത്തിയാവാത്തവർക്കും ദുർബലാവസ്ഥയിലുള്ളവർക്കും സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് അതിഭദ്രാസനത്തിൽ ഏപ്രിൽ 20ന് Safe Environment Committee പ്രാബല്യത്തിൽ വന്നിരിക്കുന്നു.

**ചുമതലക്കാർ**

1. President : Dr. Manju George, Elanjickal (Director, Pratheeksha Pushpagiri Child Develop. Center).
2. Secretary : Rev. Dr. Kochuthresia OSS (Moral theologian).
3. Member : Rev. Sr. Grace SIC (Psychologist- Counsellor).
4. ” : Prof. Dr. Anitha Jose Valakuzhy (Vice Principal, AssumptionCollege, Changanacherry).
5. ” : Prof. Dr. Varghese K. Cherian (Principal, St. Joseph College Mannanam, MGUniversity Syndicate member)
6. ” : Mr. Ghosh Yohannan (Advocate High Court Kerala).
7. ” : V. Rev. Dr. Thomas Parakkel (Judicial Vicar, Canonist).

## ✱ വൈദിക കൂട്ടായ്മ

കോവിഡ് പശ്ചാത്തലത്തിൽ, വൈദിക കൂട്ടായ്മയും നോമ്പു കാല ധ്യാനവും അതിഭദ്രാസനത്തിലെ മുഴുവൻ വൈദികരും ചേർന്ന് ഒന്നിച്ചു നടത്തുവാൻ സാധിച്ചില്ല. എന്നാൽ അതിഭദ്രാസന അദ്ധ്യക്ഷന്റെ പ്രത്യേക താൽപര്യപ്രകാരം ജൂൺ മാസം 18-ാം തീയതി മുതൽ വിവിധ മേഖലകളിലെ വൈദികരെ ഒന്നിച്ചു കൂട്ടുവാനും വിശുദ്ധ കുർബാനയുടെ ആരാധനയും, വിശുദ്ധ കുമ്പസാരവും, വൈദികരുടെ Sharing-ം നടന്നു എല്ലാ കൂട്ടായ്മയിലും അതിഭദ്രാസന അദ്ധ്യക്ഷനും മുഖ്യ വികാരി

ജനറാൾ മോൺ. ചെറിയാൻ താഴമൺ അച്ചനും സന്നിഹി തരായിരുന്നു.
**ജൂൺ 18 കട്ടപ്പന കുമളി** മേഖലകളിലെ വൈദികരുടെ കൂട്ടായ്മ കട്ടപ്പന Jyothis Pastoral Centreൽ വെച്ച് നടന്നു.

**ജൂൺ 24 – കോട്ടയം** മേഖല വൈദിക സമ്മേളനം കുമരകത്ത് വച്ച് നടന്നു സമ്മേളനത്തിൽ വച്ച് എംജി യൂണിവേഴ്സിറ്റിയുടെ Directorate of College development Council Director ആയി നിയമിത നായ കോങ്ങാട് ഇടവകാംഗമായ ഡോ. പി ടി ബാബുരാജിനെ അനുമോദിച്ചു.

**ജൂൺ 30 – തിരുവല്ല– നിരണം** മേഖലകളിലെ വൈദിക കൂട്ടായ്മ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടന്നു

**ജൂൺ 1 – മല്ലപ്പള്ളി–വെണ്ണിക്കുളം** മേഖലകളിലെ വൈദിക കൂട്ടായ്മ മല്ലപ്പള്ളിയിൽ വച്ച് നടന്നു

**ജൂൺ 2 – റാന്നി–എരുമേലി** മേഖലകളിലെ വൈദിക കൂട്ടായ്മ ചെത്തോങ്കരയിൽ വച്ച് നടന്നു

**✱ യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ ഓർമ്മ പ്പെരുന്നാൾ**

തിരുവല്ല അതിഭദ്രാസനത്തിന്റെ പ്രഥമ അദ്ധ്യക്ഷൻ ഭാഗ്യസ്മരണാർഹനായ യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെയും അതിഭദ്രാസനത്തിൽ അദ്ധ്യക്ഷനായിരുന്ന ഗീവർഗീസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തയുടെയും സംയുക്ത ശ്രാദ്ധപ്പെരുന്നാൾ ജൂൺ 27–28 തീയതികളിൽ ആചരിച്ചു. അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനി മുഖ്യകാർമികത്വം വഹിച്ചു. അഭിവന്ദ്യ കൂറിലോസ് പിതാവും അതിഭദ്രാസനത്തിലെ തെരഞ്ഞെടുക്കപ്പെട്ട 13 വൈദികരും ദൈവജനവും ഈ ശുശ്രൂഷകളിൽ സംബന്ധിച്ചു. ബഹു. ഐസക്ക് പറപ്പള്ളി അച്ചൻ എഡിറ്റ് ചെയ്ത "ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത നന്മയുടെയും കരുതലിന്റെയും മഹാപുരോഹിതൻ" എന്ന പുസ്തകം കാതോലിക്കാ ബാവാ പ്രകാശനം ചെയ്തു.

**✱ ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ ഓർമ്മ തിരുനാൾ**

ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ ഓർമ്മ തിരുനാളിനോടനുബന്ധിച്ച് ജൂലൈ 15ന് മലങ്കര കത്തോലിക്കാ സഭയിലെ പ്രഥമ ദേവാലയമായ തിരുമൂലപുരം സെന്റ് മേരീസ് പള്ളിയിൽ വച്ച് അഭിവന്ദ്യ പിതാവ് വിശുദ്ധ ബലി അർപ്പിക്കുകയും ധൂപ പ്രാർത്ഥന നടത്തുകയും ചെയ്തു. മലങ്കരയുടെ ഭവനം - ബേത്ത് ആബോയിൽ വച്ച് പ്രത്യേക അനുസ്മരണ പ്രാർത്ഥനകളും നടത്തപ്പെട്ടു.

---

## ✱ കോവിഡ് സമരിറ്റൻസ് ടാസ്ക് ഫോഴ്സുമായി തിരുവല്ല അതിരൂപത




**തിരുവല്ല** : കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക് നേതൃത്വം നൽകുക എന്ന ലക്ഷ്യത്തോടെ തിരുവല്ല അതിരൂപതയുടെ നേതൃത്വത്തിൽ കോവിഡ് സമരിറ്റൻസ് ടാസ്ക് ഫോഴ്സ് രൂപികരിച്ചു. പ്രസ്തുത പരിപാടിയുടെ വോളന്റീയർസ് ട്രെയിനിങ് പ്രോഗ്രാം അതിരൂപത അധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ.തോമസ് മാർ കൂറിലോസ് നിർവഹിച്ചു.

ജൂലൈ മാസം ഇരുപതാം തീയതി അഭിവന്ദ്യ പിതാവ് ബഹുമാനപ്പെട്ട വൈദികരും അതിരൂപതയിലെ MCA, MCYM പ്രസിഡന്റുമാരും തെരഞ്ഞെടുത്ത വ്യക്തികളും ചേർന്ന് അരമനയിൽ വച്ച് covid കാല ഘട്ടത്തിൽ സഭയ്ക്ക് എന്ത് ചെയ്യാം എന്നുള്ള ചിന്തയുടെ ഫലമായി അതിരൂപതയുടെ നേതൃത്വത്തിൽ Covid Samaritans എന്ന പുതിയ സംഘടനയ്ക്ക് രൂപം നൽകി. ബഹു. മാത്യൂ പുനക്കുളം അച്ചൻ, സാമുവേൽ വിളയിൽ അച്ചൻ, MCA പ്രസിഡന്റ് ശ്രീ. ജോജി വിഴലിൽ, MCYM പ്രസിഡന്റ് ശ്രീ. ലൈജു കോശി, ശ്രീ. ഹണി വരിക്കപ്ലാമൂട്ടിൽ എന്നിവർ അതിരൂപതാതലഭാരവാഹികൾ ആയി തിരഞ്ഞെടുക്കപ്പെട്ടു. അതിരൂപതയുടെ 9 മേഖലകളിലായി ഈ സംഘടന പ്രവർത്തിക്കുന്നു. ഓരോ മേഖലയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട വൈദീകരും യുവജനങ്ങളും അല്മായരും അടങ്ങുന്ന ടീം Covid samaritans എന്ന പേരിൽ അതിരൂപതയിൽ നടക്കുന്ന സംസ്കാര ചടങ്ങുകളിലും മറ്റു അത്യാവശ്യ ഘട്ടങ്ങളിൽ മുൻ കൈയെടുക്കാൻ തീരുമാനിച്ചു. ഓരോ മേഖലയിലും ഉള്ള ടീമംഗങ്ങൾക്ക് ആവശ്യമായ പരിശീലനവും, ബോധവൽക്കരണവും Government Doctorsന്റെയും ആരോഗ്യപ്രവർത്തകരുടേയും നേതൃത്വത്തിൽ നടത്തപ്പെട്ടുകൊണ്ടിരിക്കുന്നു. കോവിഡ് 19 ന്റെ വിവിധ ആവശ്യങ്ങൾക്ക് നമ്മുടെ ഏതാണ്ട് മിക്ക സ്ഥാപനങ്ങളും ഗവ. അധികാരികൾ ഏറ്റെടുത്തിരിക്കുന്നു.

---

**✱ കോവിഡ് : സാമൂഹിക പ്രതിബദ്ധതയോടെ തിരുവല്ല അതിഭദ്രാസനം**

കേരള സമൂഹത്തിൽ പല പ്രതിസന്ധി ഘട്ടങ്ങളിലും നിസ്വാർത്ഥമായ കൈത്താങ്ങായി മാറിയിട്ടുണ്ട് മലങ്കര സുറിയാനി കത്തോലിക്ക സഭ. മഹാമാരിയുടെ ഈ പ്രതിസന്ധി ഘട്ടത്തിൽ സഭയുടെ കരുതൽ തികച്ചും അഭിനന്ദനാർഹമാണ്.

കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ അതിഭദ്രാസനത്തിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ quarantine centre കൾ ആയി ഗവൺമെന്റിനു വിട്ടുനൽകി. അതിഭദ്രാസനത്തിന്റെ പാസ്റ്ററൽ സെന്റർ ആയ ശാന്തിനിലയം, മാക്ഫാസ്റ്റ് കോളേജ്, തുടങ്ങി അതിഭദ്രാസനത്തിലെ വിവിധ സ്ഥാപനങ്ങൾ quarantine centres ആയി പ്രവർത്തിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പിള്ളത്തൊട്ടിൽ ആയ തിരുവല്ല അതിരൂപതയിലെ തിരുമൂലപുരം സെന്റ്.മേരീസ് ദൈവാലയത്തിന്റെ ഓഡിറ്റോറിയം ഫസ്റ്റ് ലൈൻ കോവിഡ് സെന്ററായി പ്രവർത്തിക്കുന്നു.

**✱ പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ്**

തിരുവല്ലാ അതിഭദ്രാസനത്തിന്റെ 17-ാം മത് പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ് ഓഗസ്റ്റ് 22-ാം തീയതി Zoom platform ൽ നടത്തപ്പെട്ടു. അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്ക ബാവാ തിരുമേനിയുടെ സാന്നിദ്ധ്യവും വാക്കുകളും മീറ്റിംഗിനെ അനുഗ്രഹീതമാക്കി. അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ മാർഗ്ഗനിർദ്ദേശങ്ങളും അനുഗ്രഹപ്രദമായ വാക്കുകളും മീറ്റിംഗിനെ ശരിയായ ദിശയിൽ നയിക്കുന്നതിന് ശ്രദ്ധേയമായ പങ്കു വഹിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി പ്രഫ. ഡോ.വർഗ്ഗീസ് ചെറിയാൻ സാറും അതിരൂപതയുടെ മീഡിയ ഡയറക്ടർ ബഹു. സന്തോഷ് അഴകത്തച്ചനും, എം.സി.വൈ.എം പ്രസിഡന്റ് ലൈജു കോശിയും പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിന്റെ ക്രമീകരണങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ചു. മീറ്റിംഗിൽ താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളെ ആസ്പദമാക്കി ക്ലാസുകൾ എടുത്തു.

**കോവിഡ് കാലത്തെ ആത്മീയ പരിപോഷണം :**

റവ. ഫാ. ചെറിയാൻ കോട്ടയിൽ, ചാൻസിലർ

**കോവിഡ് കാലത്തെ ആരോഗ്യ പരിപോഷണം :**

ഡോ. ഏബ്രഹാം വർഗീസ് വട്ടശ്ശേരിൽ

— — — — — — — — — — — —

**കോവിഡ് കാലത്തെ സാമ്പത്തിക ശ്രദ്ധ :**

വർഗീസ് അലക്സാണ്ടർ കല്ലറയ്ക്കൽ

**കോവിഡ് സമരിറ്റൻസ് :**

റവ. ഫാ. മാത്യൂ പുനക്കുളം, അതിരൂപതാ കോർഡിനേറ്റർ

**വിശ്വസപരിശീലനം സമൂഹമാധ്യമങ്ങളിലൂടെ:**

റവ. ഫാ. സന്തോഷ് അഴകത്ത്, അതിരൂപതാ മീഡിയ കോർഡിനേറ്റർ

**വിശ്വാസജീവിതത്തിലെ ആധുനികവെല്ലുവിളികളും അതിജീവന മാർഗങ്ങളും :**

റൈറ്റ് റവ. മോൺസിഞ്ഞോർ. ചെറിയാൻ താഴമൺ, വികാരി ജനറൽ

# സെമിനാരി വാർത്തകൾ

## I.M.M SEMINARY

Marygiri, P.B. No.4, Tiruvalla -689 101

### ♦ വൈദിക വസ്ത്രം സ്വീകരിച്ചു

ബ്ര. ഇടയത്ര മാമ്മൻ. ബ്ര. കൊച്ചുമാലിൽ തുണ്ടിയിൽ ചാക്കോ, ബ്ര. മൂലയിൽ മാത്യൂ ബ്ര. ഓലിക്കൽ ജസ്റ്റിൻ, ബ്ര. പുല്ലുവേലിൽ മാത്യൂ, ബ്ര. പുത്തൻപീടികയിൽ മാത്യൂ, ബ്ര.പുതുപറമ്പിൽ തോമസ്, ബ്ര. തെക്കേമൊമ്മൂട്ടിൽ എബ്രഹാം, ബ്ര. പാൽക്കുളം ജോൺ, ബ്ര. കരിംപ്പനയ്ക്കൽ സെബാസ്റ്റ്യൻ എന്നീ ബ്രദേഴ്സ് മാർച്ച് മാസം 16-ാം തീയതി അഭി. കൂറിലോസ് പിതാവിൽ നിന്നും വൈദിക വസ്ത്രം സ്വീകരിച്ചു.

### ♦ ശെമ്മാശപ്പട്ടം (Deacon) സ്വീകരിച്ചു.

ജൂൺ മാസം 8-ാം തീയതി അഭി. തോമസ് മാർ കൂറിലോസ് പിതാവിന്റെ തൃക്കൈയ്യാൽ ഡീ. ജെറിൻ പുളിക്കൽ (ചെത്തോങ്കര), ഡീ.സ്ക്കറിയ ചാങ്ങെയിൽ(പൂഴിക്കുന്ന്) എന്നിവർ ശെമ്മാശപ്പട്ടം സ്വീകരിച്ചു.

### ♦ Minor Orders

ജൂൺ മാസം 9-ാം തീയതി അഭി. തോമസ് മാർ കൂറിലോസ് പിതാവിന്റെ തൃക്കൈയ്യാൽ ബ്ര. ചേന്നാട്ട് ജോർജ്ജ്, ബ്ര.ഇടത്തുംപടി

ക്കൽ തോമസ്, ബ്ര.കണ്ണംപ്ലാല്ലിൽ ഡാനിയേൽ, ബ്ര.കുരിശുംമൂട്ടിൽ ചെറിയാൻ, ബ്ര.വില്ലോത്ത് ജോസഫ് എന്നിവർ എവുപ്പദിയക്ക്നോ (Subdeacon) പട്ടവും, ബ്ര.കുരിശുമുട്ടത്ത് ക്രിസ്സ് ബ്ര.പട്ടാശ്ശേരിൽ തോമസ് എന്നിവർ മ്സമറോനോ കോറൂയോ പട്ടവും സ്വീകരിച്ചു.

### ♦ Regency

വൈദിക പരിശീലനത്തിന്റെ ഭാഗമായി അതിരൂപതയിലെ 9 ബ്രദേഴ്സ്, വിവിധ ഇടങ്ങളിലായി Regency ക്ക് പ്രവേശിച്ചു.

ബ്ര. മുളവേലിൽ മാത്യു-കാതോലിക്കേറ്റ്, ബ്ര. മുതലപ്ര ജോസഫ്-മേരിഗിരി അരമന, ബ്ര. മുളമൂട്ടിൽ സ്ക്കറിയ-മൈനർ സെമിനരി, ബ്ര. ഇളമതയിൽ ജോർജ്ജ്- കട്ടപ്പന, ബ്ര. പാറത്താനം കുര്യൻ-ആലപ്പുഴ, ബ്ര. പീടികയിൽ സാജൻ-കോട്ടയം ബ്ര. തെക്കേപ്പറമ്പിൽ ഗീവർഗ്ഗീസ്- സാരഥി (അങ്കമാലി) ബ്ര. വേല്ലൂർ ചെറിയാൻ - ശാന്തിനിലയം, ബ്ര. വെട്ടിരേത്ത് നൈനാൻ- ബോധന.

### ♦ ഓൺലൈൻ ക്ലാസ്സ്

കോവിഡ് 19 പശ്ചാത്തലത്തിൽ ബഹു. ദൈവശാസ്ത്രവിദ്യാർത്ഥികൾക്ക് മൈനർ സെമിനാരിയിൽ വച്ച് ദൈവശാസ്ത്രപഠനത്തിന്റെ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിച്ചു. മൈനർ സെമിനാരിയിലെ ഒന്നും നാലും വർഷ വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസുകൾ തുടരുന്നു.

## മതബോധന കാര്യാലയം : ശാന്തിനിലയം

കോവിഡ് 19 ന്റെ പ്രത്യേക സാഹചര്യത്തിൽ സൺഡേസ്കൂൾ ക്ലാസ്സുകളും പരീക്ഷകളുമൊക്കെ ഒഴിവാക്കപ്പെട്ട അവസ്ഥയിൽ, വിശ്വാസപരിശീലനത്തിൽ കുട്ടികൾ കാണിച്ച പ്രത്യേക ശ്രദ്ധ അഭിനന്ദാർഹമാണ്. എല്ലാ ദിവസവും ഉച്ചകഴിഞ്ഞ് 3 മണിക്ക് തിരുവല്ല അതിരൂപതയിലെ എല്ലാ കുട്ടികളും ഒന്നിച്ച് കൊറോണ വൈറസിന്റെ പിടിയിൽ നിന്ന് സംരക്ഷിക്കപ്പെടുവാനായി പ്രാർത്ഥിച്ചു. റൂട്ട് മാപ്പിന്റെ ഈ സാഹചര്യത്തിൽ, യേശുവിന്റെ ജനനം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള റൂട്ട് മാപ്പ് വി. പൗലോസ് ശ്ലീഹായുടെ 3 പ്രേഷിതയാത്രക ളുടെ റൂട്ട്മാപ്പ് സന്ദർശിച്ച ഇടങ്ങൾ, കണ്ടുമുട്ടിയ വ്യക്തികൾ, സംഭവിച്ച കാര്യങ്ങൾ എന്നിവ ഗവേഷണബുദ്ധിയാൽ താല്പര്യപൂർവ്വം ചെയ്തതിൽ സന്തോഷം അതോടൊപ്പം വേദപുസ്തകം പകർത്തിയെഴുത്ത്, വചന ആൽബം, പാഴ്വസ്തുക്കൾ ഉപയോഗിച്ചുള്ള കരകൗശലകലാരൂപ

— — — — — — — — — — — —

ങ്ങളും നിർമ്മാണം, നന്മവൃക്ഷം, പൈതൃകം എന്നിവയും ശ്രദ്ധാർഹ മാണ്. അടുക്കളയിൽ പാചകവൈവിധ്യം പ്രകടമാക്കി, പാചകശ്രീമാൻ പാചകശ്രീമതി എന്നീ ബഹുമതികൾ നേടിയ വരെയും അഭിനന്ദിക്കുന്നു.

സാധാരണ അവധികാലത്ത് നടന്നുവന്ന MBOCയ്ക്ക് പകരമായി ഈ വർഷം നമ്മുടെ പ്രത്യേക സാഹചര്യത്തിൽ Home BOCയായി 5 ദിവസം നടന്നു. പടം വരയ്ക്കൽ, പെയിംന്റിംഗ്, പാട്ട്, ആക്ഷൻ സോങ്ങ്, കവിതാരചന, ക്വിസ് മത്സരം എന്നിവ നടത്തി ആകർഷകമാക്കി. ഇതിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും അഭിനന്ദനങ്ങൾ പ്രോത്സാഹനങ്ങൾ നൽകിയ മാതാപിതാക്കൾക്കും, നേതൃത്വം നൽകിയ ഇടവക വികാരിമാർ ക്കും, മതബോധന ഡയറക്ടമാർക്കും പ്രധാനാദ്ധ്യപകർക്കും, ടീച്ചേഴ്സിനും ഏറെ നന്ദി.

### ♦ സൺഡേസ്കൂൾ ഓൺലൈൻ ക്ലാസ്സുകൾ

നമ്മുടെ സൺഡേസ്കൂൾ കുട്ടികൾക്ക് വേണ്ടിയുള്ള വിശ്വാസ പരിശീലന ക്ലാസ്സ് യൂ ട്യൂബിൽ Credo d'eetho എന്ന പേരിൽ ജൂലൈ 26 മുതൽ ആരംഭിച്ചു. 1 മുതൽ 12 വരെയുള്ള സൺഡേസ്കൂൾ കുട്ടി കളുടെ വിശ്വാസ പരിശീലനം ആധുനിക സാങ്കേതിക വിദ്യയുടെ സഹാ യത്തോടെ, സമർത്ഥരായ അദ്ധ്യാപകരുടെയും, വൈദികരുടെയും, സിസ്റ്റേഴ്സിന്റെയും, ബ്രദേഴ്സിന്റെയും നേതൃത്വത്തിൽ നൽകുക എന്ന ലക്ഷ്യത്തോടെയാണ് ചാനലിന് തുടക്കം കുറിച്ചത്. നമ്മുടെ എല്ലാ ഇടവ കകളിലെയും സൺഡേസ്കൂൾ കുട്ടികളുടെ പഠനത്തിന് സഹായകരമാ കുന്നതിന് അതിരൂപതാദ്ധ്യക്ഷൻ അഭി.ഡോ.തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ അനുഗ്രഹാശീർവ്വാദത്തോടെ, അതിരൂപത പി.ആർ.ഒ ബഹു. സന്തോഷ് അഴകത്ത് അച്ചൻ ഈ സംരംഭത്തിന് നേതൃത്വം നൽകി. ബഹു. ഫിലിപ്പ് തായില്യത്തച്ചനും മറ്റു പ്രഗൽ ഭരായ നേതൃനിരയും ചേർന്നാണ് ഈ സംരംഭം മുൻപോട്ട് കൊണ്ടുപോകു ന്നത്. പത്താം ക്ലാസ്സും പന്ത്രണ്ടാം ക്ലാസ്സും കഴിഞ്ഞു നിൽക്കുന്ന കുട്ടി കൾക്കു വേണ്ടിയുള്ള കരിയർ ഗൈഡൻസ് ക്ലാസ്സും പ്രസ്തുത ചാന ലിൽ ലഭ്യമാണ്. കോവിഡ് 19ന്റെ പ്രത്യേക സാഹചര്യത്തിലും സഭയുടെ മത ബോധന ദൗത്യം കാര്യക്ഷമമായി നടത്തുവാൻ തിരുവല്ലാ അതിരൂ പതയിലെ എല്ലാ ഇടവകകളും വിവിധ രീതിയിൽ ബഹുമാനപ്പട്ട വികാരി മാരുടെയും മതദ്ധ്യാപകരുടെയും നേതൃത്വത്തിൽ മാതാപിതാക്കളുടെ സഹായത്തോടെ നടത്തപ്പെടുന്നു. ഗാർഹിക വ്യക്തിപര വിശ്വാസ പരി ശീലനമാണ് ഇപ്പോൾ പ്രധാനമായി നടക്കുന്നത്.

— — — — — — — — — — — —

◆ **2020 – 2022 വർഷത്തേക്കുള്ള അതിരൂപത എം.സി.സി.എൽ തിരഞ്ഞെടുപ്പ് :**

തിരുവല്ല അതിരൂപത എം.സി.സി.എൽ വാർഷിക അസംബ്ലിയും, പുതിയ മേഖലാഭാരവാഹികൾക്കുള്ള നേതൃത്വപരിശീലന ക്യാമ്പും തിരഞ്ഞെടുപ്പും തിരുവല്ല ശാന്തിനിലയത്തിൽ വച്ച് 2020 മാർച്ച് 7-ാം ശനിയാഴ്ച്ച അഭിവന്ദ്യ മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് പിതാവ് ഉദ്ഘാടനം നിർവ്വഹിച്ചു. അതിരൂപത മതബോധന ഡയറക്ടർ റവ. ഫാ. ഡോ. തോമസ്കുട്ടി പതിനെട്ടിൽ സ്വാഗതവും ആനിമേറ്റർ ശ്രീ. ജോയി സാം നന്ദിയും അർപ്പിച്ചു. എം.സി.വൈ.എം അതിരൂപത പ്രസിഡന്റ് പ്രസിഡന്റ് ലൈജു കോശി ക്ലാസ്സ് നയിച്ചു. തിരഞ്ഞെടുക്കപ്പെട്ട എം.സി.സി.എൽ ഭാരവാഹികൾ: സ്റ്റീന മരിയ ജയൻ, മാലം (പ്രസിഡന്റ്) ആഞ്ചലോ ജോൺസ് മാത്യൂ- ചുങ്കപ്പാറ (വൈസ് പ്രസിഡന്റ്) അന്ന സി. ബിജു-തിരുവല്ല കത്തീഡ്രൽ (സെക്രട്ടറി)
അരുൺ വറുഗീസ് - ചെങ്ങരൂർ (ജോ. സെക്രട്ടറി)
നമിത ബിനു - പാമ്പാടി (ട്രഷറാർ)

**ശാന്തിനിലയം**

സമീക്ഷയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സൺഡേ സ്കൂൾ ഓഫീസ് ശാന്തിനിലയത്തിൽ പ്രവർത്തനം ആരംഭിച്ചു.

# ഫാമിലി അപ്പോസ്തോലേറ്റ്

കൊറോണവൈറസ് ലോക്ക് ഡൗണിന്റെ ബുദ്ധിമുട്ടുമൂലം നടത്താൻ സാധിക്കാതെ പോയ വിവാഹ ഒരുക്ക സെമിനാർ ജൂലൈ 27 മുതൽ ഓൺലൈൻ ആയി ആരംഭിച്ചു. ഓൺലൈൻ ക്ലാസ്സുകളിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്നവർ 9497462813 എന്ന നമ്പറിൽ ബന്ധപ്പെടുക. ഓൺലൈൻ ക്ലാസ്സുകൾക്ക് രജിസ്ട്രേഷൻ ഫീസ് 500 രൂപ ആയി നിശ്ചയിച്ചിരിക്കുന്നു.

— — — — — — — — — — — —

## ✦ വിവാഹ ഓരുക്ക സെമിനാർ

വിവാഹത്തിന് മുൻപ് മൂന്ന് ദിവസങ്ങളിലായി തിരുവല്ല ശാന്തി നിലയത്തിൽ വച്ചു വിവാഹ ഒരുക്ക സെമിനാർ നടത്തിയിരുന്നല്ലോ. എന്നാൽ കോവിഡ് 19 പശ്ചാത്തലത്തിൽ താമസിച്ചുള്ള ക്ലാസുകൾ നടത്തുവാൻ നമുക്ക് സാധിക്കില്ല. അതുകൊണ്ട് ഓൺലൈൻ ആയി ഓരോ മണിക്കൂർ ദൈർഘ്യമുള്ള ഏഴു ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നു. ശ്രദ്ധയോടെ ഈ ക്ലാസുകൾ പ്രയോജനപ്പെടുത്തണം എന്ന് എല്ലാവരെയും ഓർമിപ്പിക്കുന്നു.

1 **ആമുഖം**– ഫാ. തോമസ് തൈക്കാട്ടു (ഡയറക്ടർ, ശാന്തിനിലയം)

2. **കുടുംബം വിളിയും ദൗത്യവും (പ്രാർത്ഥനാ ജീവിതം)**– ഫാ. ജോൺ പടിപ്പുരയ്ക്കൽ

3. **വിവാഹത്തിന്റെ കാനോനിക നിയമങ്ങൾ & വിവാഹം ഒരു കൂദാശ** –ഫാ. തോമസ് പാറയ്ക്കൽ

4. **ഉത്തരവാദിത്വപൂർണമായ മാതൃത്വവും പിതൃത്വവും** –ഡോ. മാമ്മൻ പി. ചെറിയാൻ

5. **ആശയ വിനിമയം കുടുംബത്തിൽ**– ശ്രീ. ഷാജി മാത്യു കൂളിയാട്ട്

6. **പ്രകൃതിദത്ത കുടുംബാസൂത്രണം** –ഡോ. മാമ്മൻ പി. ചെറിയാൻ.

7. **സ്ത്രീ– പുരുഷ മനഃശാസ്ത്രവും കുടുംബബന്ധങ്ങളും** – ശ്രീ. വർഗീസ് വെള്ളാപ്പള്ളിൽ

8. **ലൈംഗീക ധാർമികത** –ഫാ. ഡോ. ഫിലിപ്പ് ആഞ്ഞിലിമൂട്ടിൽ

# ബൈബിൾ അപ്പോസ്തോലേറ്റ്

കോവിഡ് മൂലം ഈ വർഷത്തെ Logos Quiz പരീക്ഷാ തീയതി പുന:ക്രമീകരിച്ചിരിക്കുന്നു. ലോഗോസ് പരീക്ഷ ഡിസംബർ 27–ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് നടത്തുന്നു. ഇതു വരെയുള്ള എഴുത്തു പരീക്ഷ തന്നെയായിരിക്കും ഈ വർഷവും നടത്തുക. രജിസ്ട്രേഷൻ ഓഗസ്റ്റ് 31 വരെ നീട്ടിയിരിക്കുന്നു.

# മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് (എം.സി.വൈ.എം.)

♦ **സത്യപ്രതിജ്ഞ**

2020 ജനുവരി 2 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് മേരിഗിരി അരമന ചാപ്പലിൽ വച്ച് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയുടെ മുമ്പാകെ പുതിയ അതിഭദ്രാസനസമിതി സമിതി സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റു. അതിരൂപത ഡയറക്ടർ ഫാ. ജേക്കബ് മാത്യു അരീക്കൽ, സി. അലീന SIC, ഡോ.സജി ചെറിയാൻ എന്നിവർ സന്നിഹിതനായിരുന്നു.

♦ **ഇടയനോടൊപ്പം...**

ജനുവരി 15ന് തിരുവല്ല അതിരൂപതയിലെ എല്ലാ മേഖല ഡയറക്ടർ അച്ചന്മാർ, പ്രസിഡന്റമാർ, സെക്രട്ടറിമാർ തുടങ്ങിയവർ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയോടൊപ്പം അതിരൂപത സെക്രട്ടറിയേറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ സംയുക്ത മീറ്റിംഗ് തിരുവല്ല മേരിഗിരി അരമനയിൽ വച്ച് നടത്തപ്പെട്ടു. അതിഭദ്രാസന യുവജന കുടുംബത്തിന്റെ ഒരേ ദിശയിൽ ഉള്ള പ്രവർത്തനങ്ങൾ രൂപീകരിക്കുന്നതിനു ഈ മീറ്റിംഗ് കാരണമായി. വികാരി ജനറൽ മോൺ. ചെറിയാൻ താഴ്മൺ അച്ചനും സന്നിഹിതനായിരുന്നു.

♦ **YOUTH PRAYER@ 7**

ജനുവരി 15 മുതൽ അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശാനുസരണം യുവജനങ്ങൾ അവർ ആയിരിക്കുന്ന സ്ഥലങ്ങളിൽ എല്ലാ ദിവസവും വൈകുന്നേരം 7 മണിക്ക് യുവജന പ്രാർത്ഥന നടത്തപ്പെടുന്നു.
1 സ്വർഗ്ഗസ്ഥനായ പിതാവേ 1 നന്മ നിറഞ്ഞ മറിയമേ 1 ത്രിത്വസ്തുതി ചൊല്ലുക എന്ന രീതിയിലാണ് യുവജന പ്രാർത്ഥന ശുശ്രൂഷ ക്രമീകരിച്ചിരിക്കുന്നത്.

♦ **നല്ല നിലം : പരിസ്ഥിതി ദിനാചരണം 2020**

MCYM തിരുവല്ല അതിഭദ്രാസനത്തിന്റെയും ആദ്യഘട്ടം ബോധനയുടെയും രണ്ടാംഘട്ടം കെ.സി.വൈ.എം മിന്റെയും ആഭിമുഖ്യത്തിൽ കാർഷിക മേഖലയിൽ കൂടുതൽ യുവജന പങ്കാളിത്തം ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ പച്ചക്കറി കൃഷിയിൽ താൽപര്യം ഉള്ള യുവജനങ്ങൾക്ക് കൃഷിയുടെ പ്രാഥമിക പരിശീലനവും, കൃഷിക്ക് അനുയോജ്യമായ അത്യുൽപാദനശേഷിയുള്ള പച്ചക്കറി വിത്തുകളും ഗ്രോബാഗുകളും നൽകി.

— — — — — — — — — — — —

♦ **കരുതൽ**

ഓൺലൈൻ പഠനത്തിനാവശ്യമായ ഉപകരണങ്ങളുടെ ലഭ്യത കുറവ് നികത്തുന്നതിനായി അതിരൂപതയുടെ നേതൃത്വത്തിൽ സ്മാർട്ട് ഫോണുകൾ കുട്ടികൾക്ക് നൽകുന്നതിനായി ചെങ്ങരൂർ സെന്റ് തെരേസാസ് ഹയർ സെക്കൻഡറി സ്കൂൾ ഹെഡ്മിസ്ട്രസിന് കൈമാറി.

♦ **തിരുവല്ല രൂപതാ സ്ഥാപന ദിനം**

തിരുവല്ല രൂപത സ്ഥാപനദിനമായ ജൂൺ 11 അതിഭദ്രാസനത്തിലെ യുവജനങ്ങൾ അതിരൂപതയെ സമർപ്പിച്ചുകൊണ്ട് ജപമാല പ്രാർത്ഥന നയിച്ചു.

♦ **THEOPHILIAN QUIZ 2020**

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ എല്ലാവരെയും പങ്കെടുപ്പിച്ചു കൊണ്ട് പുനരൈക്യ സഹശില്പിയും തിരുവല്ല അതിഭദ്രാസനത്തിന്റെ പ്രഥമ അധ്യക്ഷനായിരുന്ന യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ വിശുദ്ധ ജീവിതം മനസ്സിലാക്കാൻ ഏവർക്കും സാധിക്കുക എന്ന ലക്ഷ്യത്തോടെ അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ THEOPHILIAN 2020 എന്നപേരിൽ ഓൺലൈൻ ക്വിസ് മത്സരം നടത്തപ്പെട്ടു.

♦ **ജാഗരണ പ്രാർത്ഥന**

യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ അറുപത്തിനാലാം ഓർമ്മതിരുനാളിനോട് അനുബന്ധിച്ച് ജൂൺ 17 മുതൽ ജൂൺ 26 വരെ വൈകുന്നേരം ആറുമണിക്ക് ഓരോ മേഖലയുടെയും നേതൃത്വത്തിൽ ജാഗരണപ്രാർത്ഥന നടത്തി. ജൂൺ 17ന് നിരണം മേഖലയും ജൂൺ 18 ന് മല്ലപ്പള്ളി മേഖലയും ജൂൺ 19 ന് വെണ്ണിക്കുളം മേഖലയും ജൂൺ 20 ന് കോട്ടയം മേഖലയും ജൂൺ 21 ന് തിരുവല്ല മേഖലയും ജൂൺ 22ന് എരുമേലി മേഖലയും ബഥനി ആശ്രമവും ജൂൺ 23ന് കട്ടപ്പന മേഖലയും ബഥനി കോൺവെന്റും ജൂൺ 24ന് റാന്നി മേഖലയും IMM സെമിനാരിയും ജൂൺ 25 ന് കുമളി മേഖലയും ഹോളിസ്പിരിറ്റ് കോൺവെന്റും ജൂൺ 26 ന് അതിഭദ്രാസന സമിതിയും കത്തീഡ്രൽ ഇടവകയുടെയും നേതൃത്വത്തിൽ ജാഗരണ പ്രാർത്ഥന നടത്തപ്പെട്ടു.

♦ **അനുഗ്രഹീതം**

സഭയിലെ പ്രായഭേദമന്യേ എല്ലാവരെയും പങ്കെടുപ്പിച്ച് കൊണ്ട് പുണ്യശ്ലോകനായ യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ ഓർമ്മ തിരുനാളിനോടനുബന്ധിച്ച് പിതാവിന്റെ ജീവചരിത്രം ആസ്പദമാക്കി അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ അനുഗ്രഹീതം എന്നപേരിൽ ഗാനരചന മത്സരം നടത്തപ്പെട്ടു.

♦ പ്രളയ മേഖലകളിൽ കൈത്താങ്ങായി എം.സി.വൈ.എം തിരുവല്ല അതിരൂപത

തിരുവല്ല അതിരൂപത, സോഷ്യൽ സർവീസ് സൊസൈറ്റി ബോധനയുടെയും എം.സി.വൈ.എം തിരുവല്ല അതിഭദ്രാസനത്തിന്റെയും നേതൃത്വത്തിൽ തിരുവല്ല താലൂക്കിലെ പ്രളയബാധിത പ്രദേശങ്ങളായ മേപ്രാൽ, പെരിങ്ങര, ചാത്തങ്കേരി എന്നിവിടങ്ങളിൽ ഒറ്റപ്പെട്ടുപോയ ജനങ്ങളെ സുരക്ഷിതമായ ക്യാമ്പുകളിലേക്ക് മാറ്റി. രക്ഷാപ്രവർത്തനത്തിന് പത്തനംതിട്ട ദുരന്തനിവാരണ അതോറിറ്റിയുടെ പ്രത്യേക പരിശീലനം ലഭിച്ച MCYM യുവജനങ്ങൾ അടങ്ങിയ വോളണ്ടിയേഴ്സ് ടീം നേതൃത്വം നൽകി. അതിരൂക്ഷമായ പ്രളയകെടുതികൾ അനുഭവിക്കുന്ന പെരിങ്ങര പഞ്ചായത്തിലെ നിവാസികളെ ബോട്ടുകളിലും ടോറസ് ലോറികളിലുമാണ് തിരുവല്ലയിലെ ഗവൺമെന്റ് അംഗീകൃത ക്യാമ്പുകളിലേക്ക് മാറ്റിയത്.

## മലങ്കര കാത്തലിക്ക് അസോസിയേഷൻ (എം.സി.എ)

മലങ്കര കാത്തലിക്ക് അസോസിയേഷൻ തിരുവല്ല അതിരൂപതാ സമിതിയുടെ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പാലിയേറ്റീവ് രോഗികൾക്കു നൽകുന്നതിനായി ചാത്തങ്കരി സാമൂഹ്യ ആരോഗ്യകേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ ഡോ. സുഗതകുമാരിക്ക് പ്രസിഡന്റ് ജോജി വി. ചെറി 300 ഓളം മാസ്ക്കുകൾ കൈമാറി. ചടങ്ങിൽ ജനറൽ സെക്രട്ടറി അനീഷ് വി. ചെറിയാൻ കുറ്റിയിൽ, ട്രഷറാർ ജോയി സാം പുളിയങ്കീഴ്, ബ്ലോക്ക് കോവിഡ് കൺട്രോൾ നോഡൽ ഓഫീസർ ഡോ. മാമ്മൻ പി. ചെറിയാൻ, ഹെൽത്ത് സൂപ്പർ വൈസർ സാബുക്കുട്ടി, ആരോഗ്യകേന്ദ്രത്തിലെ വിവിധ ജീവനക്കാർ എന്നിവർ പങ്കെടുത്തു.

## സുവിശേഷ സംഘം

തിരുവല്ല അതിരൂപതയിൽ നിന്നും സഭാതല 8-ാം ബാച്ചിൽ അതിരൂപത ഡയറക്ടർ ഫാ. മാത്യൂ ചിറയിൽ, ശ്രീ. സൈമൺ താഴമൺ (അയിരൂർ), ശ്രീ. ഏലിയാസ് കല്ലുപുരയ്ക്കൽ (തലവടിനോർത്ത്) എന്നിവർ പങ്കെടുത്തു. 2020 ഫെബ്രുവരി 27-ാം തീയതി വ്യാഴാഴ്ച്ച രാവിലെ

— — — — — — — — — — — —

11 മണിക്ക് തിരുവല്ല കത്തീഡ്രൽപള്ളിയിൽ നടന്ന ദിവ്യകാരുണ്യ ആരാധനയിൽ 33 സുവിശേഷ അംഗങ്ങൾ പങ്കെടുത്തു. അതിരൂപത സുവിശേഷ സംഘ ഡയറക്ടർ ഫാ. മാത്യൂ ചിറയിൽ, സെക്രട്ടറി റവ.സി. ഏലി യാമ്മ ഒ.എസ്.എസ് എന്നിവർ നേതൃത്വം നൽകി. സുവിശേഷ സംഘങ്ങൾക്കുള്ള സഭാതല ക്ലാസുകൾ ആഗസ്റ്റ് 7 മുതൽ ഓൺലൈനായി ആരംഭിക്കുമെന്ന് സഭാതല ഡയറക്ടർ റവ. ഡോ. ഫാ. ആന്റണി കാക്കനാട്ട് അറിയിച്ചു.

# സെന്റ് വിൻസെന്റ് ഡി പോൾ

**♦ പുതിയ സാരഥികൾ**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തിരുവല്ല സെൻട്രൽ കൗൺസിലിന്റെ 2020-2026 ലേക്ക് തെരഞ്ഞെടുപ്പ് നടന്നു. പ്രസിഡന്റ് ശ്രീമതി. ലെനി ഏബ്രഹാം, തിരുവല്ല അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവിന്റെ മഹനീയ സാന്നിധ്യത്തിൽ 10.06.2020 ന് സത്യപ്രതിജ്ഞ ചെയ്തു.

കൊറോണയുടെ പശ്ചാത്തലത്തിൽ, ബോർഡ് അംഗങ്ങൾ Zoom Meetingലൂടെ 28.06.2020 ൽ സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റു.

**പുതിയ ഭാരവാഹികൾ**

1. പ്രസിഡന്റ് : ലെനി ഏബ്രാഹം, പാക്കാനിക്കുഴിയിൽ (തിരുമൂലപുരം), 2. സീനിയർ വൈസ് പ്രസിഡന്റ് : ഫിലിപ്പ്, പാണ്ടിച്ചേരിൽ (തിരുമൂലപുരം), 3. വൈസ് പ്രസിഡന്റ് : സെലിൻ ജോർജ്ജ്, തെക്കേവീട്ടിൽ (കളമ്പാല) 4. : സെക്രട്ടറി - ബെറ്റ്സി അബു, കരിംമ്പും പറമ്പിൽ (പ്ലാങ്കമൺ) 5. ജോയിന്റ് സെക്രട്ടറി : തോമസ്കുട്ടി T.A, കരിംപന്നൂർ (വാളക്കുഴി), 6. ട്രഷറർ : ജെയിംസ് റ്റി. ജെ തോരണത്തിൽ (തോട്ടഭാഗം), 7. ജോയിന്റ് ട്രഷറർ : ജേക്കബ് എ. ബേബി, അത്തിനിൽക്കുന്നതിൽ (കുറിയന്നൂർ) 8. സ്പിരിച്ചൽ ഫോർമേഷൻ : മോനി തോമസ്, കല്ലുങ്കൽ പുളിമൂട്ടിൽ (കല്ലുങ്കൽ), 9. എക്സ്ടെൻഷൻ ഓഫീസർ : ജോർജ് ജോസഫ്, ഇട്ടുവിരുത്തിൽ (തോട്ടഭാഗം) 10. എഡ്യൂക്കേഷണൽ : ഓഫീസർ  വിൻസെന്റ് വർഗീസ്, പുത്തൻപുരയ്ക്കൽ (മുക്കൂർ) 11. ജൂബി ലോൺ ഓഫീസർ : ജേക്കബ് എം.എസ് മാലിക്കൽ (തിരുമൂലപുരം), 12. വനിതാ പ്രതിനിധി : ശോശാമ്മ തോമസ്, പാലനിൽക്കുന്നതിൽ (കളമ്പാല) 13. യുവ പ്രതിനിധി : ഗുഡ്വിൻ ജോർജ്, ഇട്ടുവിരുത്തിൽ (തോട്ടഭാഗം).

— — — — — — — — — — — — —

♦ **കോവിഡ് കാല ജീവകാരുണ്യ പ്രവർത്തനങ്ങൾ**

കോവിഡ് കാലപ്രവർത്തനങ്ങൾക്ക് തിരുവല്ല, മല്ലപ്പള്ളി, വെണ്ണിക്കുളം, റാന്നി, കോട്ടയം, നിരണം, തോട്ടഭാഗം എന്നീ ഏരിയാ കൗൺസിലുകളും, കുമളി, ചക്കുപള്ളം എന്നീ ഐസലേറ്റഡ് (Isolated) കോൺഫറൻസുകളും നേതൃത്വം നൽകി. ഭക്ഷണകിറ്റ് വിതരണം, മരുന്നു വിതരണം മാസ്ക് നിർമാണം, വിതരണം എന്നിവയും ഓൺലൈൻ പഠനത്തിനുവേണ്ട മൊബൈൽ ഫോൺ, ടി. വി എന്നിവ നൽകി. കടൽ കരയിലേക്ക് ഇരച്ചുകയറി ജീവിതം ദുരിതത്തിലായ ചെല്ലാനം പ്രദേശത്ത് ധനസഹായം നൽകി. പ്രളയത്തിലാഴ്ന്നവർക്ക് സഹായം ചെയ്തുകൊണ്ടിരിക്കുന്നു.

♦ അന്താരാഷ്ട്രകൗൺസിലിന്റെയും, നാഷണൽ കൗൺസിലിന്റെയും ആഹ്വാന പ്രകാരം കേരള റീജിയൻ ജൂലൈ 3, 4, 5 എന്നീദിനങ്ങൾ അന്തർദേശീയ യുവജന ദിനമായി ആചരിച്ചു. ഭാഗ്യ സ്മരണാർഹനായ ജോർജിയോഫ്രാസറ്റിയുടെ പേരിലാണ് ഈ വർഷം യുവജന ദിനം ആചരിച്ചത്.കേരളത്തിലെ എല്ലാ സെൻട്രൽ കൗൺസിലിൽ നിന്നുമുള്ള യുവാക്കൾ ജൂലൈ 3ന് പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുത്തു. (Zoom App).ജൂലൈ 4 അതതു സിസിയിൽ ഉപരിപ്രവർത്തനം നടത്തി. (അഗതി മന്ദിര സന്ദർശനം, രക്തദാനം മുതലായ പ്രവർത്തനങ്ങൾ) ജൂലൈ 5 സമാപന സമ്മേളനം (Zoom Meeting) നടന്നു. തിരുവല്ല സി സിയുടെ ആഭിമുഖ്യത്തിൽ മല്ലപ്പള്ളി ശാലോം കാരുണ്യ ഭവൻ സന്ദർശിച്ചു. ധന സഹായം നൽകി.

# സാമൂഹ്യ ക്ഷേമ പ്രവർത്തനവേദി ബോധന

## തിരുവല്ല– സോഷ്യൽ സർവ്വീസ് സൊസൈറ്റി – ബോധന

♦ **സാരഥി ഓട്ടോറിക്ഷ തൊഴിലാളികൾക്ക് ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു.**

ലോക്ഡൗൺ പ്രത്യേക പശ്ചാത്തലത്തിൽ ദുരിതമനുഭവിക്കുന്ന ദിവസവേതനക്കാരായ ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് കാരിത്താസ് ഇന്ത്യയുടെയും മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ ബോധനത്തിൽ നിന്നും ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തു. തിരുവല്ല നഗരസഭ ചെയർമാൻ ആർ. ജയകുമാർ പ്രസ്തുത സംരംഭം ഉദ്ഘാടനം ചെയ്തു.

ബോധന എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സാമുവൽ വിളയിൽ മാസ്ക്ക് വിതരണം നിർവഹിച്ചു. മോട്ടോർ വാഹന വകുപ്പ് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ സജു പി.ചന്ദ്രൻ, സാരഥി ഓട്ടോ ഡ്രൈവേഴ്സ് യൂണിയൻ ഭാരവാഹികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

**♦ ചികിത്സാസഹായവും ഭക്ഷ്യധാന്യ കിറ്റുകളും വിതരണം ചെയ്തു.**




കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ബോധന സമൂഹത്തിലെ നിർധനരായ തെരഞ്ഞെടുക്കപ്പെട്ട 50 രോഗികൾക്ക് 2000 രൂപ വീതം ചികിത്സാ സഹായവും ഭക്ഷ്യധാന്യ കിറ്റുകളും വിതരണം ചെയ്തു. പരിപാടി തിരുവല്ല തഹസിൽദാർ ജോൺ വർഗീസ് ഉദ്ഘാടനം ചെയ്തു. ബോധന എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സാമുവൽ വിളയിൽ ഭക്ഷ്യധാന്യ കിറ്റുകളുടെ വിതരണോദ്ഘാടനം നിർവഹിച്ചു. പ്രോജക്ട് ഓഫീസർ മനുലാൽ ജോൺ പ്രസംഗിച്ചു.

**♦ ബി. വി 380 മുട്ടക്കോഴികളും കൂടുകളും വിതരണം ചെയ്തു**



അതിരൂപതയുടെ സാമൂഹ്യസേവന വിഭാഗമായ ബോധന നിർധനരായ കർഷക കുടുംബങ്ങളെ സ്വയംപര്യാപ്തതയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ തിരഞ്ഞെടുക്കപ്പെട്ട 50 കുടുംബങ്ങൾക്ക് രണ്ട് മാസം പ്രായമായ ബി.വി 380 മുട്ടക്കോഴികളും ഹൈടെക് കൂടുകളും വിതരണം ചെയ്തു. പരിപാടിയുടെ ഉദ്ഘാടനം ആർച്ച് ബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ നിർവഹിച്ചു. തിരുവല്ല നഗരസഭ ചെയർമാൻ ആർ. ജയകുമാർ അധ്യക്ഷത വഹിച്ചു. ബോധന പ്രസിഡന്റ് ഷാജി കൂളിയാട്ട്, എക് സിക്യൂട്ടീവ് ഡയറക്ടർ ഫാദർ സാമുവൽ വിളയിൽ എന്നിവർ പ്രസംഗിച്ചു.

— — — — — — — — — — — — —

♦ **മോക്ക്ഡ്രിൽ സംഘടിപ്പിച്ചു**

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ദുരന്ത ലഘൂകരണ പദ്ധതികളുടെ ഭാഗമായി ജില്ലാ ഭരണകൂടം, റവന്യൂ വകുപ്പ്, പോലീസ്, ഫയർ ഫോഴ്സ്, മോട്ടോർ വാഹന വകുപ്പ്, ആരോഗ്യവകുപ്പ്, ബോധന എന്നീ സംവിധാനങ്ങളുടെ സംയുക്ത ആഭിമുഖ്യത്തിൽ പെരിങ്ങര പഞ്ചായത്തിൽ മോക്ക് ഡ്രീൽ സംഘടിപ്പിച്ചു. ദുരന്തനിവാരണ അതോറിറ്റിയുടെ പ്രത്യേക നിർദ്ദേശപ്രകാരം 20 സന്നദ്ധപ്രവർത്തകരെ ബോധനയിൽ നിന്നും ക്രമീകരിച്ചു. പെരിങ്ങര പഞ്ചായത്തിൽ നേരിട്ടുവരുന്ന വെള്ളപ്പൊക്കവും മറ്റ് ദുരന്തങ്ങളും ലഘൂകരിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഇത്തരത്തിലുള്ള മോക്ക് ഡ്രിൽ സംഘടിപ്പിച്ചത്.

♦ **സന്നദ്ധപ്രവർത്തകർക്കായ് പരിശീലന ക്ലാസ്**

തിരുവല്ല ബോധനയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട സന്നദ്ധ പ്രവർത്തകർക്കായി ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ ദുരന്തനിവാരണ പരിശീലനക്ലാസുകൾ നല്കപ്പെട്ടു. ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ കോർഡിനേറ്റർ മോഹിത് ആർ ശേഖർ ക്ലാസുകൾക്ക് നേതൃത്വം നല്കി. മുപ്പത് സന്നദ്ധപ്രവർത്തകർ ബോധനയിൽ എത്തിച്ചേർന്ന് ക്ലാസിൽ പങ്കെടുത്തു.

♦ **പ്രളയ ബാധിത പ്രദേശങ്ങളിൽ രക്ഷാപ്രവർത്തനവുമായി ബോധന**

തിരുവല്ല അതിരൂപത, സോഷ്യൽ സർവ്വീസ് സൊസൈറ്റി ബോധനയുടെ നേതൃത്വത്തിൽ പ്രളയ ബാധിത പ്രദേശങ്ങളിൽ ബോധനയുടെ നേതൃത്വത്തിൽ പ്രളയ ബാധിത പ്രദേശങ്ങളിൽ രക്ഷാപ്രവർത്തനം തിരുവല്ല താലൂക്കിൽ പ്രളയബാധിത പ്രദേശങ്ങളായ പെരിങ്ങര മേപ്രാൽ, ചാത്തങ്കേരി എന്നിവടങ്ങളിൽ ഒറ്റപ്പെട്ടുപോയ ജനങ്ങളെ ബോധന സന്നദ്ധപ്രവർത്തകരുടെ നേതൃത്വത്തിൽ സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറ്റി. അതിരൂക്ഷമായ പ്രളയകെടുതികൾ അനുഭവിക്കുന്ന പെരിങ്ങര പഞ്ചായത്തിലെ നിവാസികളെ പത്തനംതിട്ട ദുരന്തനിവാരണ അതോറിറ്റിയുടെ പ്രത്യേക പരിശീലനം ലഭിച്ച ബോധന രജിസ്ട്രേഡ്വോളണ്ടിയേഴ്സിന്റെ നേതൃത്വത്തിൽ ബോട്ടുകളിലും ടോറസ് ലോറികളിലുമാണ് തിരുവല്ലായിലെ ഗവൺമെന്റ് അംഗീകൃത ക്യാമ്പുകളിലേക്ക് മാറ്റിയത്.

♦ **മഹാപ്രളയത്തിലെ രക്ഷകർക്ക് ഒപ്പം ബോധന**

ബോധനയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ്, മാമ്പള്ളി പ്രദേശത്തുള്ള കോവിഡ് 19 പ്രതിസന്ധികളുടെയും, അതിരൂക്ഷമായ കടൽക്ഷോഭത്തിന്റെയും പ്രത്യാഘാതം

— — — — — — — — — — — — —

അനുഭവിക്കുന്ന മത്സ്യതൊഴിലാളികൾക്ക് നിത്യോപയോഗ സാധനങ്ങളും, കോവിഡ് 19 പ്രതിരോധ കിറ്റുകളും വിതരണം ചെയ്തു. പ്രസ്തുത പരിപാടി തിരുവല്ല മുൻസിപ്പൽ ചെയർമാൻ ആർ ജയകുമാർ ഫ്ളാഗ് ഓഫ് ചെയ്തു. 2018 ലെ അതിരൂക്ഷമായ പ്രളയക്കെടുതിയിൽ രക്ഷാ പ്രവർത്തകരായ മത്സ്യത്തൊഴിലാളികൾ കോവിഡ് 19ന്റെയും കടൽ ക്ഷോഭത്തിന്റെയും പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുമ്പോൾ, അവരിലേക്ക് ഒരു കൈത്താങ്ങായി ബോധന എത്തിച്ചേർന്നു. തിരുവനന്തപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുമായി സംയുക്തമായി സഹകരിച്ച് ഏറ്റവും അർഹതപ്പെട്ടവരിൽ കിറ്റുകൾ എത്തിക്കുവാൻ സാധിച്ചുവെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സാമുവേൽ വിളയിൽ അറിയിച്ചു.

■ **കോവിഡ് 19 ജാഗ്രതാ മുന്നറിയിപ്പുമായി ബോധനയുടെ പ്രചാരണവാഹനം**

തിരുവല്ല ബോധനയുടെ, കാരത്താസ് ഇന്ത്യ, കാരിത്താസ് ജർമ്മനി, പെരിങ്ങര ഗ്രാമപഞ്ചായത്ത് എന്നിവയുടെയും സംയുക്താഭിമുഖ്യ ത്തിൽ കോവിഡ് 19 ജാഗ്രത പ്രചാരണ വാഹനം പെരിങ്ങര പഞ്ചായത്തിൽ ജാഗ്രതാ മുന്നറിയിപ്പു നല്കി. ദുരന്ത ലഘൂകരണ പദ്ധതി **"നവജീവന്റെ"** ഭാഗമായി പെരിങ്ങര ഡിസാസ്റ്റർ ക്ലീനിക്കിലെ ജനങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച സന്ദേശങ്ങളും ലഘൂലേഖകളും വിതരണം ചെയ്തു. പ്രചാരണവേളയിൽ മാസ്ക് ധരിക്കാത്തവരെ കണ്ട് അവബോധം നല്കി സൗജന്യമായി മാസ്ക്കുകളും വിതരണം ചെയ്തു. പ്രചാരണ പരിപാടിയുടെ ഫ്ളാഗ് ഓഫ് പെരിങ്ങര ഗ്രാമരപഞ്ചായത്ത് പ്രസിഡന്റ് മിനമോൾ ജോസഫ് നിർവ്വഹിച്ചു.

# ആതുര ശുശ്രൂഷാ രംഗം
# പുഷ്പഗിരി

♦ **കോവിഡ് 19 : പുഷ്പഗിരി ഇ- ഹെൽത്ത് ആരംഭിച്ചു**

കോവിഡ് 19 സമൂഹവ്യാപനം തടയുന്നതിന്റെ ഭാഗമായി ജനങ്ങൾ ഭവനങ്ങളിൽ ആയിരിക്കുന്ന ഈ അവസരത്തിൽ ഒരു രോഗിക്ക് പോലും ചികിത്സ കിട്ടാത്ത സാഹചര്യം ഉണ്ടാകരുത് എന്ന ലക്ഷ്യത്തോടുകൂടി പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ സൗജന്യ ഇ-ഹെൽത്ത് ക്ലിനിക് ആരംഭിച്ചു.രോഗികൾക്കും ഡോക്ടർക്കും വീഡിയോ കോൺഫറൻസ് വഴിയോ, ഫോൺ മുഖേനയോ നേരിട്ട് കൊണ്ടു രോഗവിവരങ്ങളെപ്പറ്റി സംസാരിക്കുകയും പ്രതിവിധികൾ നൽകുകയും ചെയ്യാം.

———————————

**♦ മികച്ച ഡോക്ടർമാർക്കുള്ള അവാർഡ് നൽകി പുഷ്പഗിരി ആശുപത്രി**

ആരോഗ്യപരിപാലന രംഗത്തു നൽകുന്ന സേവനങ്ങളെ മാനിച്ചു പുഷ്പഗിരി ആശുപത്രി നൽകുന്ന മികച്ച ഡോക്ടർമാർക്കുള്ള അവാർഡ് പുഷ്പഗിരി ന്യൂറോ സർജറി വിഭാഗം മേധാവി ഡോ.ഡൊമിനിക് ആന്റോയും ന്യൂറോ സർജറി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർ ഡോ.രാജു പോൾ മാഞ്ഞൂരാനും നൽകി ആദരിച്ചു. രോഗികൾക്കു മികച്ച ചികിത്സയും സേവനവും നല്കുന്നതോടൊപ്പം സ്നേഹപൂർവ്വമുള്ള കരുതലും സമർപ്പണബോധവും മാനിച്ചാണ് അവാർഡ് നൽകുന്നത്.

**♦ പുഷ്പഗിരിയിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പരിസ്ഥിതി ദിനം ആചരിച്ചു.**

ഭൂമിയെ സംരക്ഷിക്കുക പ്രകൃതിയെ നിലനിർത്തുക എന്ന ആഹ്വാനവുമായി കൊറോണ വൈറസ്സു രക്ഷാമാന ദണ്ഡങ്ങൾ പാലിച്ചു കൊണ്ട് പുഷ്പഗിരി ആശുപത്രിയിൽ ലോക പരിസ്ഥിതിദിനം ആചരിച്ചു. പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രി അഡ്മിനിസ് ട്രേറ്റർ ഫാ. തോമസ് പരിയാരത്തിന്റെ അധ്യക്ഷതയിൽ കൂടിയ ദിനാചരണം തിരുവല്ല മുൻസിപ്പൽ ചെയർമാൻ ശ്രീ.ആർ. ജയകുമാർ ഉദ്ഘാടനം നിർവഹിച്ചു. പുഷ്പഗിരി ആശുപത്രി സി.ഇ.ഓ.ഫാ.ജോസ് കല്ലുമാലിക്കൽ പ്രകൃതി സംരക്ഷണ സന്ദേശം നൽകി.

**♦ ആതുരസേവന രംഗത്തു പുതിയ കാൽവെയ്പുമായി തിരുവല്ല റോട്ടറി ക്ലബും പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയും**

സമൂഹത്തിൽ നിരവധി രോഗികൾ ഡയാലിസിസിനായി ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ പരമാവധി രോഗികൾക്ക് ചികിത്സാ ഇളവുകൾ നൽകുക എന്ന ലക്ഷ്യത്തോടെയാണ് റോട്ടറി ക്ലബും പുഷ്പഗിരി മെഡിക്കൽ കോളേജ്ആശുപത്രിയും കൈകോർക്കുന്നത്. തിരുവല്ല റോട്ടറി ക്ലബിന്റെയും റോട്ടറി ക്ലബ് കാപ്പർട്ടീനോയുടെയും സംയുക്താഭിമുഖ്യത്തിൽ നാല് ഡയാലിസിസ് മെഷിനും മോട്ടോ റൈസ്ഡ് ബെഡും റോട്ടറി ഡിസ്ട്രിക്ട് ഗവർണ്ണർ ശ്രീ.ഗിരീഷ് കേശവൻ പുഷ്പഗിരി ആശുപത്രിക്ക് കൈമാറി. തിരുവല്ലറോട്ടറി ക്ലബ് പ്രസിഡന്റ് ശ്രീ. പ്രമോദ് ഫിലിപ്പിന്റെ അധ്യക്ഷതയിൽകൂടിയയോഗം അഡ്വ. മാത്യു ടി തോമസ് എം. എൽ.എ ഉദ്ഘാടനം നിർവഹിച്ചു. പുഷ്പഗിരി സി.ഇ.ഓ.റവ. ഫാ.ജോസ് കല്ലുമാലിക്കൽ അനുഗ്രഹപ്രഭാഷണം നൽകി.

— — — — — — — — — — — —

♦ **കോവിഡ് പോരാട്ടത്തിൽ പിന്തുണയുമായി പുഷ്പഗിരി ആശുപത്രി**

കോവിഡ് 19 പോരാട്ടത്തിൽ പത്തനംതിട്ട ജില്ലാ ഭരണകൂടത്തോടും ആരോഗ്യപ്രവർത്തകരോടുമൊപ്പം കൈകോർത്തു പുഷ്പഗിരി മെഡിക്കൽകോളേജ് ആശുപത്രിയും. കോവിഡ് 19 എന്ന മഹാമാരിയെ പിടിച്ചു കെട്ടാൻ പത്തനംതിട്ട കളക്ടറേറ്റ് ഓഫിസിൽ പ്രവർത്തിക്കുന്ന കോവിഡ് 19 സർവെയ്ലൻസ് യൂണിറ്റ്-ഡിസ്ട്രിക്ട് കൺട്രോൾ സെൽ പ്രവർത്തനങ്ങളിൽ കഴിഞ്ഞ നാല് മാസത്തോളമായി പുഷ്പഗിരി കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം ഡോക്ടേഴ്സും സേവനം ചെയ്തു കൊണ്ടിരിക്കുന്നു.

♦ **പുഷ്പഗിരിയിൽ നവീകരിച്ച ഐ.സി.യു ബ്ലോക്ക് പ്രവർത്തനമാരംഭിച്ചു**

പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഉന്നതനിലവാരത്തിൽ സജ്ജമാക്കിയ പുതിയ ഐ.സി.യു ബ്ലോക്കിന്റെ ആശീർവാദ കർമ്മം പുഷ്പഗിരി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിട്യൂഷൻ സ്സി.ഇ.ഒഫാ. ജോസ് കല്ലുമാലിക്കൽ നിർവഹിച്ചു. വെന്റിലേറ്റർ സംവിധാനമുള്ള 25 കിടക്കകളുടെ സൗകര്യത്തോടൊപ്പം ട്രാൻസ്പ്ലാന്റ് ഐ.സി.യു, കിഡ്നിട്രാൻസ്പ്ലാന്റ് യൂണിറ്റ്, ഡയാലിസിസിനുള്ള സൗകര്യങ്ങൾ, അഡ്വാൻസ്ഡ് പൊളീട്രോമ സംവിധാനങ്ങൾ, നെഗറ്റീവ്പ്രഷർ ഐസോലേഷൻ റൂം തുടങ്ങിയ അതിനൂതന സംവിധാനങ്ങൾ ഈ ഐ.സി.യു സമുച്ചയത്തിൽ ഒരുക്കിയിട്ടുണ്ട് എന്നു പുഷ്പഗിരി ആശുപത്രി ഡെപ്യൂട്ടി മെഡിക്കൽ സൂപ്രണ്ട് ഡോ. ഏബ്രഹാം വർഗ്ഗീസ് അറിയിച്ചു.

# വിദ്യാലയ പ്രേഷിത വേദി

## Management School News

**1. പുതിയ നേതൃത്വം**

അതിരൂപതയുടെ മാനേജ്മെന്റ് പുതുതായി 3 സ്കൂളുകളിൽ പ്രധാനഅധ്യാപകരെ നിയമിച്ചു (തിരുമൂലപുരം) സെന്റ് തോമസ് ഹൈസ്കൂൾ ശ്രീ. ഷാജി മാത്യു കൂളിയാട്ട്, കോട്ടാങ്ങൽ (ചുങ്കപ്പാറ) സെന്റ് ജോർജ്ജ് ഹൈസ്കൂൾ ശ്രീ.ജോസ് മുണ്ടാട്ടുചുണ്ടയിലും (മാരാമൺ) ലിറ്റിൽ ഫ്ളവർ LPS ൽ ശ്രീമതി ഷേർളി ഡേവിഡ് താഴമൺ എന്നിവർ ചാർജ്ജെടുത്തു.

**2. നൂറുമേനി വിജയം**

ഈ വർഷത്തെ SSLC പരീക്ഷയിൽ അതിരൂപത എയിഡഡ് മാനേജ്മെന്റ് സ്കൂളുകളിലെ 3 ഹൈസ്കൂളിനും 100% വിജയം കൈവരിക്കുവാൻ സാധിച്ചു. തിരുമൂലപുരം സെന്റ് തോമസ് ഹൈസ്കൂളിൽ 192 കുട്ടികൾ വിജയിക്കുകയും 11 പേർ Full A plus കരസ്ഥമാക്കി ആനിക്കാട് St. Mary ഹൈസ്കൂളിൽ 47 കുട്ടികൾ പാസ്സാകുകയും 1 കുട്ടിയ്ക്ക് Full A plus ലഭിക്കുകയും ചെയ്തു.

**3. ഹയർ സെക്കന്ററി പരീക്ഷയിൽ ഉന്നത വിജയം**

തിരുവല്ല അതിഭദ്രാസനത്തിന്റെ കീഴിലുള്ള ഏക ഹയർ സെക്കന്ററി സ്കൂൾ ആയ തിരുമൂലപുരം സെന്റ് തോമസ് ഹയർ സെക്കന്ററി സ്ക്കൂൾ 96% വിജയം കരസ്ഥമാക്കി. 173 കുട്ടികൾ പരീക്ഷ എഴുതിയതിൽ 15 പേർക്ക് ഫുൾ എ+ ലഭിച്ചു. തിരുവല്ല വിദ്യാഭ്യാസ ജില്ലയിൽ ഏറ്റവും ഉയർന്ന വിജയം സെന്റ് തോമസ് കരസ്ഥമാകി.

**4. യാത്രയയപ്പു നൽകി**

തിരുവല്ല അതിരൂപതാ കോ. ഓപ്പറേറ്റീവ് മാനേജ്മെന്റുകളിൽ നിന്നും 2019-20 വർഷക്കാലം എട്ട് അദ്ധ്യാപകർ സ്തുത്യർഹമായ സേവനത്തിനുശേഷം വിരമിച്ചു.

♦ **ശ്രീ. കെ.സി എബ്രഹാം, കുമ്പന്താനം** (ഹെഡ് മാസ്റ്റർ സെന്റ് തോമസ് എച്ച്.എസ്.എസ്. ഇരുവെള്ളിപ്ര, തിരുമൂലപുരം) തലവടി നോർത്ത് ഇടവകാംഗമാണ്, 26 വർഷക്കാലം സേവനം ചെയ്തു.

♦ **ശ്രീമതി. റാണിക്കുട്ടി ആന്റണി, മൈലാങ്കൽ** (ഹെഡ്മിസ്ട്രസ്) സെന്റ് തോമസ് എച്ച്. എസ്. (കോട്ടാങ്ങൽ) നെടുമാവ് ഇടവകാംഗം 17 വർഷം അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ചു.

♦ **ശ്രീമതി. എൽസി സി. ജെ, തോണ്ടകരോട്ട്** (ഹെഡ് മിസ്ട്രസ്, ലിറ്റിൽ ഫ്ളവർ എൽ.പി.ജി.എസ് മാരാമൺ 35 വർഷക്കാലം അദ്ധ്യാപികയായി സേവനം അനുഷഠിച്ചു.

♦ **ശ്രീമതി. എൽസി സി. ജെ, തോണ്ടകരോട്ട്** (ഹെഡ് മിസ്ട്രസ്, ലിറ്റിൽ ഫ്ളവർ എൽ.പി.എസ് മാരാമൺ) 35 വർഷക്കാലം അദ്ധ്യാപികയായിരുന്നു. വെണ്ണിക്കുളം ഇടവകാംഗമാണ്.

♦ **റവ. സി. ലിൻസി O.S.S ഹോളിസ്പിരിറ്റ് സമൂഹാംഗം** (തിരുമൂലപുരം സെന്റ് തോമസ് എച്ച്.എസ്.എസ്സിൽ നിന്നും വിരമിച്ചു. സോഷ്യൽ സയൻസ് അദ്ധ്യാപികയായി 21 വർഷക്കാലം സേവനം അനുഷ്ഠിച്ചു.

♦ **ശ്രീമതി മറിയാമ്മ വർഗ്ഗീസ്, തേലപ്പുറത്ത്** (തിരുമൂലപുരം സെന്റ് തോമസ് സ്ക്കൂളിൽ നിന്നും വിരമിച്ചു. കെമിസ്ട്രി അദ്ധ്യാപികയായി 29 വർഷം സേവനം അനുഷ്ഠിച്ചു. പാണ്ടനാട് ഇടവകാംഗമാണ്.

♦ **ശ്രീമതി ഉഷാമേരി ഐസക്ക്** ഹിന്ദി അദ്ധ്യാപികയായി 25 വർഷക്കാലം സേവനം ചെയ്തു. തിരുമൂലപുരം സെന്റ് തോമസ് ഹൈസ്ക്കൂളിൽ നിന്നും വിരമിച്ചു. ചങ്ങനാശ്ശേരി അതിരൂപതാ ളായിക്കാട് ഇടവാംഗമാണ്.

♦ **ശ്രീമതി. മിനു ലൂക്കോസ്** പുത്തൻ വീട്ടിൽ, ചെങ്ങരൂർ ഇടവകാംഗമാണ്. 30 വർഷക്കാലം അതിരൂപതാ മാനേജ്മെന്റ് സ്ക്കൂളിൽ ജോലി ചെയ്തു. കടമാൻകുളം സെന്റ് മേരീസ് എൽ.പി.എസിൽ നിന്നും വിരമിച്ചു.

**5. നന്ദി**

കഴിഞ്ഞ 2 വർഷക്കാലം അതിരൂപതാ കോർപ്പറേറ്റ് മാനേജരായി സുത്യർഹമായ സേവനം അനുഷ്ഠിച്ച ബഹു. ജോൺ തോമസ് കണ്ടത്തിങ്കൽ അച്ചൻ പുതിയ നിയോഗത്തിലേക്ക് പ്രവേശിക്കുകയും റവ.ഫാ. മാത്യു പുനക്കുളം അച്ചൻ പുതിയ കോർപ്പറേറ്റ് മാനേജരായി നിയമിതനാകുകയും ചെയ്തു.

**6. ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്**

അതിരൂപതാ മാനേജ്മെന്റ് സ്കൂളിലേക്ക് ജോലിയ്ക്കായി യോഗ്യതയുള്ളവർക്ക് മേരിഗിരി ബിഷപ്പ് ഹൗസിനോട് ചേർന്നു പ്രവർത്തിക്കുന്ന ഓഫീസിൽ പേരുകൾ രജിസ്റ്റർ ചെയ്യാം. ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 10 മുതൽ 4 മണി ഓഫീസ് പ്രവർത്തിക്കുന്നതായിരിക്കും. യോഗ്യത സർട്ടിഫിക്കറ്റുകൾ അപൂർണ്ണമാണെങ്കിൽ അപേക്ഷ സ്വീകരിക്കുന്നതല്ല. അപേക്ഷാ ഫോമിൽ ഒരെണ്ണം വികാരിയച്ചൻ പൂരിപ്പിക്കുവാനുള്ളതാണ്. ഇടവക വികാരിമാരുടെ കത്ത് സഭാംഗങ്ങളുടെ നിയമനത്തിന് നിർബന്ധമായിരിക്കും.

# മാക്ഫാസ്റ്റ്

ലോകം ഭീതിയുടെ മുൾമുനയിൽ വീടുകളിലേക്ക് ചുരുങ്ങിയ നിമിഷങ്ങളിൽ വിദ്യാലയങ്ങളുടെ വാതിലുകൾ അടയ്ക്കുന്ന സാഹചര്യത്തിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനം എന്ന നിലയിൽ MACFAST വേറിട്ട കണ്ണുകളിലൂടെ ഈ അവസരത്തെ നോക്കി കാണുകയും കർമ്മനിരതരായ അധ്യാപക-വിദ്യാർഥികളിലൂടെ അറിവിന്റെ പുതുയുഗം അതിജീവനത്തിന്റെ പാതയിൽ തുറന്നു.കോവിഡ് ഇന്ത്യയിൽ പിടിമുറുക്കിയ നിമിഷങ്ങളിൽ തന്നെ ലോകത്തിലെ ഏറ്റവും മികച്ച ടെക്നോളജിയുടെ പിൻബലത്തിൽ ഓൺലൈൻ ക്ലാസുകൾ ആരംഭിക്കുകയും ഈ അവസരത്തിൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വേണ്ടി പ്രത്യേക ഓൺ

— — — — — — — — — — — — —

ലൈൻ പിടിഎ മീറ്റിങ്ങുകൾ നടത്തി. അധ്യാപനം ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് പറിച്ചുനട്ടു. മാക്ഫാസ്റ്റ് ഓൺലൈൻ ക്ലാസ്സുകളുടെ പ്രത്യേകത എന്തെന്ന് ചോദിച്ചാൽ മാക്ഫാസ്റ്റ് അധ്യാപകർ കൂടാതെ നോബൽ പ്രൈസ് ജേതാവ് മുതൽ വിവിധ കമ്പനികളുടെ CEO, SCIENTIST, ഉന്നത ഉദ്യോഗസ്ഥർ വരെ കുട്ടികൾക്കായി ക്ലാസുകൾ നടത്തുന്നു. ഇത് മാക് ഫാസ്റ്റിലെ മാത്രം വിദ്യാർഥികൾക്കായി അല്ല ഗവേഷണ വിദ്യാർഥികൾക്കും മറ്റു കോളേജിലെ വിദ്യാർത്ഥികൾക്കും ഇതിൽ പങ്കുചേരാൻ കഴിയുന്നു. അങ്ങനെ ലോകത്തിലെ വിവിധ കോണുകളിൽ നിന്നും അധ്യാപകരെയും വിദ്യാർഥികളെയും ഒരു കുടക്കീഴിൽ കൊണ്ടു വന്നു അറിവിന്റെ ലോകത്തെ വിരൽത്തുമ്പിൽ എത്തിച്ച് ഓൺലൈൻ ക്ലാസുകളുടെ അനന്ത സാധ്യതകൾ മാക്ഫാസ്റ്റ് തുറന്നിട്ടു. വിദ്യാർഥികൾക്ക് വിവിധ സ്ഥാപനങ്ങളിൽ ജോലി സാധ്യതകൾ ഉറപ്പാക്കി ഓൺലൈൻ ഇന്റർവ്യൂ ഓൺലൈൻ പരിശീലനവുമായി Macfast corporaterelation നും ഓൺലൈൻ പ്ലാറ്റ്ഫോമിൽ തിളങ്ങി. Webinar, Seminar, Project work, Yoga എന്നിങ്ങനെ പരീക്ഷകൾ വരെ ഓൺലൈൻ പ്ലാറ്റ്ഫോം മുകളിലേക്ക് മാക്ഫാസ്റ്റ് പറിച്ചുനട്ടു. Covid 19 മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് മാക്ഫാസ്റ്റ് ലെയും പുറത്തുനിന്നുമുള്ള വിദ്യാർഥികൾക്കു വേണ്ടി വിവിധ പരീക്ഷകൾ നടത്തുകയും അവർക്ക്വേണ്ട സുരക്ഷിതമായ അന്തരീക്ഷം ഒരുക്കുകയും ചെയ്തു. എന്നും സാമൂഹിക പ്രതിബദ്ധതയോടെ കൂടി സമൂഹത്തിലേക്ക് ഇറങ്ങി ചെല്ലാനുള്ള മാക്ഫാസ്റ്റ് കോവിഡ് 19ന്റ് വ്യാപനത്തെ തടയുന്നതിനും സമൂഹത്തിന് ഒപ്പം നിന്നു. പത്തനംതിട്ട കോട്ടയം ആലപ്പുഴ ജില്ലകളിലെ വിവിധ ആവശ്യങ്ങൾക്കായുള്ള സർക്കാരിൻറെ കോവിഡ് 19 പ്രതിരോധപ്രവർത്തനങ്ങൾക്ക് ശക്തിപകർന്നു MACFAST ന്റ് 6 ആൻഡ്രോയ്ഡ് ആപ്ലിക്കേഷനുകൾ കേരള സർക്കാരി നും കേരള പോലീസിനും സഹായമായി. PB NOOH IAS, ANJANA IAS, JAIDEV IPS എന്നീ ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് Macfast ഈ ആപ്ലിക്കേഷനുകൾ ഉണ്ടാക്കിയത്. കോവിഡ് 19ന്റ് അതിജീവനത്തി നായി മാക്ഫാസ്റ്റ് പുതിയതായി രൂപം നൽകിയ പദ്ധതിയാണ് **അറിവും അതിജീവനവും.**റേഡിയോ MACFAST FMലൂടെ വിദ്യാർത്ഥികളും അധ്യാപകരും വിവിധതരത്തിലുള്ള കോവിഡ് 19 ബോധവൽക്കരണ പരിപാടികൾക്ക് നേതൃത്വം നൽകിയും നവമാധ്യമങ്ങളിലൂടെ വിവിധതരത്തിലുള്ള ബോധവൽക്കരണ ക്യാമ്പയിനുകൾ നടത്തിയും സമൂഹത്തിന്റെ താഴെക്കിടയിലുള്ള ഉള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നൂറിൽപ്പരം സ്കൂൾ വിദ്യാർത്ഥികൾക്ക് ഇന്റർ

നെറ്റ് സേവനങ്ങൾ എത്തിച്ചു നൽകി. സാനിറ്റൈസർ, മാസ്ക് തുടങ്ങി പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഊർജ്ജം നൽകുന്ന വസ്തുക്കൾ മാക് ഫാസ്റ്റ് നിർമ്മിച്ചു സാധാരണക്കാർക്ക് നൽകിയും കോവിഡ് 19 നെതിരെ ശാരീരികമായ ചെറുത്തുനിൽപ്പിന് ആവശ്യമായ ഔഷധസസ്യങ്ങൾ സാധാരണക്കാരുടെ ഇടയിലേക്ക് എത്തിച്ചുകൊടുത്തും **അറിവും അതിജീവനം** പദ്ധതി നടന്നുകൊണ്ടിരിക്കുന്നു. അങ്ങനെ അതിജീവനത്തിന്റെ പാതയിൽ ശക്തി പകർന്നുകൊണ്ട് മാക്ഫാസ്റ്റ് യാത്രകൾ തുടർന്നുകൊണ്ടേയിരിക്കുന്നു.

## എംസിഎ : ആദ്യപത്തിൽ എട്ടു റാങ്കും മാക്ഫാസ്റ്റിന്

**തിരുവല്ല:** എംജിസർവകലാശാലഎംസിഎ 2017–2019 ലാറ്ററൽ എൻട്രി പരീക്ഷയിൽ റാങ്കുകളുടെ തിളക്കത്തിൽ മാക്ഫാസ്റ്റ്കോളേജ്. ആദ്യരണ്ട് റാങ്കുകൾക്ക്പുറമെ 17 ഡിസ്റ്റിംക്ഷനും 29 ഫസ്റ്റ്ക്ലാസും. വിജയശതമാനം 80. ആൻ ആനി റെജി, കൃപാ തങ്കച്ചൻ എന്നിവർക്കാണ്യഥാക്രമം ഒന്നും രണ്ടും റാങ്കുകൾ ലഭിച്ചു. എം.സി.എ റെഗുലർ 2016 –2019 ബാച്ചിലെ വിദ്യാർത്ഥികൾ ഒന്നാം സെമസ്റ്റർ മുതൽ യഥാക്രമം ആറാം സെമസ്റ്റർ വരെ നൂറുശതമാനം വിജയം കുറിച്ച് മാക്ഫാസ്റ്റിൽ ചരിത്രവിജയം കുറിച്ചിരിക്കുന്നു. കോളേജ് ആരംഭിച്ച 2001 മുതൽ ഇതുവരെ എംബിഎ, എം.സി.എ, എം.എസ്.സി ബയോസയൻസ് വിഭാഗങ്ങളായി 101 റാങ്കുകൾ കരസ്ഥമാക്കി എംജി സർവകലാശാല റാങ്ക് പട്ടികയിൽ മാക്ഫാസ്റ്റ് ഒന്നാം സ്ഥാനത്താണെന്ന് പ്രിൻസിപ്പൽ റവ.ഡോ.ചെറിയാൻ ജെ കോട്ടയിൽ പറഞ്ഞു.

## മാക്ഫാസ്റ്റ് കോളേജിൽ 2020 MCA, MBA, MSc ബാച്ചിലേക്കുള്ള അഡ്മിഷൻ പുരോഗമിക്കുന്നു

2020 ഇൽ എംജി യൂണിവേഴ്സിറ്റി എംസിഎ പരീക്ഷയിൽ ഒന്നും രണ്ടും റാങ്കുകൾക്ക് പുറമെ 4 മുതൽ 9 വരെയുള്ള റാങ്കുകളും മാക് ഫാസ്റ്റിലെ വിദ്യാർത്ഥികൾ കരസ്ഥമാക്കിയത് കോളേജിന് റാങ്കുകളുടെ പൊൻ തിളക്കം സമ്മാനിച്ചതായി പ്രിൻസിപ്പാൾ ഫാ.ഡോ.ചെറിയാൻ. ജെ കോട്ടയിൽ അറിയിച്ചു. 2020–2021 അധ്യയനവർഷത്തെ എംസിഎ(2 വർഷം)കോഴ്സിലേക്കുള്ള അപേക്ഷകൾ www.lbscentre. kerala. gov.in എന്നവെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. കൂടുതൽവിവരങ്ങൾക്ക് ബന്ധപെടുക 9400984222, 9447918374

**Admission opens at Macfast**

**Contact:** MBA - 9400984111, MCA - 9400984222, MSc - 9746935363



ഇടുക്കി രൂപതയുടെ പ്രഥമ ഇടയനായിരുന്ന മാർ മാത്യു ആനികുഴിക്കാട്ടിലിന്റെ ദേഹവിയോഗത്തിൽ, തിരുവല്ല അതിഭദ്രാസനത്തിന്റെ പ്രാർത്ഥനയും അനുശോചനവും വന്ദ്യ മോൺസിഞ്ഞോർ വർഗ്ഗീസ് മരുതൂർ അച്ചൻ അർപ്പിക്കുന്നു.

## ആദരാഞ്ജലികൾ



ദിവംഗതനായ **ആചാര്യ സിൽവസ്റ്റർ കോഴിമണ്ണിലിന്** അതിഭദ്രാസന കുടുംബത്തിന്റെ ആദരാഞ്ജലികൾ

## ആദരാഞ്ജലികൾ



ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയ **ശോശാമ്മ വർഗ്ഗീസ് പള്ളിക്കലിന്** (ബഹു.വർഗ്ഗീസ് പള്ളിക്കലച്ചന്റെ മാതാവ്) അതിഭദ്രാസന കുടുംബത്തിന്റെ ആദരാഞ്ജലികൾ.



തിരുവല്ല അതിഭദ്രാസനത്തിനുവേണ്ടി ശെമ്മാശ്ശപട്ടങ്ങൾ സ്വീകരിച്ച ബഹു. ശെമ്മാശന്മാർ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവിനോടൊപ്പം.



തിരുവല്ല അതിഭദ്രാസനത്തിനുവേണ്ടി വൈദിക വസ്ത്രം സ്വീകരിച്ച ബഹു. ശെമ്മാശന്മാർ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവിനോടൊപ്പം.



യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെയും, ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായുടെയും സംയുക്ത ഓർമ്മപ്പെരുനാളിനോടനുബന്ധിച്ച് അഭി. ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയെക്കുറിച്ച് ഫാ. ഡോ. ഐസക്ക് പറപ്പള്ളിൽ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ച പുസ്തകം കർദ്ദിനാൾ ബസേലിയോസ് ക്ലിമീസ് കാതോലിക്കാ ബാവാ തിരുമേനി അതിഭദ്രാസനാദ്ധ്യക്ഷൻ അഭി.ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായ്ക്ക് നൽകി പ്രകാശനം നിർവ്വഹിക്കുന്നു.





മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പിള്ളത്തൊട്ടിൽ ആയ തിരുവല്ല അതിരൂപതയിലെ തിരുമൂലപുരം സെന്റ്.മേരീസ് ദൈവാലയത്തിന്റെ ഓഡിറ്റോറിയം ഫസ്റ്റ് ലൈൻ കോവിഡ് സെന്ററായി പ്രവർത്തിക്കുന്നു.



ബോധനയുടെ നേതൃത്വത്തിൽ തിരുവനന്തപുരം അഞ്ചുതെങ്ങു നിവാസികളായ മത്സ്യതൊഴിലാളികൾക്കു ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യുന്നു



ബോധനയുടെ നേതൃത്വത്തിൽ പെരിങ്ങര പഞ്ചായത്തിൽ ദുരന്ത ലഘൂകരണ പദ്ധതി ആയ **നവജീവന്റെ** ഭാഗമായി ജാഗ്രത മുന്നറിയിപ്പ് ഡയറക്ടർ ബഹു. സാമുവൽ വിളയിൽ അച്ചൻ ഉദ്ഘാടനം ചെയ്തു നിർവ്വഹിക്കുന്നു.

## പ്രളയതീരത്തു സഹായഹസ്തവുമായി തിരുവല്ല അതിരൂപതയുടെ സാമൂഹ്യക്ഷേമ വിഭാഗമായ ബോധന











**വന്ദ്യ എബ്രഹാം**
**കരിമ്പനാമണ്ണിൽ**
**റമ്പാച്ചന്**
അതിഭദ്രാസന
കുടുംബത്തിന്റെ
**പ്രാർത്ഥനാശംസകൾ**



കഴിഞ്ഞ രണ്ടു
വർഷക്കാലം
ഗിരിനാദത്തിന്റെ
എഡിറ്ററായി
സ്തുത്യർഹമായ
ശുശ്രൂഷ ചെയ്ത
**ബഹു. മാത്യു ഈട്ടിക്കൽ**
**അച്ചന്** ഹൃദ്യമായ നന്ദി



ഫാ.മാത്യു ചിറയിൽ രചിച്ച **'യേശു സൗഖ്യദായകൻ'** എന്ന ഗ്രന്ഥത്തിന്റെ പ്രകാശനകർമ്മം 2020 ആഗസ്റ്റ് 4-ാം തീയതി തിരുവല്ല അതിരൂപത ആർച്ച് ബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത പുഷ്പഗിരി മെഡിക്കൽ കോളേജ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ.ജോസ് കല്ലുമാലിക്കലിന് നൽകി നിർവ്വഹിക്കുന്നു.



തിരുവല്ല അതിഭദ്രാസനത്തിലെ അജപാലന ചരിത്രത്തിൽ ധ്രുവതാരകം കണക്ക് ജ്വലിച്ചിരുന്ന 23 വൈദികരുടെ ജീവചരിത്രം ഉൾക്കൊള്ളിച്ചുകൊണ്ട് മോൺ. ചെറിയാൻ താഴമൺ അച്ചൻ പ്രസിദ്ധീകരിച്ച '**അറിയാൻ, ആദരിക്കാൻ,അനുകരിക്കാൻ**' എന്ന പുസ്തകത്തിന്റെ പ്രകാശനം ജൂലൈ 15-ാം തീയതി പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ നടന്ന ചടങ്ങിൽ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ തിരുമേനി വന്ദ്യ കരിമ്പനാമണ്ണിൽ ഏബ്രഹാം റമ്പാന് നൽകി നിർവ്വഹിക്കുന്നു.

മോറാൻ മോർ കർദ്ദിനാൾ ബസേലിയോസ് ക്ലിമീസ് കാതോലിക്കാ ബാവയുടെ അനുഗ്രഹാശംസ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ അവതരണ സന്ദേശം. 296 പേജുകൾ, വില 250/- രൂപ. മേരിഗിരിയിലും ശാന്തിനിലയത്തിലും ഗ്രന്ഥം ലഭ്യമാണ്. ഗ്രന്ഥകർത്താവ് ഫാ.ചെറിയാൻ താഴമൺ. വാങ്ങി വായിക്കാനും സുഹൃത്തുക്കൾക്ക് നല്കാനും വരും തലമുറക്കായി ഗ്രന്ഥശേഖരത്തിൽ സൂക്ഷിക്കാനും ഒരു ഉത്തമ ഗ്രന്ഥം.

# ഓർമ്മപ്പെരുന്നാൾ

**ജൂലൈ 15**




ദൈവദാസൻ ആർച്ച് ബിഷപ്പ്
മാർ ഈവാനിയോസ് വലിയ മെത്രാപ്പോലീത്ത

**ജൂൺ 27**



അഭി. യാക്കോബ് മാർ തെയോഫിലോസ്
മെത്രാപ്പോലീത്ത

**ജൂൺ 4**



അഭി. ഗീവർഗീസ് മാർ തിമോത്തിയോസ്
മെത്രാപ്പോലീത്ത

**സെപ്റ്റംബർ 28**



അഭി. സഖറിയാസ് മാർ അത്തനാസിയോസ്
മെത്രാപ്പോലീത്ത

St.Joseph's Offset Printing Press Tvla # 0469 2602936